വൈകല്യത്തിങ്കലും അവശിഷ്ടാക്ഷരശക്തിയുടെ വിദ്യാസമ്പാ
ദനപര്യവസാനം സാധകപ്രതിപത്തിക്ക അധീനമാകുന്നുഎ
ന്ന ചെമരഞ്ചംകൊണ്ട കാണിക്കപ്പെട്ടിരിക്കുന്നു. ഉൽകൃഷ്ടഫല
ത്തെദാനംചെയ്യുന്നവസ്തുവിന്ന അപകൃഷ്ടഫലപ്രദത്വമാത്രം ക
ല്പിക്കപ്പെടുവാൻമതിയായ ബോധശൂന്യത്വത്തെ വിരളപദം
കൊണ്ട പറഞ്ഞിരിക്കുന്നു— അതഹേതുവായിട്ട സാരസ്വതം
ധൂതി എന്നതിന്ന സാരസ്വതം എന്നതന്നെ എന്ന അവധാര
ണശിരസ്കതാസിദ്ധിയുമുണ്ട— സത്യതപസ്സാകുന്ന ഋഷിയുടെ
ചരിത്രത്തെ പറയുന്ന ആഖ്യാനത്തിന്റെ അദ്ധ്യയനം കരുത്ത
നാവശിവസമാകയാൽ പദ്യപദം ഉഭയസാധാരണമാകുന്നുഎ
ങ്കിലും അമാവാസീവാചകമാകുന്നു എന്ന ഔചിത്യാനുരോധേന
ഗ്രഹിക്കപ്പെടുകയുംവേണം. ഈം എന്നുള്ളപദത്തിന്ന വ്യുൽപ
ത്തിപക്ഷത്തിങ്കൽ മകാരാന്തമായിരിക്കുന്ന ഒരു കൃൽപ്രത്യയ

ത്തെ കല്പിക്കപ്പെടുകയെന്നതാകുന്നു. അപ്രകാരമായാൽ അവ്യ
യത്വമുണ്ട. അവ്യുൽപത്തിപക്ഷത്തിങ്കൽ മകാരാന്തം നപുംസ
കം ദ്വിതീയൈകവചനം എന്നാണ പറകപ്പെടെണ്ടത. നപും
സകത്വം ലൊകാൽ എന്നും പറകപ്പെടെണ്ടിവരും. ആകൃതിഗണ
ത്വെന സ്വരാദിത്വത്തെ സ്വീകരിച്ചിട്ട അവ്യയത്വം സാധ്യമാ
കുന്നു എന്ന സിദ്ധമാകുന്നു.

ശ്ലൊകാൎത്ഥസംക്ഷെപം— അല്പയൊന്നിത്യയായുള്ളൊരു ദെവി
നിന്തിരുവടിയുടെ മന്ത്രത്തിങ്കൽ കാമരാജമെന്നപെരൊടുകൂടിയര
ണ്ടാമത്തെ ബീജത്തെ കകാരലകാരങ്ങളൊടുകൂടാതെ അവശിഷ്ട
മായിരിക്കും സ്വരൂപത്തൊടു കൂടിയതാക്കി അതിനെബൊധശൂ
ന്യനായിരിക്കുന്ന ഒരുത്തൻ സരസ്വതീപ്രസാദത്തെ ഇത ഉ
ണ്ടാക്കുമെന്ന തന്നെ വിചാരിക്കുന്നു എങ്കിൽ അവൻ വി
ദ്വാനായി ഭവിക്കുന്നു. ആയതിന്ന പ്രണവതുല്യമായിരിക്കു
ന്ന മാഹാത്മ്യമുണ്ടെന്ന അറിയുന്നവൻ മൊക്ഷത്തെ പ്രാപി
ക്കുന്നു. എന്തഹെതുവായിട്ട ഒരു നിശ്ചയമെന്നാൽ കരുതവാ
വിന്നാറാം സത്യതപസ്സ് എന്ന മഹൎഷിയുടെ ആഖ്യാനത്തെ അ
ദ്ധ്യയനം ചെയ്യുന്ന ബ്രാഹ്മണർ അദ്ധ്യയനാരംഭത്തിങ്കൽ പ്രണ
വത്തിന്നപകരം യാതൊരു കാമരാജബീജത്തെ കകാരലകാരങ്ങ
ളെതള്ളിവെച്ച ഉച്ചൈസ്സാകുംവണ്ണം ഉച്ചരിച്ച മെൽപറഞ്ഞ ആ
ഖ്യാനത്തെ അദ്ധ്യയനം ചെയ്യുന്നു അതഹെതുവായിട്ട കകാര
ലകാരങ്ങളെ ഉപെക്ഷിച്ചാൽ ആയത പ്രണവതുല്യമാകുന്നു
എന്നസിദ്ധമായിരിക്കയാൽ അതിന മൊക്ഷപ്രദത്വമുണ്ടഎ
ന്നുള്ളത യുക്തമാകുന്നു. യസ്സ്മിത്യാദിശബ്ദത്തെ പ്രമാണമാക്കി
ഹൃദയത്തിങ്കൽ ഒരു കവി നിക്ഷെപിച്ചിരിക്കുന്നു എന്നുള്ളവാ
ക്യം. അതിന്റെ അഭിപ്രായം മഹത്തുകളാൽ ഗ്രാഹ്യമാകുന്നു—

൩. യത്സദ്യൊവചസാം പ്രവൃത്തികരണെ ദൃഷ്ടപ്രഭാവം ബു
ധൈസ്താൎത്തീയന്തദഹം നമാമി മനസാ ത്വൽബീജമിന്ദുപ്രഭം। അ
സ്ത്വൌൎവ്വോപി സരസ്വതീ മനുഗതൊ ജാഡ്യാംബുവിഛിത്തയെ
ഗൌശ്ശബ്ദൊ ഗിരിവൎത്തതെ സ നിയതം യൊഗം വിനാ സിദ്ധി
ദഃ॥

ത്രുപം—— യൽ (യച്ഛ—ന—പ്ര—എ) സദ്യഃ (അ) വചാ
സാം (സ—ന—ഷ—ബ) പ്രവൃത്തികരണെ (അ—ന—സ—എ) ദൃ
ഷ്ടപ്രഭാവം (അ—ന—പ്ര—എ) ബുധൈഃ (അ—പു—തൃ—ബ) താ
ൎത്തീയം (അ—ന—ദ്വി—എ) തൽ (തച്ഛ—ന—ദ്വി—എ) അഹം (അ
സ്മ—പ്ര—എ) നമാമി (ലട്ട—പ—ഉ—പു—എ) മനസാ (സ—ന—തൃ—

ഏ) ത്വൽബീജം—ഇന്ദുപ്രഭം (അ—ന—ദ്വി—ഏ) അസ്തു (ലൊ ട്ട-പ—പ്ര—പു—ഏ) ഔഃ (സ—പു—പ്ര—ഏ) വഃ (യുഷ്മ-ഷ-ഏ) അപി (അ) സരസ്വതീം (ഈ—സ്ത്രീ—ദ്വി—ഏ) അനുഗതഃ (അ—പു—പ്ര—ഏ) ജാഡ്യാംബുവിച്ഛിത്തയെ (ഇ—സ്ത്രീ—ച—ഏ) ഗൌഃ (സ—പു-പ്ര—ഏ) ശബ്ദഃ (അ—പു-പ്ര—ഏ) ഗിരി (ഇ-സ്ത്രീ-സ-ഏ) വൎത്തതെ (ലട്ട—ആ-പ്ര—പു—ഏ) സഃ (തച്ഛ-പു-പ്ര-ഏ) നിയതം (ക്രി—വി) യഃ (യച്ഛ—പു-പ്ര—ഏ) ഗം (അ-പു-ദ്വി-ഏ) വിനാ (അ) സിദ്ധിദഃ (അ—പു—പ്ര—ഏ)

അ——ഘെ—നിത്യ-യൽ-സദ്യഃ—വചസാം—പ്രവൃത്തികരണെ—ബുധൈഃ—ദൃഷ്ടപ്രഭാവം—താൎത്തീയം—ഇന്ദുപ്രഭം—തൽ—ത്വൽബീജം-അഹം—മനസാ-നമാമി—യഃ—ഗൌഃ—ശബ്ദഃ-ഗിരിവൎത്തതെ—യ—ഗം—വിനാ—സിദ്ധിദഃ—ഭവതി—വഃ—സരസ്വതീം—അനുഗതഃ—സഃ—ഔഃ—അപി-ജാഡ്യാംബുവിച്ഛിത്തയെ-നിയതം—അസ്തു—

അന്വ——അല്പയൊ നിത്യയായുമുള്ളൊവെ യാതൊന്ന താമസംകൂടാതെ വചസ്സുകളുടെ പ്രവൃത്തികരണത്തിങ്കൽ ബുധന്മാരാൽ ദൃഷ്ടപ്രഭാവമായി ഭവിക്കുന്നുവൊ താൎത്തീയമായി ഇന്ദുപ്രഭമായിരിക്കുന്ന ആ ത്വൽബീജത്തെ ഞാൻ മനസ്സുകൊണ്ട നമിക്കുന്നു. യാതൊന്ന ഗൌഃ എന്നുള്ള ശബ്ദമായിട്ട ഗിരിങ്കൽവൎത്തിക്കുന്നുവൊ യാതൊന്ന ഗത്തൊട കൂടാതെ സിദ്ധിദമായി ഭവിക്കുന്നുവൊ നിങ്ങളുടെ സരസ്വതിയെ അനുഗതമായിരിക്കുന്ന ആ ഔഃ എന്നതും ജാഡ്യാംബുവിച്ഛിത്തിക്കായിക്കൊണ്ട നിയമെന ഭവിക്കും.

പരി-നിത്യാ=നാശത്തൊടുകൂടാത്തവൾ-യാതൊന്ന=യാതൊരു തൃതീയബീജം-വചസ്സുകൾ=വാക്കുകൾ-പ്രവൃത്തികരണം=പ്രവൎത്തനം— ബുധന്മാർ=അറിവുള്ളവർ—ദൃഷ്ടപ്രഭാവം=ദൃഷ്ടമായിരിക്കുന്നപ്രഭാവത്തൊടുകൂടിയത—ദൃഷ്ടം=ദൎശിക്കപ്പെട്ടത-ദൎശിക്ക=കാണ്ക—പ്രഭാവം=സാമൎത്ഥ്യം—താൎത്തീയം=തൃതീയം—(അൺപ്രത്യയംസ്വാൎത്ഥികമാകുന്നു—മൂന്നാമത്തത എന്നൎത്ഥം) ഇന്ദുപ്രഭം-ഇന്ദുവിന്റെപ്രഭപൊലെയിരിക്കുന്നപ്രഭയൊടുകൂടിയത—ഇന്ദു=ചന്ദ്രൻ—പ്രഭാ=കാന്തി—(ചന്ദ്രപ്രഭാധവളയായിരിക്കുന്ന ദെവതയെപറയുന്നത എന്നതാൽപൎയ്യം—)ത്വൽബീജം=നിന്തിരുവടിയുടെ ബീജം— നമിക്ക=നമസ്കരിക്ക. യാതൊന്ന=യാതൊരുതൃതീയബീജത്തിങ്കലെ ഔകാരം—ഗീര=സരസ്വതീ— വൎത്തിക്ക=സ്ഥിതിചെയ്ക— ഗം=ഗകാരം— സിദ്ധിദം=സിദ്ധിയെദാനംചെയ്യുന്നത—

സിദ്ധി=വിദ്യ മുതലായഫലം—സരസ്വതീ=മന്ത്രാത്മകഭാരതീ-അനുഗതം=അനുഗമിച്ചത— അനുഗമിക്ക=അനുസരിക്ക— (തൃതീയബീജത്തൊടുചെന്നിരിക്കുന്നത എന്ന താല്പൎയ്യം.) ജാഡ്യാംബുവിപത്തി=ജാഡ്യാംബുവിന്റെവിപത്തി— ജാഡ്യാംബു=ജാഡ്യമാകുന്നഅംബു. ജാഡ്യം=അജ്ഞാനം—അംബു=ജലം—വിപത്തി=വിനാശം—

സാ——നിത്യെ എന്നപദത്തെ പൂൎവ്വശ്ലോകത്തിങ്കൽനിന്ന എടുത്തശെഷത്തിന്റെഫലം മുൻപറകപ്പെട്ടതിനെ അനുസരിച്ചഅറികപ്പെടുകയുംവെണം. വചസാംഎന്നുള്ള പദത്തിന്നഗുണസംപന്നകളായിരിക്കുന്ന വാക്കുകളുടെഎന്നവിശിഷ്ടാൎത്ഥമാകുന്നു. പ്രവൃത്തികരണെ എന്നുള്ളപദത്തിങ്കലെ വൃത്തിപദംനിഷ്പത്തിയെ പറയുന്നതാകുന്നു. പ്ര എന്നുള്ള ഉപസൎഗ്ഗം നിഷ്പത്തിയുടെ പ്രകൎഷത്തെ പറയുന്നതാകുന്നു. ആയതുകൊണ്ട ഗുണസംപന്നകളായിരിക്കുന്ന വാക്കുകളുടെ നിഷ്പത്തിക്ക വെണ്ടുന്ന കാലദെശാദ്യനരൊധിത്വം വിവക്ഷിക്കപ്പെട്ടിരിക്കുന്നു. ബുധൈഃ ദൃഷ്ടപ്രഭാവം എന്നതുകൊണ്ട തൃതീയബീജത്തെ ഗ്രഹിക്കാത്തവരല്ലാതെ വെറെ ഒരുത്തരും ഇതിങ്കൽ വിപ്രതിപത്തിയെ പ്രാപിക്കയില്ലഎന്ന ധ്വനിപ്പിക്കപ്പെട്ടിരിക്കുന്നു. അത്രയുമല്ല അറിയാത്തവൎക്ക അന്യഥാപ്രതിപത്തി ഉണ്ടായാലും ഉലൂകാദൎശനം സൂൎയ്യമണ്ഡലത്തിന്റെ സ്വയംപ്രകാശതാനുഭവത്തിന്ന എന്നപൊലെ ആയത അറിവുള്ളവരുടെ അനുഭവത്തിന്ന വിരൊധി അല്ലായ്കയാൽ അതിനെകുറിച്ച തന്റെ ഉദാസീനതയെയും കാണിച്ചിരിക്കുന്നു. മെൽപറകപ്പെട്ട പ്രകാരമിരിക്കുന്ന ബീജത്തെ മനസ്സുകൊണ്ട നമസ്കരിക്കുന്നു എന്ന പറകപ്പെട്ടതുകൊണ്ട കദാചിൽഫലദൎശനാഭാവം ചിലൎക്ക കാണപ്പെടുന്നു എങ്കിൽ ആയത മനൊവിക്ഷെപം ഹെതുവായിട്ടാകുന്നു എന്ന നമസ്കാരത്തിങ്കൽ മനസ്സിനെ സ്വാതന്ത്ര്യെണ കാരണമാക്കിയത ഹെതുവായിട്ട വ്യക്തമാക്കിചെകപ്പെട്ടിരിക്കുന്നു. സകലകൎമ്മങ്ങളുംമനസ്സുകൊണ്ട കൃതങ്ങളായാൽ അതുകൾ കൃതങ്ങൾ തന്നെഎന്ന ശാസ്ത്രസമ്മതി ഉണ്ട. (ശ്ലൊ) മനഃകൃതംകൃതംരാമനശരീരകൃതംകൃതം യെനൈവാലിംഗ്യതെകാന്താ തെനൈവാലിംഗ്യതെസുതാ॥ എന്ന ജ്ഞാനവാസിഷ്ഠത്തിൽ കാണപ്പെടുന്നു. ഉത്തരാൎദ്ധം തൃതീയബീജൈകദെശമായ ഔഃ എന്നതിന്ന തന്നെ അജ്ഞാന സമുദ്രശൊഷണ സാമൎത്ഥ്യത്തെ കാണിച്ച തദെകദെശിയായ തൃതീയബീജത്തിന്ന അപ്രകാര

ശിതികണ്ഠനേത്രത്തിന്റെ ഉൽപാദനത്തെ കുറിച്ചുള്ള കാരണത്ത്വകഥനം വൈചിത്ര്യസംപാദനത്തിന്നായികൊണ്ടാകുന്നു. അതിനാൽ വാച്യമായ അൎത്ഥത്തിന്ന ബഹുസിദ്ധാന്താനുകൂലത ഉണ്ടാക്കിയിരിക്കുന്നതിനാൽ ജനിതത്തമായിട്ടുള്ള ബഹുമാനാതിശയത്തെ നമാമി എന്ന പദത്താൽ പറകപ്പെട്ട അൎത്ഥംകൊണ്ട ധ്വനിപ്പിച്ചിരിക്കുന്നു. ഇത അവസാനത്തിങ്കൽ ചെയ്കപ്പെട്ടിരുന്നാലും സാൎവ്വത്രികസംബന്ധവശപ്പെടുക യൊഗ്യമാകുന്നു. സന്ധ്യക്ഷരാന്താശ്ചത്വാരൊമന്ത്രാഃ സൎവ്വാൎത്ഥസാധകാഃ എന്നുള്ള ആഗമവാക്യത്താൽ പ്രഥമബീജൈകദെശമായിരിക്കുന്ന ഐകാരത്തിന്നും സംയൊഗെചവിയൊഗെചമൂല്യാവിന്ദുവിസൎഗ്ഗയൊഃ എന്നുള്ള ആഗമവാക്യത്താൽ തൃതീയ ബീജൈകദെശമായ ഔഃ എന്നതിന്നും സാരസ്വതവൎഗ്ഗാന്തൎഗ്ഗതമായ യസ്മിന്നിത്യാദിവാക്യത്താൽ കകാരഖകാരരഹിതമായിരിക്കുന്ന ദ്വിതീയ ബീജത്തിന്നും ൟ ഗ്രന്ഥകൎത്താവിനാൽ പറകപ്പെട്ട മാഹാത്മ്യം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. അതഹെതുവായിട്ട തൃതീയബീജനമസ്കാരം അന്യബീജ നമസ്കാരത്തെ കാരണാവശ്യംഭാവംഹെതുവായിട്ട ആക്ഷെപിക്കുന്നു എന്ന ഭഗവല്ഗൊഗാനന്ദമതമാകുന്നു. ഔഃ എന്നതിന്ന ശൌൎശ്ശാബ്ദാഭെദംപറകപ്പെട്ടത സ്വരങ്ങൾക്ക കാരണത്വവുംവ്യഞ്ജനങ്ങൾക്ക കാൎയ്യത്വവും ഉണ്ടഎന്നുള്ള സിദ്ധാന്തത്തെ അനുസരിച്ചിട്ടാകുന്നു. താൻസ്വരാൻപ്രകൃതീൎവ്വിദ്ധിവ്യഞ്ജനാനാംസ്വരാനനെിചത്വാര ആദ്യാവാദ നാംചതുൎണ്ണാം പ്രഭവാഇഹ ... ലയൊൎണ്ണ ഇത്യൈതൌഹയൊരാതിതൃതീയകൌ ഐകാരാദ്യാസ്ത്രയസ്സൂക്ഷ്മവൎഗ്ഗേഷ്വാദ്യംപ്രതിത്രികം॥ ഇത്യാദി ശൈവാഗമരഹസ്യം മെൽപറകപ്പെട്ട അഭിപ്രായത്തിന്ന ആസ്പദമാകുന്നു. ഔഃ എന്നതിന്ന ബന്ധവാമൃതബീജത്വവും ഔകാരൊബീജതാംധത്തെ ബാഢവസ്യവിസൎഗ്ഗവാൻ എന്നുള്ള ശൈവാഗമരഹസ്യവാക്യത്താൽ വിധിക്കപ്പെട്ടിരിക്ക നിമിത്തമായിട്ട അതിനെഎല്ലുടെ മനസ്സിൽ വെച്ചിട്ട ഝാഡ്യത്തിങ്കൽ സാരണ്യത്വം ആരൊപിക്കപ്പെട്ടിരിക്കുന്നു എന്ന ഗ്രഹിച്ചു കൊള്ളുകയുംവെണം

ശ്ലോകാൎത്ഥസംക്ഷെപം — അല്ലയൊ നിത്യയായുള്ളൊവെ യാതൊരുത്ത താമസംകൂടാതെ മാധുൎയ്യാദി സൎവ്വഗുണയുക്തകളായിരിക്കുന്ന വാക്കുകളുടെ ദെശകാലാദ്യുചിതമായ പുറപ്പാടിന്റെ ഉൽപാദനത്തിങ്കൽ ആ ബീജത്തെ ഗുരുമുഖത്തിങ്കൽ നിന്ന അറിഞ്ഞവരാൽ അനുഭവിക്കപ്പെട്ട സാമൎത്ഥ്യത്തൊടു കൂടിയതാ

കുന്നു. ചന്ദ്രപ്രഭാ ധവളയായിരിക്കുന്ന ദേവതയോടു കൂടിയതായി നിന്തിരുവടിയുടെ മന്ത്രബീജങ്ങളിൽവെച്ചു മൂന്നാമത്തായിരിക്കുന്ന് ആ ബീജത്തെ ഞാൻ മനസ്സുകൊണ്ടു നമസ്കരിക്കുന്നു. യാതൊരു ഔഃ എന്നശബ്ദം ഔഃ എന്നുള്ള ശബ്ദമായിട്ടു സരസ്വതിയെ പറയുന്നു. ഗദ്ധാരത്തൊടുകൂടാതെ സിദ്ധിയെ ദാനംചെയ്യുന്നതുമാകുന്നു. നിന്തിരുവടിയുടെ മന്ത്രത്തിന്റെ മൂന്നാമത്തെ ബീജത്തിങ്കലെ ആ ഔഃ എന്നുള്ളശബ്ദവും അജ്ഞാനതിമിരത്തെ ശോഷിപ്പിക്കുന്നതാകുന്നു.

൧൩. ഏകൈകംതവദേവിബീജമനഘംസവ്യഞ്ജനാവ്യഞ്ജനം കൂടസ്ഥംയദിവാപൃഥക്ക്രമഗതംയദ്വാസ്ഥിതംവ്യുൽക്രമാൽ। യംയംകാമമപേക്ഷ്യയേനവിധിനാ കേനാപി വാ ചിന്തിതം ജപ്തംവാസഫലീകരോതിതരസാതംതംസമസ്തംനൃണാം॥

ഏകൈകം (ദ്വി-ന-പ്ര-ഏ) തവ (യുഷ്മ-ഷ-ഏ) ദേവി (ഊര-സ്ത്രീ-സം-പ്ര-ഏ) ബീജം-അനഘം-സവ്യഞ്ജനാവ്യഞ്ജനം-കൂടസ്ഥം (അ-ന-പ്ര-ഏ) യദിവാ-പൃഥക്(അ) ക്രമഗതം (അ-ന-പ്ര-ഏ) യദ്വാ (അ) സ്ഥിതം (അ-ന-പ്ര-ഏ) വ്യുൽക്രമാൽ (അ പു-പ-ഏ) യം-യം(യച്ഛ-പു-ദ്വി-ഏ) കാമം(ദ്വ-പു-ദ്വി-ഏ) അപേക്ഷ്യ (ല്യ-അ) യേന(യച്ഛ-പു-തൃ-ഏ) വിധിനാ (ഇ-പു-തൃ-ഏ) കേന (കിം-പു-തൃ-ഏ) അപി-വാ (അ) ചിന്തിതം-ജപ്തം (അ-ന-പ്ര-ഏ) വാ (അ) സഫലീകരോതി (ലട്ട-പ-പ്ര-പു-ഏ) തരസാ(അ) തം-തം (തച്ഛ-പു-ദ്വി-ഏ) സമസ്തം (അ-പു-ദ്വി-ഏ) നൃണാം (ഋ-പു-ഷ-ബ)

അ-ഹേദേവി-തവ-അനഘം-ബീജം-ഏകൈകം-സവ്യഞ്ജനാവ്യഞ്ജനം-കൂടസ്ഥം-പൃഥക്-ക്രമഗതം-യദിവാ-യദ്വാ-വ്യുൽക്രമാൽ-സ്ഥിതം-യം-യം-കാമം-അപേക്ഷ്യ-യേന-കേന-അപി-വിധിനാ-ചിന്തിതം-വാ-ജപ്തം-വാ-നൃണാം-തം-തം-സമസ്തം-തരസാ-സഫലീകരോതി.

അന്വ-അല്ലയോ ദേവി നിന്തിരുവടിയുടെ അനഘമായിരിക്കുന്ന ബീജം ഏകൈകമായിട്ടോ സവ്യഞ്ജനാവ്യഞ്ജനമായിട്ടോ കൂടസ്ഥമായിട്ടോ പൃഥക്കായിട്ടോ ക്രമഗതമായിട്ടോ വ്യുൽക്രമത്തെ ആശ്രയിച്ചു സ്ഥിതമായിട്ടോ യാതൊരു യാതൊരു കാമത്തെ അപേക്ഷിച്ചിട്ടു വല്ലൊരു വിധിയൊടുകൂടെ ചിന്തിതമായിട്ടോ ജപ്തമായിട്ടോ ഭവിക്കുന്നു. നരന്മാരുടെ ആ ആ കാമത്തെ സമസ്തമാക്കി ഉടനെ സഫലീകരിക്കുന്നു

൧൭. അനഘം=ശുദ്ധം-ഏകൈകം=ഒരൊന്ന സവ്യഞ്ജ
നാവ്യഞ്ജനം= സവ്യഞ്ജനമായും അവ്യഞ്ജനമായും ഇരിക്കുന്ന
ത-സവ്യഞ്ജനം=വ്യഞ്ജനത്തൊടുകൂടിയത വ്യഞ്ജനം=ഫലാക്ഷ
രം-അവ്യഞ്ജനം=വ്യഞ്ജനത്തൊടുകൂടാത്തത-കൂടസ്ഥം=കൂടങ്ങളി
ൽ സ്ഥിതിചെയ്യുന്നത-കൂടങ്ങൾ=ഫലക്ഷരവിശെഷങ്ങൾ-(ശ്ലൊ)
അനുഗന്തയൊഫലഃകൂടാ സൈയ്യുക്താസ്തുനിജാസ്മൃതാ ഉച്യന്തെ
കൂടാശ്ചാഗമരഹസ്യത്താൽ മന്ത്രബീജങ്ങളൊട പിന്നെവന്നു
ചെരുന്ന ഫലക്ഷരങ്ങൾക്കും സംയുക്തങ്ങളായി മന്ത്രബീജങ്ങ
ളിൽ കെൾക്കപ്പെടുന്ന ഫലക്ഷരങ്ങൾക്ക പിന്നെ വന്നു
ചെരുന്ന ഫലക്ഷരങ്ങളുടെ യൊഗത്തിങ്കലും കൂടമെന്ന പെർ
വിധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ വന്നചെരുന്ന ഫലക്ഷരങ്ങ
ളെ കൂടപദംകൊണ്ട വിവക്ഷിച്ചിരിക്കുന്നു വ്യുൽക്രമം=വെറെവെ
റെയുള്ളിരിക്കുന്നത-ക്രമഗതം=ക്രമത്തെപ്രാപിച്ചത-വ്യുൽക്രമം=ക്ര
മവൈപരീത്യം-സ്ഥിതം=സ്ഥിതിചെയ്തത-കാമം=അഭിലാഷം-
സമാപാക്ഷിക്ക=ആശ്രയിക്ക-വിധി=വിധാനം-ചിന്തിതം=ചി
ന്തിക്കപ്പെട്ടത ചിന്തിക്ക=ധ്യാനിക്ക. ജപ്യം=ജപിക്കപ്പെട്ടത-നര
ന്മാർ=മനുഷ്യർ- ആശ=അഭിലാഷം- സമസ്തം=സകലം-സഫ
ലീകരിക്ക=സഫലമാക്കുക-സഫലം=ഫലത്തൊടുകൂടെ വർത്തി
ക്കുന്നത.

സാ-ആദ്യശ്ലൊകംകൊണ്ട സാകല്യൊപാസനയുടെ മുഖ്യ
ഫലത്തെ വ്യക്തമാക്കിയതിന്റെശെഷം പ്രത്യെകഫലത്തെ
കാണിച്ചതുകൊണ്ടുതന്നെ മുക്കെത്തും സംഗ്രഹിക്കപ്പെട്ട അൎത്ഥ
ത്തെ ഒരു ശ്ലൊകംകൊണ്ട വിശദമാക്കി ചെയ്തിരിക്കുന്നു. ഒരു
ശ്ലൊകത്തിൽ അനഘമെന്ന പദംകൊണ്ട അവിശെഷെണ ജ്ഞാ
നമെന്നുള്ളപദംകൊണ്ട അറിയിക്കപ്പെട്ട അധികാരത്തിന്റെ
ഉപപാദകമായ ലക്ഷ്മത്തെ കാണിച്ചിരിക്കുന്നു. ഇവിടെ ഏകൈ
കമെന്ന പദത്തിന്ന സമസ്തമായിട്ടോ ഒരൊന്നായിട്ടോ എ
ന്നനിഷ്കൎഷമാകുന്നു. സവ്യഞ്ജനാവ്യഞ്ജനമെന്ന പദത്തിങ്ക
ലെ അവ്യഞ്ജനമെന്നുള്ള അവാന്തര പദത്തിന്ന വ്യുൽപത്തിക്കൊണ്ട
ഒരൊന്നുംഒരൊന്നിലൊ രണ്ടിലൊ ഫലമ്ലൊടുകൂടാത്തത
എന്നും അൎത്ഥത്തെ വിവക്ഷിച്ചിരിക്കുന്നു. കൂടസ്ഥമെന്നപദം
ഒന്നാമത്തെആദ്യശ്ലൊകത്തിന്റെമന്ത്രപരമായ അൎത്ഥത്തിന്റെ വ്യാ
ഖ്യാനത്തിൽ ഫസ്ഥിതാ എന്നപദംകൊണ്ടുപറയപ്പെട്ട ഫകാര
ത്തിന്റെയൊഗത്തെ ഉപായമായിട്ടും സഫസാ എന്നപദംകൊണ്ട പറയപ്പെട്ട
ഹകാരസകാരങ്ങളുടെയൊഗം ഉപായമായിട്ടും സമാസസ്ഥിതാ

എന്ന പദംകൊണ്ട തച്ഛേഷമായി പറയപ്പെട്ട രേഫ യോഗം ഹേതുവായിട്ടും ക്ലീം അനന്താതീ എന്നതുകൊണ്ട പറയപ്പെട്ടക ക്കാരലകാരയോഗംഹേതുവായിട്ടുംഅനുഷ്ണഗോഃ ശിരസിഇത്യാദി പദംകൊണ്ട പറയപ്പെട്ട ഡകാരയോഗം ഹേതുവായിട്ടുംസിദ്ധങ്ങളായ വിശേഷങ്ങൾ വിവക്ഷിക്കപ്പെട്ടിരിക്കുന്നു. പൃഥക് എന്നപദംകൊണ്ട കൂടസ്ഥങ്ങളാകിലുംഅതുകളുടെപൃഥക്ഭാവത്തെ കൂടെ അനുവദിച്ചിരിക്കുന്നു പൃഥക്ഭാവമില്ലാതെ ജപിക്കുന്ന പക്ഷത്തിങ്കൽ ക്രമവും വ്യുൽക്രമവും ഗ്രാഹ്യമാകുന്നു എന്ന ക്രമശതം യഥാവ്യുൽക്രമാൽസ്ഥിതമെന്ന പദങ്ങളെക്കൊണ്ട വിവക്ഷിക്കപ്പെട്ടിരിക്കുന്നു. ഇത കൂടസ്ഥതയില്ലാത്തെടത്തും സാധാരണമാകുന്നു. ഇനി ഇതിന്ന താഴെ ബീജപ്രസ്താരങ്ങളെ കാണിക്കുന്നു. സമസ്തബീജം (ഐം ക്ലീം സൌഃ) (൧) വ്യസ്തബീജം (ഐം) (ക്ലീം) (സൌഃ) (൨) അവ്യഞ്ജനം (ഐ ഈം ഔ) (൧) അവ്യഞ്ജനപക്ഷത്തിങ്കൽവ്യസ്തം- (ഐ) (ഈം) (ഔ) (൨) ചിലെടത്ത അവ്യഞ്ജനങ്ങളായതുകൾ (ഐ ക്ലീം സൌഃ) (ഐം ഈം സൌഃ) (ഐം ക്ലീം ഔ) (ഐ ഈം സൌഃ) (ഐം ഈം ഔ) (ഐ ക്ലീം ഔ) (൩) കൂടസ്ഥബീജം- ഹകാരയോഗത്തിങ്കൽ (ഹൈം ഹ ക്ലീം ഹ് സൌഃ) (൧) വ്യസ്തം (ഹൈം) (ഹ് ക്ലീം) (ഹ് സൌഃ) (൨) അവ്യഞ്ജനങ്ങൾക്ക കൂടസ്ഥതസംഭവിക്കയില്ല ചിലെടത്ത അവ്യഞ്ജനങ്ങളായതുകൾ (ഐ ഹ ക്ലീം ഹ് സൌഃ) (ഹൈം ഈം ഹ് സൌഃ) (ഹൈം ഹ് ക്ലീം ഔ) (ഐ ഈം ഹ് സൌഃ) (ഹൈം ഈം ഹ് സൌഃ) (ഐ ഹ് ക്ലീം ഔ) (൩) ഇതുകൾക്ക ഹകാരസകാരയോഗത്തിങ്കൽ (ഹ് സ് ഐം ഹ് സ് ക്ലീം ഹ് സ് സൌഃ) (൧) ഹ് സ് ഐം) (ഹ് സ് ക്ലീം) (ഹ് സ് സൌഃ) (ഐ ഹ് സ് ക്ലീം ഹ് സ് സൌഃ) ഹ് സൈം ഈം ഹ് സ് സൌഃ) (ഹ സൈം ഹ സ ക്ലീം ഔ) (ഐ ഈം ഹ് സ് സൌഃ) (ഹ് സൈം ഈ ഔ) (ഐ ഹ് സ് ക്ലീം ഔ) (൩) രേഫയോഗത്തിങ്കൽ (ഹ് സ് രൈം ഹ് സ് ര് ക്ലീം ഹ് സ് ര് സൌഃ) (൧) (ഹ് സ് രൈം) (ഹ സ് ര് ക്ലീം) (ഹ് സ ര് സൌഃ) (൨) ഐ ഹ് സ് ര് ക്ലീം) ഹ് സ് ര് സൌഃ) (ഹ് സ് രൈം ഈ ഹ് സ് ര് സൌഃ (ഹ് സ് രൈം ഹ് സ ര് ക്ലീം ഔ) (ഐ ഈ ഹ് സ് ര് സൌഃ) (ഹ് സ് രൈം ഈ ഔ) (ഐ ഹ് സ് ര് ക്ലീം ഔ) (൩) കകാരലകാരയോഗത്തിങ്കൽ ഹ് സ് ര് ക് ലൈം ഹ് സ് ര് ക് ല് ക്ലീം ഹ് സ് ര് ക് ല് സൌഃ (൧) ഹ് സ് ര് ക് ലൈം ഹ് സ് ര് ക് ല് ക്ലീം ഹ് സ് ര് ക് ല് സൌഃ (൨) ഐ ഹ് സ് ര് ക് ല് ക്ലീം ഹ് സ് ര് ക് ല് സൌഃ) (ഹ് സ് ര്

ഹ്സ്ക്ലൈം (ഈ ചെയ്യിൽ ബ്രൈഗററിന്നുള്ളിൽ ഏകാക്ഷര
മായി)(ഹ സ ര ക ല ഡ) ഇത്യാദി അക്ഷരങ്ങൾ മിത്ഥെലൊ
ക്കൂടിചെൎത്തിക്കൊണ്ടതാകുന്നു.
രംഹ സ ര ക ല സൌഃ) (ഹ സ ര ക ലൈംഹ സ ര ക ല ക്ലീംഔ
(ഐ ഈഹ സ ര ക ല സൌഃ) (ഹസരകലൈംഈഔ)(ഐ)ഹ
സരകലക്ലീംഔ) (൩) ഡകാരയൊഗത്തിങ്കൽ (ഹ സ ര ക ല
ഡൈംഹസരകലഡക്ലീം ഹ സ ര ക ല ഡ സൌഃ)(൧) (ഹ സ ര
ക ല ഡൈം)(ഹ സ ര ക ല ഡക്ലീം)(ഹ സ ര ക ലഡസൌഃ(൨)
(ഐ) ഹ സ ര ക ല ഡ ക്ലീം ഹ സ ര ക ല ഡ സൌഃ)(ഹസരക
ലഡൈം ഈഹ സ ര ക ല ഡ സൌഃ) (ഹ സ ര ക ല ഡൈം
ഹ സ ര ക ല ഡ ക്ലീം ഔ) (ഐ)ഈഹ സ ര ക ല ഡ സൌഃ)
(ഹ സ ര ക ല ഡൈംഈഔ) (ഐ)ഹ സ ര ക ല ഡ ക്ലീംഔ)
(൩(ആകെ(൫൨)ഇതുകളിൽവെച്ച കൂടസ്ഥങ്ങൾ അമ്പത്തുരണ്ടാ
കുന്നു അതുകൾക്കുമെതഭെദെന സകാരാദിഹലക്ഷരയൊഗത്തിങ്ക
ൽ(സൈംസക്ലീംസസൌ) ഇത്യാദിക്രമെണ അമ്പത്തുരണ്ടുപ്രകാ
രം വെറെസിദ്ധിക്കും.അതഹെതുവായിട്ട ആകെ(൧൦൪)ഇതുകളി
ൽവെച്ച സമസ്തങ്ങൾ നാല്പത്തുമൂന്നാകുന്നു. അതുകൾ ക്രമവിപ
രീതങ്ങളായാൽ നാല്പത്തുമൂന്ന വിധത്തിൽ വെറെയും സിദ്ധിക്കും.
അതുഹെതുവായിട്ട അതുകളൊടുകൂടിയ സംഖ്യാ (൮൬) മ
താന്തരെണ സാദികളായ കൂടസ്ഥങ്ങളിൽ വെച്ച സമസ്തങ്ങ
ൾ മുപ്പത്തഞ്ചും ക്രമവിപരീതങ്ങളായി ചെന്നാൽ വരുന്ന
സംഖ്യാ(൧൭൦) എന്നസൂക്ഷ്മമായി വിചാരിച്ച അറിഞ്ഞുകൊ
ൾകയുംവെണം. വിശെഷിച്ച കൂടസ്ഥപദത്തിന്ന മാതൃകാവ്യൂ
ഹമെന്നും അൎത്ഥമുണ്ടാകയാൽ വെറെ ഒരു യൊജനകൂടെ അ
ന്തൎഭവിച്ചിരിക്കുന്നു. യഥാ ആസ്ഥിതം—എന്നപദച്ഛെദം. കൂട
സ്ഥം-ആസ്ഥിതം യദിവാ എന്ന അന്വയം. കൂടസ്ഥത്തെ ആസ്ഥി
തമായിട്ടൊ അനാസ്ഥിതമായിട്ടൊ എന്ന അതിന്റെ അൎത്ഥമാകു
ന്നു. കൂടസ്ഥം=അകാരാദിവൎണ്ണസമൂഹം (ശ്ലൊ) നാനാസന്താന
ശാഖാനാം യഥാവ്യവസ്ഥിതഃപിതാ। കൂടസ്ഥഉച്യതെതദ്വൽവൎണ്ണ
വ്യൂഹഃകവെൎഗ്ഗിരാം॥ എന്നുള്ള ശൈവാഗമരഹസ്യത്താൽ ശ്രൊ
ത്രാദ്യക്ഷരങ്ങൾക്കു കൂടസ്ഥപദംകൊണ്ട വ്യവഹാരം സ്ഥാപി
ക്കപ്പെട്ടിരിക്കുന്നു. സവ്യഞ്ജനാവ്യഞ്ജനം എന്നപദം കൂടസ്ഥ
പദത്തിനൊട വിശെഷണമായി ചെരുന്നതാകുന്നു. വ്യഞ്ജ
നപദത്തിന്ന അനുസ്വാരവിസൎഗ്ഗങ്ങൾ എന്നൎത്ഥമാകുന്നു. വ
ൎണ്ണവ്യൂഹത്തിൽചെൎന്ന അകാരാദികളെ അനുസ്വാരവിസൎഗ്ഗങ്ങ

ളോടുകൂടാതെയോ അതുകളോടു കൂടീട്ടൊ മെൽപറകപ്പെട്ട ബീജ
ങ്ങളോടുചെൎത്താൽ വരുന്ന ഭെദങ്ങളും കൂടി ഇതുകൊണ്ടുതന്നെ
സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. ആദ്യശ്ലൊകത്തിങ്കലെ അഹംസ്ഥി
തം എന്നപദത്തിന്ന അകാരാദിഹകാരാന്തങ്ങളായ അക്ഷരങ്ങ
ളൊടു കൂടിയതെന്നും അൎത്ഥമുണ്ടാകയാൽ ഇത അതുകൊണ്ടുത
ന്നെ സംഗ്രഹിക്കപ്പെട്ടതിന്റെ അനുവാദമാകുന്നു എന്ന അറി
കപ്പെടുകയും വെണം. അനുസ്വാരവിസൎഗ്ഗങ്ങൾക്ക സ്വരങ്ങ
ളിൽ അന്തൎഭാവമുണ്ട എങ്കിലും അതുകളെ വ്യഞ്ജനതെപൊലെ വ്യവ
ഹരിപ്പാൻവിരൊധമില്ല എന്ന താന്ത്രികസിദ്ധാന്തമാകുന്നു- ഇത
ഹെതുവായിട്ട അവ്യഞ്ജനപ്രസ്താരത്തിങ്കൽ അനുസ്വാരവിസ
ൎഗ്ഗങ്ങളെ ഉപെക്ഷിച്ചു ശെഷിച്ചിരിക്കുന്ന അക്ഷരങ്ങളെ താ
ന്ത്രികന്മാർ കാണിച്ചുവരുന്നത യുക്തമാകുന്നു എന്ന അറികപ്പെ
ടുകയുംവെണം. പ്രമാണവുമുണ്ട (ശ്ലൊ) അനുസ്വാരവിസൎഗ്ഗൌ
പ്രാവൃഭയാത്മകതാംഗതൌ എന്ന ശൈവാഗമരഹസ്യത്തിൽ
കാണപ്പെടുന്നു. ഇവിടെവൎണ്ണവ്യൂഹമെന്ന പറകപ്പെട്ട കൂട
സ്ഥപദാൎത്ഥംകൊണ്ട അകാരാദിഹകാരാന്തങ്ങളായ അക്ഷരങ്ങ
ളെയും ളകാരത്തെയും ക്ഷ എന്ന അക്ഷരത്തെയും ഗ്രഹിക്കപ്പെടുക
വെണ്ടതാകുന്നു അതഹെതുവായിട്ട മുൻപറകപ്പെട്ട ഒരുന്നൂററി
തൊണ്ണൂററാറപ്രകാരമുള്ള ബീജങ്ങൾക്ക സംപ്രദായസിദ്ധമാ
യ അമ്പത്തൊന്നക്ഷരങ്ങളുടെ യൊഗഭെദങ്ങൾ കൊണ്ടുള്ള
ഭെദങ്ങളെ സാകല്യെന ഗ്രഹിക്കുകയുംവെണം. അമ്പത്തൊ
ന്നക്ഷരങ്ങളുടെ യൊഗമപ്പാദാ- (ശ്ലൊ) ശുദ്ധാഭിൎമ്മാതൃകാഭിൎവ്വാ
സാനുസ്വാരാഭിരെവവാ । വിസൎഗ്ഗാന്താഭിരഥവായൊഗഃപ്ര
ത്യെകമിഷ്യതെ ॥ എകൈകവൎഗ്ഗഗാഭിൎവ്വാതാദൃശിഭിരനെകശഃ।
ക്രമെണവ്യുൽക്രമാദ്വായം സൎവ്വാഭിൎവ്വാവരാനനെ ॥ എന്നുള്ള
ശൈവാഗമരഹസ്യത്താൽ പറകപ്പെട്ടിരിക്കുന്നു- മെൽപറക
പ്പെട്ട ശ്ലൊകങ്ങളുടെ അൎത്ഥം ശുദ്ധങ്ങളായ അകാരാദ്യക്ഷരങ്ങ
ളൊടും അനുസ്വാരാന്തങ്ങളായിരിക്കുന്ന അകാരാദ്യക്ഷരങ്ങളൊ
ടുംവിസൎഗ്ഗാന്തങ്ങളായിരിക്കുന്ന അകാരാദ്യക്ഷരങ്ങളൊടും യൊ
ഗംവിഹിതമാകുന്നു എന്നും എകൈകവൎഗ്ഗങ്ങളിൽ ചെൎന്ന അ
ക്ഷരങ്ങളെ ഒന്നായി ഗ്രഹിച്ചു മെൽപ്രകാരം ചെൎക്കുകയും അ
വിടെതന്നൊ വിപരീതക്രമങ്ങളാകുന്നു എങ്കിൽ അപ്രകാരമാ
ക്കിചെൎക്കുകയും മാതൃകാവ്യൂഹത്തിന്റെ അവസാനത്തിങ്കൽ
അനുസ്വാരത്തെയൊ വിസൎഗ്ഗത്തെയൊ ചെൎത്തിട്ടൊ ചെൎക്കാ
തെയൊ ക്രമത്തൊടുകൂടീട്ടൊ ക്രമത്തിന്ന വിപരീതങ്ങളായിട്ടൊ

[illegible]മാഹാത്മ്യമെന്നുമാകുന്നു. ഇവിടെ ശുദ്ധമാത്രകളുടെ പ്രത്യേക
[illegible]കുറിച്ചു ആദ്യംപറയുന്നു മുൻപറകപ്പെട്ട ഒരുനൂററി
തൊന്നൂററാറു ബീജങ്ങളുടെ ആദിയിൽ ഓം എന്നു ചെൎത്താൽ—
(ഓം ഐം ക്ലീം സൌഃ) ഇത്യാദി ക്രമെണ വെറെ ഒരുനൂററി
തൊന്നൂററാറു ബീജങ്ങളും ഉണ്ടാകും. ഈ ഐം എന്നതിന്റെ
ഉച്ചാരണം സംഹിതാകാൎയ്യത്തൊടുകൂടാതെ ആകുന്നു എന്ന
വാഗ്ഭവമഹാസൂത്രത്തിങ്കൽ പറകപ്പെട്ടിരിക്കുന്നു. സ്വരൈഃ പ്രഥ
മബീജസ്യ സംഹിതാനെഷ്യതെ ഇതി - എന്നു. മെൽപറകപ്പെട്ട
സിദ്ധാന്തത്തിന്റെ വചനമാകുന്നു. ഇതിങ്കൽ സ്വരങ്ങളൊട എ
ന്നു പറകപ്പെട്ടിരിക്കെണമായിട്ട ആ ഇ ഇത്യാദി അച്ചുകളുടെ
യൊഗത്തിങ്കലൊക്കെ ഇപ്രകാരമാകുന്നു എന്ന ഗ്രഹിക്കപ്പെടുക
യും വെണം. മെൽപറകപ്പെട്ടപ്രകാരം ഏകൈകാക്ഷരയൊഗ
ത്തിങ്കൽ ഒരുനൂററിതൊന്നൂററാറീത ബീജങ്ങളുണ്ടായാൽ അച്ചു
കൾക്കാകെ(ൻ, ൻൻ൬) എന്ന സംഖ്യ അനുസ്വാരാന്തങ്ങളായ അ
കാരാദികളുടെ ആദിയിലുള്ള യൊഗത്തിങ്കലും വിസൎഗ്ഗാന്തങ്ങ
ളായ അകാരാദികളുടെ ആദിയൊഗത്തിങ്കലും ഉണ്ടാകുന്നു. ഇ
വിടെ അം എന്നത അനുസ്വാരവ്യഞ്ജകലിപിയായും അഃ എ
ന്നത വിസൎഗ്ഗവ്യഞ്ജകലിപിയായും ഇരിക്കയാൽ അച്ചുകൾക്ക
അനുസ്വാരമൊ വിസൎഗ്ഗമൊ പരമായിരിക്കുന്നാൽ അനുസ്വാര
വിസൎഗ്ഗങ്ങൾക്ക ഉചിതാംശത്തിൽ ഇപ്പൊലെ ആവൃത്തികൂടാ
തെ ഉച്ചാരണത്തിങ്കൽ വിശെഷം ഗ്രഹിക്കപ്പെടുവാൻ പ്രയാ
സമുള്ളതാകുന്നു. എന്നാലും അനുസ്വാരാദിതാദാത്മ്യംപൊലെ
അത ശാസ്ത്രവിഹിതമാകുന്നു. ലെഖനത്തിങ്കൽ (അം ം) (അഃ ഃ)
ഇങ്ങിനെ എഴുതുകയും ആയതിന്ന സമ്പ്രദായസിദ്ധമായ ഉച്ചാ
രണത്തെ ചെയ്കയുംവെണം എന്നസിദ്ധാന്തമാകുന്നു. ഇത
ഹെതുവായിട്ട ആകെ (ഉൻ, ൻവ്വ്വ) മെൽപറകപ്പെട്ട ഒരുനൂററി
തൊന്നൂററാറു ബീജങ്ങൾക്ക ശുദ്ധവൎഗ്ഗങ്ങളുടെ ആദിയൊഗ
ത്തിങ്കൽ വരുന്നസംഖ്യാ (൫,൩൨൭.) എന്ന ആയിരത്തമുന്നൂററ
൪പത്തുരണ്ട സംഖ്യ അനുസ്വാരാന്തങ്ങളുടെ ആദിയൊഗത്തി
ങ്കലും വിസൎഗ്ഗാന്തങ്ങളുടെ ആദിയൊഗത്തിങ്കലും പ്രത്യെകം ഉ
ണ്ടാകുന്നതാകുന്നു. എന്നാൽആകെ(൭, ൧൧൬) എന്നനാലായിരത്തി
നൂററിപതിനാറസംഖ്യാ വിപരീതക്രമത്തിങ്കലുമുള്ളതാകുന്നു.
ഇതഹെതുവായിട്ട ആകെ (വ്യ,വ൩.വ) സമസ്തവൎഗ്ഗയൊഗത്തി
ങ്കൽ മെൽപ്രകാരം ശുദ്ധിവിന്ദുവിസൎഗ്ഗയുൽക്രമങ്ങൾകൊണ്ടു
ണ്ടാകുന്നസംഖ്യാ (൯) എന്നാൽആകെ വൎഗ്ഗസംഖ്യാ(വ്യ,വ൩വ)

പ്രത്യേകയോഗത്തിങ്കൽ മേൽപറകപ്പെട്ട ഇരുപത്തൊമ്പതിനാ
യിരത്തി തൊള്ളായിരത്തെണ്ണൂറ്റെട്ടോടു കൂടിയാൽ ആകെ
(൩൮,൭൮൩) ഒരു സംഖ്യ മേൽ പറകപ്പെട്ടപ്രകാരം ലിപികളെ
ബീജാവസാനത്തിങ്കൽ ചേൎത്താലും ആദിയിലും അവസാന
ത്തിങ്കലും കൂടെ ഒരുമിച്ചുചേൎത്താലും ഉണ്ടാകും അതഹേതുവായി
ട്ട ആകെസംഖ്യാ (൩൮,൩൭൪) മൂലസംഖ്യാ ഒരുനൂററിതൊ
ണ്ണൂററാറൊടുകൂടി (൩൮,൭൯൬) ഇതിനെ മേൽപറകപ്പെട്ട പ്ര
കാരം പരിശൊധിച്ചു സൂക്ഷ്മമായി അറിഞ്ഞുകൊൾകയും വെ
ണം. വിഷമപ്രസ്താരത്തിന്റെ വഴിയും ഇവിടെ ഗ്രന്ഥക
ത്താവിനാൽ വ്യാഖ്യാതാക്കന്മാൎക്ക കാണിക്കപ്പെടുവാൻ തക്കതാ
യവിധത്തിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞാൻ അറിയു
ന്നു. എന്നാലും അതിവിസ്തരത്തിന്നു ഹേതുവായി വരുമെന്നു
വിചാരിച്ചിട്ടു നിവൃത്തിക്കുന്നു. യെനകെനാപിവിധിനാ എന്ന
തുകൊണ്ടു സകളമായും നിഷ്കളമായും ഇങ്ങിനെ രണ്ടുപ്രകാര
ത്തിലുള്ള ധ്യാനങ്ങളെ തുല്യങ്ങളായി കാണിച്ചിരിക്കുന്നു. ജപ
പക്ഷത്തിൽ അംഗന്യാസാദിപൂൎവ്വകമായിട്ടോ ശ്രീഗുരുപാദുകാ
മാത്രസ്മരണക്രമസഹിതമായിട്ടോ ഒന്നിനെയും ചെയ്യാതെയോ
ജപിക്കാമെന്നതിനെയും സാധിച്ചിരിക്കുന്നു. നൃണാം എന്നപദം
കൊണ്ടു അവിശെഷെണ അധികാരത്തെ ധ്വനിപ്പിച്ചിരിക്കു
ന്നു. തരസാ എന്നതുകൊണ്ടു അഭീഷ്ടസിദ്ധിക്കു കാലാന്തരാപെ
ക്ഷാവിരഹത്തെ ധ്വനിപ്പിച്ചിരിക്കുന്നു. സഫലീകരൊതി എന്നു
ള്ളവൎത്തമാനലകാരംകൊണ്ടു അനശ്വരപ്രാമാണ്യത്തെ കാണിച്ചി
രിക്കുന്നു ഇതിനെകാൾ അധികമായ വിസ്താരം സൎവ്വാൎത്ഥചിന്താ
മണിയിൽ നൊക്കി അറിയപ്പെടുകയും വെണം. വിസ്തരഭയം ഹെ
തുവായിട്ടു ചിലക്ക ഉപയൊഗമുണ്ടായിരുന്നാലും അതിനെ ഞാൻ
ഇവിടെ കാണിപ്പാൻ ഇച്ഛിക്കുന്നില്ല.

ശ്ലോകാൎത്ഥസംക്ഷെപം —— അല്ലയൊ ദെവി നിന്തിരുവടിയു
ടെ നിൎദ്ദൊഷമായ ബീജം സമസ്തമായിട്ടോ ഒരൊന്നായിട്ടോ
ഹല്ലുകളൊടുകൂടീട്ടോ കൂടാതെയൊ ഹകാരാദികളായ കൂടങ്ങളൊടു
കൂടീട്ടോ കൂടാതെയൊ ക്രമത്തൊടുകൂടീട്ടോ ക്രമത്തിന്നു വിപരീതമാ
യിട്ടോ വല്ലൊരു വിധിയൊടുകൂടെ ധ്യാനിക്കപ്പെട്ടാലും ജപിക്ക
പ്പെട്ടാലും ധ്യാനിക്കയൊ ജപിക്കയൊ ചെയ്യുന്ന സകല ജന
ങ്ങളുടെ സൎവ്വകാമങ്ങളെയും താമസംകൂടാതെ സഫലമാക്കി ചെ
യ്യുന്നു.

൭ — [illegible]

ദ്ദക്ഷൈർവ്വരദാനപേശലകരാം കർപ്പൂരകുന്ദോജ്ജ്വലാം। ഉജ്ജൃംഭാംബുജപത്രകാന്തിനയനസ്നിഗ്ദ്ധപ്രഭാലോകിനീം യേ ത്വാമംബ ന ശീലയന്തി മനസാ തേഷാം കവിത്വം കുതഃ॥

രൂപം — വാമെ (അ-ന-സ-ഏ) പുസ്തകധാരിണീം (രം-സ്ത്രീ-ദ്വി-ഏ) അഭയദാം (ആ-സ്ത്രീ-ദ്വി-ഏ) സാക്ഷസ്രജം (ജ-സ്ത്രീ-ദ്വി-ഏ) ദക്ഷിണെ (അ-ന-സ-ഏ) ദക്ഷൈഃ (അ-പു-ത-ബ) വരദാനപേശലകരാം — കർപ്പൂരകുന്ദോജ്ജ്വലാം (ആ-സ്ത്രീ-ദ്വി-ഏ) ഉജ്ജൃംഭാംബുജപത്രകാന്തിനയനസ്നിഗ്ദ്ധപ്രഭാലോകിനീം (രം-സ്ത്രീ-ദ്വി-ഏ) യെ (യച്ഛ-പു-പ്ര-ബ) ത്വാം (യുഷ്മ-ദ്വി-ഏ) അംബ (ആ-സ്ത്രീ-സം-പ്ര-ഏ) ന (അ) ശീലയന്തി (ലട്-പ-പ്ര-പു-ബ) മനസാ (സ-ന-തൃ-ഏ) തേഷാം (തച്ഛ-പു-ഷ-ബ) കവിത്വം (അ-ന-പ്ര-ഏ) കുതഃ — തസി (അ) —

അ —— ഹെ-അംബ-വാമെ — പുസ്തകധാരിണീം — അഭയദാം — ദക്ഷിണെ — സാക്ഷസ്രജം — ദക്ഷൈഃ — വരദാനപേശലകരാം — കർപ്പൂരകുന്ദോജ്ജ്വലാം — ഉജ്ജൃംഭാംബുജപത്രകാന്തിനയനസ്നിഗ്ദ്ധപ്രഭാലോകിനീം — ത്വാം — യെ — മനസാ — ന — ശീലയന്തി — തേഷാം — കവിത്വം — കുതഃ — ഭവേത്.

അർത്ഥം —— അല്ലയോ അംബയായുള്ളോവെ വാമത്തിങ്കൽ പുസ്തകധാരിണിയായി അഭയദയായി ദക്ഷിണത്തിങ്കൽ സാക്ഷസ്രക്കായി ദക്ഷങ്ങളായിക്കൊണ്ട വരദാനപേശലകരയായി കർപ്പൂരകുന്ദോജ്ജ്വലയായി ഉജ്ജൃംഭാംബുജപത്രകാന്തിനയനസ്നിഗ്ദ്ധപ്രഭാലോകിനിയായിരിക്കുന്ന നിന്തിരുവടിയെ യാവചിലര മനസ്സുകൊണ്ട ശീലിക്കുന്നില്ലയൊ അവൎക്ക കവിത്വം ഏതൊരു കാലത്തിങ്കൽ ഭവിക്കുന്നു.

പരി —— അംബാ=മാതാവ. വാമം=ഇടത്തഭാഗം. പുസ്തകധാരിണീ=പുസ്തകത്തെ ധരിക്കുന്നവൾ. അഭയദാ=അഭയത്തെ ദാനംചെയ്യുന്നവൾ. അഭയം=ഭയനിവൃത്തി. (അഭയമുദ്രയെ ധരിക്കുന്നവൾ എന്ന താല്പൎയ്യം.) ദക്ഷിണം=വലത്തഭാഗം — സാക്ഷസ്രക്=അക്ഷസ്രക്കിനൊടുകൂടിയവൾ. അക്ഷസ്രക്ക=ജപമാല. വരദാനപേശലകരാ=വരദാനത്തിങ്കൽ പേശലമായിരിക്കുന്ന കരത്തൊടുകൂടിയവൾ. വരദാനം=വരത്തിന്റെ ദാനം. പേശലം=സാമൎത്ഥ്യമുള്ളത. കരം=കയ്യ. (വരമുദ്രയെ ധരിക്കുന്നവൾ എന്ന താൽപൎയ്യം) കർപ്പൂരകുന്ദോജ്ജ്വലാ=കർപ്പൂരകുന്ദങ്ങൾപൊലെ ഉജ്ജ്വലാ — കർപ്പൂരകുന്ദങ്ങൾ=കർപ്പൂരവും കുന്ദവും

കന്ദം=മുല്ലപ്പൂവ്— ഉജ്ജ്വലാ=ഉജ്ജ്വലിക്കുന്നവൾ— ഉജ്ജ്വലി
ക്കുക=പ്രകാശിക്ക— ഉജ്ജൃംഭാംബുജപത്രകാന്തിനയനസ്നിഗ്ദ്ധപ്രഭാ
ലോകിനീ= ഉജ്ജൃംഭാംബുജപത്രകാന്തികളായിരിക്കുന്ന നയന
ങ്ങൾകൊണ്ട സ്നിഗ്ദ്ധപ്രഭമാകുംവണ്ണം ആലോകനംചെയ്യുന്ന
വൾ. ഉജ്ജൃംഭാംബുജപത്രകാന്തികൾ= ഉജ്ജൃംഭമായിരിക്കുന്ന
അംബുജത്തിന്റെ പത്രങ്ങളുടെ കാന്തിപോലെ ഇരിക്കുന്ന കാ
ന്തിയോടുകൂടിയവ. ഉജ്ജൃംഭം=ഉജ്ജൃംഭിച്ചത— ഉജ്ജൃംഭിക്ക=വി
ടരുക— അംബുജം=താമരപ്പൂവ— പത്രങ്ങൾ=ഇതളുകൾ. കാന്തി=
ശോഭ. നയനങ്ങൾ=കണ്ണുകൾ. സ്നിഗ്ദ്ധപ്രഭം=സ്നിഗ്ദ്ധയായിരി
ക്കുന്ന പ്രഭയോടുകൂടിയത. സ്നിഗ്ദ്ധാ=സ്നേഹാർദ്രാ. പ്രഭാ=കാന്തി
ആലോകനംചെയ്ക=നോക്കുക. ശീലിക്കുക=ധ്യാനിക്ക. അവർ=
ധ്യാനിക്കാത്തവർ. കവിത്വം=കവികളാവുക എന്നുള്ളത. കവി
കൾ=വിദ്വാന്മാർ.

സാരം—അല്ലയോ അംബയായുള്ളോവെ എന്നുള്ള സംബോ
ധനം കൊണ്ട മാതൃതുല്യമായിരിക്കുന്ന വാത്സല്യത്തെ ജനങ്ങ
ളിൽ അവിശേഷേണ ധ്വനിപ്പിച്ചിരിക്കുന്നു. ആ വാത്സല്യം
ധ്വനിവിഷയമായിട്ട മാതാവിന്റെ വാത്സല്യം ശുശ്രൂഷയെ
ചെയ്യുന്ന പുത്രരിൽ യാതൊരു പ്രകാരം പ്രബലമായിരിക്കു
മൊ അപ്രകാരം ഭക്തന്മാരിൽ പ്രബലമായിരിക്കുന്നതാകയാ
ൽ തന്നെസേവിക്കുന്നവർക്ക വേഗേന അഭീഷ്ടദാനം ചെയ്യു
ന്നവളാകുന്നു എന്നുള്ളതിനെ പ്രകാശിപ്പിക്കുന്നു. മാതൃത്വസ
ംബന്ധം ഹേതുവായിട്ട സർവ്വോപാസ്യതയെയും വ്യക്തിയെ
പ്രാപിപ്പിച്ചിരിക്കുന്നു. വാമ എന്നതുകൊണ്ട ഭാഗവിശേഷ
മാത്രം ഗ്രഹിക്കപ്പെടുന്നതായിരിക്കിലും പുസ്തകധാരണാദികൾ
കൈകൾകൊണ്ട വേണ്ടതാകകൊണ്ട കൈകൊണ്ട എന്നുള്ള
അർത്ഥം താനെ ലഭിക്കപ്പെടുന്നു. അഭയമുദ്രയെ ധരിക്ക എന്നു
ള്ളതും മേൽപ്രകാരമാകകൊണ്ട അഭയദാനം എന്നുള്ളെടത്തും മേ
ൽപറയപ്പെട്ട അർത്ഥം താനെ ലഭിക്കപ്പെടുന്നു. ഇങ്ങിനെരണ്ട
വ്യാപാരങ്ങളെ കുറിച്ച കരണത്വേന ലഭിക്കപ്പെടുന്ന കൈക
ൾ രണ്ടാവുന്നതിന്ന ബാധകമില്ലായ്കയാൽ രണ്ടുതന്നെ എന്ന
ഗ്രഹിക്കപ്പെടുന്നു. ഇതിൽ കൈകൊണ്ട എന്ന ലഭിക്കപ്പെടു
ന്ന ദക്ഷിണേസാക്ഷസൂത്രം എന്നുള്ളെടത്തും സാധാരണമാ
കുന്നു. ഇതൊഴികെ വാമഭാഗത്തിങ്കൽ ഊർദ്ധ്വാധോഭാഗവർത്തി
കളായ കൈകളിൽവെച്ച ഊർദ്ധ്വഭാഗവർത്തിയായകൈകൊണ്ട
പുസ്തകത്തെയും അധോഭാഗവർത്തിയായ കൈകൊണ്ട അഭയ

മുദ്രയെയും ധരിച്ചവളാകുന്നു എന്നും ദക്ഷിണഭാഗത്തിൽ ഊ
ൎദ്ധ്വഭാഗവൎത്തിയായ കൈകൊണ്ട അക്ഷമാലയെയും അധോ
ഭാഗവൎത്തിയായ കൈകൊണ്ട വരമുദ്രയെയും ധരിച്ചവളാകുന്നു
എന്നുള്ള താൽപൎയ്യവിഷയമായ അൎത്ഥത്തിന്ന അധികാംശം
വെണ്ടിവരുന്നത ഒക്കെയും പ്രസിദ്ധിഗമ്യമാകുന്നു· വരദാന
പെശലകരാം എന്നുള്ള വിശെഷണാന്തൎഗ്ഗതമായ കരപദംകൊ
ണ്ട ദക്ഷിണഭാഗത്തിൽതന്നെ വൎത്തിക്കുന്നതായി അക്ഷസ്ര
ക്കിനെ ധരിപ്പാൻ ഉപയൊഗിക്കപ്പെട്ടതല്ലാതെ വെറെ ഉള്ള ഒ
രു കയ്യിനെ ഗ്രഹിക്കുകയുംവെണം·

ശ്ലൊകാൎത്ഥസംക്ഷെപം——ഇടത്തെ കൈകൾകൊണ്ട പുസ്ത
കാഭയമുദ്രകളെയും വലത്തെ കൈകൾകൊണ്ട സ്ഫടികമാലയെ
യും വരമുദ്രയെയും ധരിച്ചിയങ്ങുന്നവളായി ധവളവൎണ്ണയായി
താമരപ്പൂവിന്റെ ഇതളുകൾപൊലെ ഇരിക്കുന്ന കണ്ണുകൾ
കൊണ്ട കൃപയൊടുകൂടുംവണ്ണം നൊക്കുന്നവളായിരിക്കുന്ന നി
ന്തിരുവടിയെ ധ്യാനിക്കാത്തവരായും നിന്തിരുവടിയുടെ ബീ
ജത്തെ ജപിക്കാത്തവരായും ഇരിക്കുന്നവൎക്ക ഒരുകാലത്തിങ്ക
ലും കവിത ഉണ്ടാകയുമില്ല— മെൽപറകപ്പെട്ട ധ്യാനപ്രകാരം
ബീജത്രയൊപാസനത്തിങ്കൽ വിഹിതമാകുന്നു·

വൃ· യെത്വാംപാണ്ഡുരപുണ്ഡരീകപടലസ്പഷ്ടാഭിരാമപ്രഭാം
സിഞ്ചന്തീമമൃതദ്രവൈരിവശിരൊധ്യായന്തിമൂൎദ്ധ്നിസ്ഥിതാം । അ
ശ്രാന്തംവികടസ്ഫുടാക്ഷരപദാനിൎയ്യാതിവക്ത്രൊദരാത്തെഷാംഭാ
രതിഭാരതീസുരസരിൽകല്ലൊലലൊലൊൎമ്മിവൽ॥

രൂപം—— യെ(യച്ശ—പു—പ്ര—ബ—) ത്വാം (യുഷ്മ-ദ്വി-ഏ)
പാണ്ഡുരപുണ്ഡരീകപടലസ്പഷ്ടാഭിരാമപ്രഭാം (ആ—സ്ത്രീ-ദ്വി-
ഏ) സിഞ്ചന്തീം (ഈം—സ്ത്രീ-ദ്വി-ഏ)അമൃതദ്രവൈഃ(അ-പു-തൃ-
ബ) ഇവ (അ) ശിരഃ (സ—ന—ദ്വി—ഏ)ധ്യായന്തി (ലട്ട—പ
പ്ര—പു—ബ) മൂൎദ്ധ്നി (ന—പു—സ—ഏ)സ്ഥിതാം(ആ—സ്ത്രീ—ദ്വി—
ഏ)അശ്രാന്തം (ക്രി—വി) വികടസ്ഫുടാക്ഷരപദാ(ആ—സ്ത്രീ—
പ്ര—ഏ)നിൎയ്യാതി(ലട്ട—പ—പ്ര—പു—ഏ)വക്ത്രൊദരാൽ(അം-ന-
പ—ഏ)തെഷാം(തച്ശ—പു—ഷ-ബ)ഭാരതീ(ഈം—സ്ത്രീ—സം-പ്ര
ഏ)ഭാരതീ(ഈം—സ്ത്രീ-പ്ര-ഏ)സുരസരിൽകല്ലൊലലൊലൊൎമ്മി
വൽ (അ)

അ——പാണ്ഡുരപുണ്ഡരീകപടലസ്പഷ്ടാഭിരാമപ്രഭാം—അമൃത
ദ്രവൈഃ-ശിരഃ-സിഞ്ചന്തീം-ഇവ-മൂൎദ്ധ്നിസ്ഥിതാം-ത്വാം-യെ-ധ്യാ
യന്തി—ഹെ-ഭാരതി- തെഷാം-വക്ത്രൊദരാൽ- വികടസ്ഫുടാക്ഷര

പദം- ഭാരതീ-സുരസരിൽകല്ലോലലോലോൎമ്മിവൽ- അശ്രാന്തം=നിൎയ്യാതി--

അന്വ— പാണ്ഡരപുണ്ഡരീകപടലസ്പഷ്ടാഭിരാമപ്രഭയായി അമൃതദ്രവങ്ങൾകൊണ്ടു ശിരസ്സിനെ സിഞ്ചന്തിയായി മൂൎദ്ധാവിങ്കൽ സ്ഥിതയായി നിന്തിരുവടിയെ യാതൊരു ചിലര ധ്യാനിക്കുന്നുവൊ അല്ലയൊ ഭാരതി അവരുടെ വക്ത്രോദരത്തിങ്കൽനിന്ന വികചസ്ഫുടാക്ഷരപദയായിരിക്കുന്ന ഭാരതി സുരസരിൽകല്ലോലലോലോൎമ്മികളോടു തുല്യമായി അശ്രാന്തമാകുംവണ്ണം നിൎയ്യാണം ചെയ്യുന്നു.

പരി—— പാണ്ഡരപുണ്ഡരീകപടലസ്പഷ്ടാഭിരാമപ്രഭാ=പാണ്ഡരപുണ്ഡരീകപടലംപോലെ സ്പഷ്ടയായി അഭിരാമയായിരിക്കുന്ന പ്രഭയോടുകൂടിയവൾ— പാണ്ഡരപുണ്ഡരീകപടലം=പാണ്ഡരപുണ്ഡരീകങ്ങളുടെ പടലം— പാണ്ഡരപുണ്ഡരീകങ്ങൾ=പാണ്ഡരങ്ങളായിരിക്കുന്ന പുണ്ഡരീകങ്ങൾ- പാണ്ഡരങ്ങൾ=ധവളങ്ങൾ-പുണ്ഡരീകങ്ങൾ=താമരപ്പൂക്കൾ- പടലം=സമൂഹം- സ്പഷ്ടാ=സ്ഫുടാ- (പ്രകാശിച്ചിരിക്കുന്നത) അഭിരാമാ=മനൊഹരാ- പ്രഭാ=കാന്തി- അമൃതദ്രവങ്ങൾ=അമൃതപ്രവാഹങ്ങൾ. സിഞ്ചന്തീ=സെചിച്ചിരുന്നവൾ- സെചിക്ക=നനക്ക— മൂൎദ്ധാവ=ശിരസ്സ— സ്ഥിതാ=സ്ഥിതിചെയ്യുന്നവൾ- സ്ഥിതിചെയ്ക=ഇരിക്ക- ഭാരതീ=സരസ്വതി— അവർ=യെൽപ്രകാരം ധ്യാനിക്കുന്നവർ— വക്ത്രോദരം=വക്ത്രത്തിന്റെ ഉദരം- വക്ത്രം=മുഖം- ഉദരം=അന്തൎഭാഗം- വികചസ്ഫുടാക്ഷരപദാ=വികചസ്ഫുടങ്ങളായിരിക്കുന്ന അക്ഷരപദങ്ങളോടുകൂടിയത— വികചസ്ഫുടങ്ങൾ=വികചങ്ങളായി സ്ഫുടങ്ങളായിരിക്കുന്നവ— വികചങ്ങൾ=വ്യക്തങ്ങൾ— സ്ഫുടങ്ങൾ=സ്പഷ്ടാൎത്ഥങ്ങൾ— അക്ഷരപദങ്ങൾ=അക്ഷരങ്ങളും പദങ്ങളും— ഭാരതീ=വാക്ക—സുരസരിൽകല്ലോലലോലോൎമ്മികൾ=സുരസരിത്തിന്റെ കല്ലോലലോലങ്ങളായിരിക്കുന്ന ഉൎമ്മികൾ- സുരസരിത്ത=ഗംഗാ—കല്ലോലലോലങ്ങൾ=കല്ലോലങ്ങൾ ഹേതുവായിട്ട ലോലങ്ങൾ. കല്ലോലങ്ങൾ=വലിയതിരമാലകൾ—ലോലങ്ങൾ=ഇളകീട്ടിരിക്കുന്നവ-ഉൎമ്മികൾ=പ്രവാഹങ്ങൾ- അശ്രാന്തം=നിത്യം—നിൎയ്യാണംചെയ്ക=പുറപ്പെടുക—

സാ——ശിരസ്സ എന്നപദംകൊണ്ടും മൂൎദ്ധാവെന്നപദംകൊണ്ടും സാധകന്റെ ശിരസ്സിനെ ഗ്രഹിക്കയാവെണം. സിഞ്ചന്തീമിവ എന്നുള്ള ഉപശബ്ദം വാക്യാലങ്കാരത്തിന്നായിക്കൊ

ണ്ടാകുന്നു. അമൃതദ്രവങ്ങൾ ദേവിയുടെ ശരീരത്തിങ്കൽ നിന്നു പുറപ്പെടുന്നതുകളും പ്രത്യേകങ്ങളുമാകുന്നു. ചന്ദ്രകാന്തമയമുദ്രാദികളെ ധരിച്ചിരിക്കുന്ന നാലു കൈകളോടു കൂടിയവൾ എന്നുള്ളതിന്റെ അപേക്ഷ ഇവിടെയും ഉണ്ടു. ഇതു ശക്തിവേദോപാസനത്തിങ്കൽ വിധിക്കപ്പെട്ട ധ്യാനപ്രകാരമാകുന്നു.

ശ്ലോകാൎത്ഥസംക്ഷേപം——അല്ലയോ വാഗ്ദേവി യാവചിലർ പത്മപ്രഭോധവളയായി തന്റെ ദേഹത്തിങ്കൽ നിന്നു പുറപ്പെട്ട തേജഃപ്രവാഹങ്ങൾ കൊണ്ടു ഉപാസകന്റെ ശിരസ്സിനെ സനച്ഛിയങ്ങുന്നവളായിരിക്കുന്ന നിന്തിരുവടിയെ ദ്വാദശാന്തപത്മത്തിങ്കൽ ധ്യാനിക്കുന്നുവോ അവരുടെ മുഖത്തിങ്കൽനിന്നു വെണ്ടുന്ന ഗുണങ്ങളോടുകൂടിയവാക്കുകൾ ഗംഗാപ്രവാഹംപോലെ എല്ലാസമയങ്ങളിലും പുറപ്പെടുന്നു.

൯. യെസിന്ദൂരപരാഗപുഞ്ജപിഹിതാംത്വത്തേജസാദ്യാമി
മാമുൎവ്വീഞ്ചാപിവിലീനയാവകരസപ്രസ്താരമഗ്നാമിവ പശ്യന്തി
ക്ഷണമപ്യനന്യമനസസ്തേഷാമനംഗജ്വര ക്ലാന്താസ്ത്രസ്തകുരംഗ
ശാബകദൃശോവശ്യാഭവന്തിധ്രുവം॥

രൂപം——യെ (യച്ഛ-പു-പ്ര-ബ) സിന്ദൂരപരാഗപുഞ്ജപിഹിതാം(ആ-സ്ത്രീ-ദ്വി-എ) ത്വത്തേജസാ (സ-ന-തൃ-എ) ദ്യാം (ഓ-സ്ത്രീ-ദ്വി-എ) ഇമാം(ഇദം-സ്ത്രീ-ദ്വി-എ) ഉൎവ്വീം(ഈ-സ്ത്രീ-ദ്വി-എ) ച-അപി (അ) വിലീനയാവകരസപ്രസ്താരമഗ്നാം-(ആ-സ്ത്രീ-ദ്വി-എ) ഇവ (അ) പശ്യന്തി (ലട്-പ-പ്ര-പു-ബ) ക്ഷണം(അ-പു-ദ്വി-എ) അപി (അ) അനന്യമനസഃ (സ-പു-പ്ര-ബ) തേഷാം (തച്ഛ പു-ഷ-ബ) അനംഗജ്വരക്ലാന്താഃ (ആ-സ്ത്രീ-പ്ര-ബ) ത്രസ്തകുരംഗശാബകദൃശഃ (ശ-സ്ത്രീ-പ്ര-ബ-) വശ്യാഃ (ആ-സ്ത്രീ-പ്ര-ബ) ഭവന്തി (ലട്-പ-പ്ര-പു-ബ) ധ്രുവം (അ)

അ——യെ-അനന്യമനസഃ-ത്വത്തേജസാ-ഇമാം-ദ്യാം-സിന്ദൂരപരാഗപുഞ്ജപിഹിതാം-ഇവ-ഉൎവ്വീം- വിലീനയാവകരസപ്രസ്താരമഗ്നാം-ഇവ-അപി-ച-ക്ഷണം-അപി-പശ്യന്തി തേഷാം-ത്രസ്തകുരംഗശാബകദൃശഃ- അനംഗജ്വരക്ലാന്താഃ--വശ്യാഃ-ഭവന്തി-ധ്രുവം-

അനു——യാവചിലർ അനന്യമനസ്സുകളായിട്ടു ത്വത്തേജസ്സുകൊണ്ടു ഈ ദ്യോവിനെ സിന്ദൂരപരാഗപുഞ്ജപിഹിതയോ എന്നു തോന്നപ്പെടുന്നതായിട്ടും ഉൎവ്വിയെ വിലീനയാവകരസപ്രസ്താരമഗ്നയോ എന്നു തോന്നപ്പെടുന്നതായിട്ടും അല്പകാല

മെങ്കിലും ദശ്ശിക്കുന്നുവൊ അവൾ ത്രസ്തകുരംഗശാബകദൃക്കുകൾ
അനംഗജ്വരക്ലാന്തകളായിട്ട വശ്യകളായി ഭവിക്കുന്നു നിശ്ചയം
പതി—— അനന്യമനസ്കകൾ=അന്യമനസ്സുകളില്ലാത്തവർ.
അന്യമനസ്കകൾ=മറെറാന്നിങ്കൽ പൊയ മനസ്സൊടുകൂടി
യവർ. തത്തെജസ്സ=നിന്തിരുവടിയുടെ തെജസ്സ. ദ്യൊ
വ=ആകാശം— സിന്ദൂരപരാഗപുഞ്ജപിഹിതാ=സിന്ദൂരപരാ
ഗങ്ങളുടെ പുഞ്ജത്താൽപിഹിതാ. സിന്ദൂരപരാഗങ്ങൾ=സിന്ദൂര
ത്തിന്റെ പരാഗങ്ങൾ. പരാഗങ്ങൾ=പൊടികൾ. പിഹിതാ=
മറയ്ക്കപ്പെട്ടത. ഉൎവ്വീ=ഭൂമി. വിലീനയാവകരസപ്രസ്താരമഗ്നാ=
വിലീനയാവകരസപ്രസ്താരത്തിങ്കൽ മഗ്നാ— വിലീനയാവ
കരസപ്രസ്താരം=വിലീനയാവകരസത്തിന്റെ പ്രസ്താരം. വി
ലീനയാവകരസം=വിലീനയാവകമായിരിക്കുന്ന രസം= വിലീ
നയാവകം=വിലീനമായിരിക്കുന്ന യാവകത്തൊടുകൂടിയത. വി
ലീനം=വിലയിച്ചത. വിലയിക്ക=അലിഞ്ഞുചെരുക. യാവകം=
അരക്ക. രസം=ജലം. പ്രസ്താരം=പ്രവാഹം. മഗ്നാ=മജ്ജിച്ചത.
മജ്ജിക്ക=മുങ്ങുക— ദശ്ശിക്ക=കാണുക അവര=മെൽപ്രകാരംകാണു
ന്നവര— ത്രസ്തകുരംഗശാബകദൃക്കുകൾ=ത്രസ്തമായിരിക്കുന്ന കു
രംഗശാബകത്തിന്റെ ദൃക്കുകൾപൊലെ ഇരിക്കുന്ന ദൃക്കുക
ളൊടുകൂടിയവര. ത്രസ്തം=ത്രസിച്ചത. ത്രസിക്ക=ഭയപ്പെടുക. കു
രംഗശാബകം=ബാലമൃഗം. ദൃക്കുകൾ=കണ്ണുകൾ. (സൎവ്വദെ
വസുന്ദരിമാരായ സ്ത്രീകൾ എന്ന താല്പൎയ്യം.) അനംഗജ്വരക്ലാ
ന്തകൾ=അനംഗജ്വരംഹെതുവായിട്ട ക്ലാന്തകൾ. അനംഗജ്വ
രം=കാമജ്വരം. ക്ലാന്തകൾ=തളൎന്നവര. വശ്യകൾ=അധീനക
ൾ.

സാ——രാം ശ്ലൊകം ആധാരെബ്ബധനുൎബ്ബാണവരാഭയല
ക്ഷിതാംധ്യായെൽ ബന്ധൂകപുഷ്പാഭാം കാമരാജാത്മികാംശിവാം
എന്നുള്ള ആഗമത്താൽവിധിക്കപ്പെട്ടതായ ധ്യാനത്തിന്റെ സൂ
ചകമാകുന്നു. മൂലാധാരപത്മത്തിങ്കൽ ധനുൎബ്ബാണവരാഭയമുദ്രക
കളൊടുകൂടിയനാലുകൈകളൊടും ചെമ്പരത്തിയുടെപൂപൊലെ
ചുവന്നിരിക്കുന്നനിറത്തൊടുംകൂടിയ ദെവിയെധ്യാനിക്കേണമെ
ന്ന മെൽപറകപ്പെട്ടആഗമത്തിന്റെ അൎത്ഥം— അനന്യമന
സഃ എന്നുള്ളപദം വിധിക്കുതക്കവണ്ണം ചെയ്കപ്പെട്ടആസന
ബന്ധത്തൊടു കൂടിയിരുന്ന പ്രാണായാമങ്ങളെക്കൊണ്ടു മനൊ
ദൊഷങ്ങളെ സംഹരിച്ചിട്ട മനസ്സൊടുകൂടെ ബാഹ്യേന്ദ്രിയങ്ങ
ളെ വിഷയങ്ങളിൽനിന്ന നിവൎത്തിപ്പിച്ചവർ എന്നുള്ള അൎത്ഥ

ത്തെ പറയുന്നതാകുന്നു.

ശ്ലോകാൎത്ഥസംക്ഷേപം— യാവചിലർ ഏകാഗ്രചിത്തന്മാരായിട്ട നിന്തിരുവടിയുടെ ദേഹപ്രഭകൊണ്ട ആകാശത്തെയും ഭൂമിയെയും സിന്ദൂരത്തിന്റെ പൊടികൾ പരന്നവ്യാപിക്കനിമിത്തമായിട്ടും ലാക്ഷാരസപ്രവാഹത്തിൽ മുങ്ങുകനിമിത്തമായിട്ടും രക്തവൎണ്ണത്തെ പ്രാപിച്ചതൊ എന്നതോന്നുംവൎണ്ണം ചുവന്നിരിക്കുന്ന നിറത്തൊട്ട കൂടിയതുകളായിട്ട ക്ഷണമെങ്കിലും ധ്യാനദൃഷ്ടികൊണ്ട കാണുന്നുവൊ അവൎക്ക സൎവ്വാവയവസുന്ദരിമാരായ സ്ത്രീകൾ വൎദ്ധിച്ചിരിക്കുന്ന കാമപാരവശ്യത്തൊട്ട കൂടിയവരായിട്ട അധീനകളായി ഭവിക്കുന്നു എന്നതിന്നു സംശയമില്ല. ഇത കാമരാജബീജത്തിന്റെ ഉപാസനത്തിങ്കൽ വിഹിതമായിരിക്കുന്ന ധ്യാനപ്രകാരമാകുന്നു എന്ന അറിഞ്ഞുകൊൾകയും വെണം

മൂ— ചഞ്ചൽകാഞ്ചനകുണ്ഡലാംഗദധരാമാബദ്ധകാഞ്ചീസ്രജം യെത്വാംചെതസിതൽഗതെക്ഷണമപിധ്യായന്തി കൃത്വാസ്ഥിരാം । തെഷാംവെശ്മസുവിഭ്രമാദഹരഹസ്ഫാരീഭവന്ത്യശ്ചിരംമാദ്യൽ കുഞ്ജരകൎണ്ണതാലതരളാസ്ഥൈൎയ്യംഭജന്തെശ്രിയഃ ॥

രൂപം— ചഞ്ചൽകാഞ്ചനകുണ്ഡലാംഗദധരാം (ആ—സ്ത്രീ.ദ്വി ഏ) ആബദ്ധകാഞ്ചീസ്രജം (ജ-സ്ത്രീ-ദ്വി-ഏ) യെ (യൽ—പു—പ്ര-ബ) ത്വാം (യുഷ്മ-ദ്വി-ഏ) ചെതസി (സ—ന—സ-ഏ) തൽഗതെ (ആ—സ്ത്രീ—സം—പ്ര—ഏ) ക്ഷണം (അ—പു—ദ്വി-ഏ) അപി (അ) ധ്യായന്തി (ലട്ട-പ-പ്ര—പു—ബ) കൃത്വാ (ക്ത്വാ—അ) സ്ഥിരാം (ആ—സ്ത്രീ—ദ്വി-ഏ) തെഷാം (തൽ—പു—ഷ—ബ) വെശ്മസു (ന—ന-സ-ബ) വിഭ്രമാൽ (അ-പു-പ-ഏ) അഹരഹഃ (ന—ന—ദ്വി—ഏ) സ്ഫാരീഭവന്ത്യഃ (ഈ-സ്ത്രീ-പ്ര-ബ) ചിരം (അ) മാദ്യൽകുഞ്ജരകൎണ്ണതാലതരളാഃ (ആ—സ്ത്രീ—പ്ര-ബ) സ്ഥൈൎയ്യം (അ-ന-ദ്വി-ഏ) ഭജന്തെ (ലട്ട-ആ-പ്ര-പു-ബ) ശ്രിയഃ (ഈ—സ്ത്രീ—പ്ര—ബ).

അ— ഹെതൽഗതെ—യെ—ചെതസി- ചഞ്ചൽകാഞ്ചന കുണ്ഡലാംഗദധരാം— ആബന്ധകാഞ്ചീസ്രജം— ത്വാം—സ്ഥിരാം—കൃത്വാ- ക്ഷണം-അപി- ധ്യായന്തി— തെഷാം-വെശ്മസു-ശ്രിയഃ- അഹരഹഃ—വിഭ്രമാൽ—സ്ഫാരീഭവന്ത്യഃ—മാദ്യൽകുഞ്ജരകൎണ്ണതാലതരളാഃ അപി— ചിരം—സ്ഥൈൎയ്യം—ഭജന്തെ—

അൎത്ഥ—അല്ലയൊതൽഗതയായുള്ളൊവെ യാവചിലര ചെതസ്സിങ്കൽ ചഞ്ചൽകാഞ്ചനകുണ്ഡലാംഗദധാരയായി ആബദ്ധകാ

ഞ്ചീസ്രക്കായിരിക്കുന്ന നിന്തിരുവടിയെ സ്ഥിരയാക്കിച്ചെയ്തി
ട്ടു അല്പകാലമെങ്കിലും ധ്യാനിക്കുന്നുവൊ അവരുടെ വെശ്മങ്ങളി
ൽ ശ്രീകൾ അഹസ്സുകൾ അഹസ്സുകൾ വിഭ്രമംകൊണ്ടവായിട്ടുസ്മാ
രീഭവന്തികളായിട്ടു മാദ്യൽകുഞ്ജരകർണ്ണതാളതരളകളാകുന്നുവെ
ങ്കിലും വളരെകാലം സ്ഥൈര്യത്തെ ഭജിക്കുന്നു.

തരി— തൽഗതാ=അവരിൽ ഇരിക്കുന്നവൾ— അവർ=ധ്യാനി
ക്കുന്നവർ— (അല്ലായ്കിൽ തൽഗതാ=തത്തുകളെഗതാ— തത്തു
കൾ=സൃഷ്ട്യവസ്ഥകൾ—ഗതാ=അനുഗതാ— കിരീടകടകകുണ്ഡ
ലാദികളിൽ സ്വർണ്ണം ചെന്നിരിക്കുന്നതുപൊലെ കാര്യങ്ങളായ
സകലപദാർത്ഥങ്ങളിലും ചെന്നിരിക്കുന്നവൾ എന്ന താൽപര്യം)
ചെതസ്സ=ഹൃദയം (അനാഥതപദമെന്നു താൽപര്യം—)ചഞ്ചൽ
കാഞ്ചനകുണ്ഡലാംഗദധരാ= ചഞ്ചത്തുകളായിരിക്കുന്നകാഞ്ചന
കുണ്ഡലങ്ങളെയും അംഗദങ്ങളെയുംധരിക്കുന്നവൾ— ചഞ്ചത്തുക
ൾ=ഇളകിയങ്ങുന്നവ. കാഞ്ചനകുണ്ഡലങ്ങൾ=സ്വർണ്ണകുണ്ഡല
ങ്ങൾ—അംഗദങ്ങൾ=വളകൾ — ആബദ്ധകാഞ്ചീസ്രക്ക=ആബ
ദ്ധയായിരിക്കുന്നകാഞ്ചീസ്രക്കൊടുകൂടിയവൾ — ആബദ്ധാ=ആ
ബന്ധിക്കപ്പെട്ടത— ആബന്ധിക്ക= ധരിക്ക—കാഞ്ചീസ്രക്ക=സ്വ
ർണ്ണാബ്ജമാലാ (പൊന്താമരപ്പൂക്കൾകൊണ്ടു ഉണ്ടാക്കപ്പെട്ടമാലാ
അല്ലായ്കിൽ സ്രക്കപൊലെ ഇരിക്കുന്ന കാഞ്ചീ. സ്രക്ക=മാല
കാഞ്ചി=അരഞ്ഞാൺ—അഥവാ ആബദ്ധകാഞ്ചീസ്രക്ക=ആബദ്ധ
കളായിരിക്കുന്നകാഞ്ചീസ്രക്കകളൊടുകൂടിയവൾ—ആബദ്ധകൾ=
ധരിക്കപ്പെട്ടവ- കാഞ്ചീസ്രക്കുകൾ=കാഞ്ചിയുംസ്രക്കും)സ്ഥിരാ=
ഇളകാതെവസിക്കുന്നവൾ- അവർ= ധ്യാനിക്കുന്നവർ—വെശ്മ
ങ്ങൾ= ഗൃഹങ്ങൾ- ശ്രീകൾ=സംപത്തുകൾ—അഹസ്സ=ദിവസം
വിഭ്രമം=വിലാസം(ഭൂമി.ഹിരണ്യം.വ്രീഹിയവം-പശുക്കൾ.രത്ന
ങ്ങൾ.വസ്ത്രങ്ങൾ. എന്നിപ്രകാരം പലതായ രൂപത്തൊടുകൂടിഉ
ണ്ടാകുന്നപ്രകാരമെന്നു താൽപര്യം) സ്മാരീഭവന്തികൾ=സ്മാരക
ളായിഭവിച്ചിയങ്ങുന്നവ-സ്മാരകൾ=വർദ്ധിച്ചവ-മാദ്യൽകുഞ്ജരക
ർണ്ണതാളതരളകൾ=മാദ്യത്തുകളായിരിക്കുന്നകുഞ്ജരങ്ങളുടെകർണ്ണ
താളങ്ങൾപൊലെതരളകൾ—മാദ്യത്തുകൾ=മദിച്ചിയങ്ങുന്നവ-കു
ഞ്ജരങ്ങൾ=ഗജങ്ങൾ-കർണ്ണതാളങ്ങൾ=കർണ്ണങ്ങളാകുന്നതാളങ്ങൾ-ക
ർണ്ണങ്ങൾ=ചെവികൾ. താളങ്ങൾ=അടികൾ.തരളകൾ=അസ്ഥിര
കൾ. (അല്ലായ്കിൽ കർണ്ണതാളങ്ങൾ പൊലെയായിട്ടുതരളകൾ.
തരളകൾ=ഇളകുന്നവ. ഗജാദിസമൃദ്ധിയൊടുകൂടിയതുകൾ എ
ന്നുതാൽപര്യം) സ്ഥൈര്യം=സ്ഥിരത. ഭജിക്ക=ആശ്രയിക്ക—

സാരം—ഹരംശ്ലോകം ഉറൽപത്തകാഞ്ചനമായാലങ്കൽകാഞ്ചനകുണ്ഡലാം| രത്നാംഗദധരാം ഹേമപത്മമാലാപരിഷ്കൃതാം|| സൌവൎണ്ണരശനാം ചപത്താംപാശാംകുശവരാഭയൈ| ശോഭമാനകരാം ദേവീം ധ്യായേദ്വശ്യാം വശീജനാം|| എന്നു ശൈവാഗമശാസ്ത്രത്തിങ്കൽ വിധിക്കപ്പെട്ട വാഗ്വശീകരണോപാസനത്തിങ്കൽ ഉചിതമായ ധ്യാനപ്രകാരത്തിൻെറ സൂചകമാകുന്നു. തൽഗതെ എന്നുള്ളതുകൊണ്ടു മുമ്പെതന്നെ സാധകഹൃദയത്തിങ്കൽ വസിക്കുന്നവളാകകൊണ്ടു സ്ഥിരീകരണമാത്രത്തെ അവർ ചെയ്യാൽ മതി എന്നതിനെ ധ്വനിപ്പിച്ചിരിക്കുന്നു.

ശ്ലോകാൎത്ഥസംക്ഷേപം—അല്ലയൊ സൎവ്വഗതയായുള്ളൊരു ദെവി യാവചിലര ഹൃദയപത്മത്തിങ്കൽ ഇളകിയിയങ്ങുന്ന സുവൎണ്ണകുണ്ഡലങ്ങളൊടും വളകളൊടും പൊന്താമരമാലയൊടും പൊന്നരഞ്ഞാണൊടും കൂടിയ നിന്തിരുവടിയെ സ്ഥിരയാക്കി ചെയ്തിട്ട അല്പകാലമെങ്കിലും ധ്യാനിക്കുന്നുവൊ അവരുടെ ഗൃഹങ്ങളിൽ സംപത്തുകൾ സംപൂൎണ്ണകളായിട്ട വളരെകാലം സ്ഥിരതയെ പ്രാപിക്കുന്നു

൫൫. ഭക്ത്യാശശിഖണ്ഡമണ്ഡിതജടാജൂടാം നൃമുണ്ഡസ്രജം ബന്ധൂകപ്രസവാരുണാംബരധരാം പ്രേതാസനാധ്യാസിനീം | താം ധ്യായന്തി ചതുൎഭുജാം ത്രിനയനാമാപീനതുംഗസ്തനീം മധ്യെ നിമ്നവലിത്രയാംകിതതനും ത്വദ്രൂപസംവിത്തയെ||

രൂപം—ഭക്ത്യാ (ഹരം—സ്ത്രീ—തൃ-ഏ) ശശിഖണ്ഡമണ്ഡിതജടാജൂടാം (ആ-സ്ത്രീ—ദ്വി-ഏ) നൃമുണ്ഡസ്രജം (ജ—സ്ത്രീ—ദ്വി-ഏ) ബന്ധൂകപ്രസവാരുണാംബരധരാം (ആ—സ്ത്രീ—ദ്വി-ഏ) പ്രേതാസനാധ്യാസിനീം (ഹരം—സ്ത്രീ-ദ്വി—ഏ) താം (യൽ—ദ്വി-ഏ) ധ്യായന്തി (ലട്ട-പ-പ്ര—പു-ബ) ചതുൎഭുജാം-ത്രിനയനാം (ആ-സ്ത്രീ-ദ്വി-ഏ) ആപീനതുംഗസ്തനീം (ഹരം—സ്ത്രീ-ദ്വി-ഏ) മധ്യെ (അ—പു—സ—ഏ) നിമ്നവലിത്രയാംകിതതനും (ഉ-സ്ത്രീ-ദ്വി-ഏ) ത്വദ്രൂപസംവിത്തയെ (ഇ—സ്ത്രീ—ച—ഏ)

അ—മൊക്ഷാൎത്ഥിനഃ. ഭക്ത്യാ—പ്രേതാസനാധ്യാസിനീം-ശശിഖണ്ഡമണ്ഡിതജടാജൂടാം— നൃമുണ്ഡസ്രജം- ബന്ധൂകപ്രസവാരുണാംബരധരാം—ചതുൎഭുജാം—ത്രിനയനാം— ആപീനതുംഗസ്തനീം— മധ്യെ— നിമ്നവലിത്രയാംകിതതനും താം— ത്വദ്രൂപസംവിത്തയെ-ധ്യായന്തി.

അന്വ—മൊക്ഷാൎത്ഥികൾ ഭക്തികൊണ്ടു പ്രേതാസനാധ്യാസിനിയായി ശശിഖണ്ഡമണ്ഡിതജടാജൂടയായി നൃമുണ്ഡസ്ര

കമായി ബന്ധൂകപ്രസവാരുണാംബരധരയായി ചതുൎഭുജയായി ത്രിനയനയായി ആപീനതുംഗസ്തനിയായി മധ്യത്തിങ്കൽ നിമ്നവലിത്രയാംകിതതനുവായിരിക്കുന്ന നിന്തിരുവടിയെ താദൃപ സംധിതികമായികൊണ്ട ധ്യാനിക്കുന്നു.

പരി - മൊക്ഷാൎത്ഥികൾ= മൊക്ഷത്തെ ആഗ്രഹിക്കുന്നവര— ആഭ്ട്ടീ=ആഭ്ട്ടടി എന്ന ആസനം (തുടകളുടെ ഉപരിഭാഗത്തിങ്കൽ ഉടകളെ വെച്ചിട്ടുള്ള ഇരിപ്പിന്ന ആഭ്ട്ടീ എന്ന പെരാകുന്നു പ്രമാണം— ഊരുദ്വയന്നിധായാംഘ്ര്യോർവ്യാസസ്ഥിതിരാട്ടികാസനം എന്നുള്ള യോഗശാസ്ത്രമാകുന്നു) പ്രെതാസനാധ്യാസിനീ=പ്രെതാസനത്തിങ്കൽ ഇരിക്കുന്നവൾ. പ്രെതാസനം= പ്രെതനാകുന്ന ആസനം—പ്രെതൻ=പരമശിവൻ (പ്രകൎഷെണ ഇതനെന്നും പ്രകൎഷാ അതിശയമെന്നും ഇതൻ മെലനത്തെ പ്രാപിച്ചവനെന്നും അൎത്ഥമാകുന്നു— പ്രെതാസനപദം വാസുകിശയ്യയിങ്കൽ സുഖത്തൊടു കൂടുംവണ്ണം കിടക്കുന്ന പരമശിവനെ പറയുന്നതാകുന്നു) ശശിഖണ്ഡമണ്ഡിതജടാജൂടാ=ശശിഖണ്ഡംകൊണ്ട മണ്ഡിതമായിരിക്കുന്ന ജടാജൂടത്തൊടുകൂടിയവൾ ശശിഖണ്ഡം=ചന്ദ്രകലാ. മണ്ഡിതം=അലംകരിക്കപ്പെട്ടത. ജടാജൂടം=ജടാസമൂഹം— നൃമുണ്ഡസ്രക= നൃമുണ്ഡമാകുന്ന സ്രക്കൊടു കൂടിയവൾ. നൃമുണ്ഡം=മല്ലികാകുസുമം (മുല്ലപ്പൂവ വലുതായ മുത്തുമണി എന്ന ചിലരുടെപക്ഷം മറ്റുചിലര ചെമ്പകപ്പൂവ എന്നപറയുന്നു) സ്രക=മാലാ. (മുല്ലമാലയെ ധരിച്ചവൾ ഇത്യാദിതാൽപൎയ്യം) ബന്ധൂകപ്രസവാരുണാംബരധരാ= ബന്ധൂകപ്രസവംപൊലെ അരുണമായിരിക്കുന്ന അംബരത്തെ ധരിച്ചവൾ. ബന്ധൂകപ്രസവം=ബന്ധൂകത്തിന്റെ പ്രസവം— ബന്ധൂകം=ചെമ്പരത്തി. പ്രസവം=പൂവ. അരുണം= ചുവന്നിരിക്കുന്നത. അംബരം=വസ്ത്രം. ചതുൎഭുജാ=നാലുഭുജങ്ങളൊടുകൂടിയവൾ. ഭുജങ്ങൾ=കൈകൾ. ത്രിനയനാ= മൂന്നുനയനങ്ങളൊടു കൂടിയവൾ. നയനങ്ങൾ=കണ്ണുകൾ. ആപീനതുംഗസ്തനീ= ആപീനങ്ങളായി തുംഗങ്ങളായിരിക്കുന്ന സ്തനങ്ങളൊടു കൂടിയവൾ. ആപീനങ്ങൾ=തടിച്ചവ. തുംഗങ്ങൾ=ഉയൎച്ചയൊടുകൂടിയവ. സ്തനങ്ങൾ=മുലകൾ. മധ്യം=ശരീരമധ്യം. നിമ്നവലിത്രയാംകിതതനു=നിമ്നയായി വലിത്രയാംകിതയായിരിക്കുന്ന തനുവിനൊടുകൂടിയവൾ. നിമ്നാ=അവനതാ. വലിത്രയാംകിതാ=വലിത്രയം കൊണ്ട അംകിതാ. വലിത്രയം=വലികളുടെ ത്രയം. വലികൾ=നാഭിപ്രദെശത്തിങ്കൽനിന്ന മെൽഭാഗത്തിങ്കൽ നിലഞ്ഞ

ത്തിൽ അല്പം താഴ്ചയോടുകൂടിയവളുകളായിട്ടു ഉത്തമസ്ത്രീകൾ കാണപ്പെടുന്നരേഖകൾ. ത്രയം=മൂന്ന. അങ്കിതാ=അടയാളപ്പെടുത്ത. തനു=ശരീരം. തദ്രൂപസംവിത്തി=തദ്രൂപത്തിന്റെ സംവിത്തി. തദ്രൂപം=നിന്തിരുവടിയുടെ രൂപം സംവിത്തി=സമ്യഗ്ബോധം.

സാരം—ഈ ശ്ലോകം തൃതീയബീജത്തിന്റെ ഹകാരലകാരങ്ങളെ തള്ളിയാൽ പ്രണവതുല്യമായ ശിഷ്ടാക്ഷരത്തിന്റെ ദേവതയുടെ ധ്യാനപ്രകാരത്തെ പറയുന്നതാകുന്നു. ചതുർഭുജാമെന്ന പദംകൊണ്ടു പറയപ്പെട്ട കൈകളിൽ കരിമ്പിൻവില്ലും ചെന്താമരപ്പൂവാകുന്ന ശരവും കയറും തോട്ടിയും ധരിച്ചിരിക്കുന്നവളാകുന്നു എന്നു ആഗമാന്തരേണ അറിയപ്പെടുകയും വേണം. ഇക്ഷുചാപപ്രസൂനേഷുപാശാങ്കുശധരാം ധ്യായേൽകാമകലാംദേവീം കാമേശാങ്കനിവാസിനീം എന്നദേവാഗമരഹസ്യത്തിങ്കൽ പറയപ്പെട്ടിരിക്കുന്നു.

ശ്ലോകാർത്ഥസംക്ഷേപം—മോക്ഷാർത്ഥികൾ നിന്തിരുവടിയുടെ സ്വരൂപസാക്ഷാൽകാരത്തോടു കൂടാതെ മോക്ഷം ദുർല്ലഭമാകകൊണ്ടു അവർ നിന്തിരുവടിയുടെ സ്വരൂപസാക്ഷാൽകാരത്തിന്നായിക്കൊണ്ടു വാസുകിശയനത്തിങ്കൽ സുഖത്തോടു കൂടുംവണ്ണം കിടക്കുന്ന പരമശിവന്റെ മടിയിൽ ഇരിക്കുന്നവളായി ചന്ദ്രന്റെ കലകൊണ്ടലങ്കരിക്കപ്പെട്ട ജടാഭാരത്തോടു കൂടിയവളായി മുല്ലമാലയെ ധരിച്ചിരിക്കുന്നവളായി ചെമ്പരത്തിയുടെ പൂവുപോലെ ചുവന്നിരിക്കുന്ന വസ്ത്രത്തെ ധരിച്ചിരിക്കുന്നവളായി കരിമ്പിൻവില്ലും ചെന്താമരപ്പൂവാകുന്ന ശരവും കയറും തോട്ടിയുമാകുന്ന നാല ആയുധങ്ങളോടു കൂടിയിരിക്കുന്ന നാല കൈകളോടുകൂടിയവളായി മൂന്ന കണ്ണുകളോടുകൂടിയവളായി സർവ്വാവയവസുന്ദരിയായിരിക്കുന്ന നിന്തിരുവടിയെ ധ്യാനിക്കുന്നു.

൧൮. ജാതോപ്യല്പപരിച്ഛദേ ക്ഷിതിഭുജാം സാമാന്യമാത്രേ കുലേ നിശ്ശേഷാവനിചക്രവർത്തിപദവീം ലബ്ധ്വാ പ്രതാപോന്നതഃ। യദ്വിദ്യാധരവൃന്ദവന്ദിതപദഃ ശ്രീവത്സരാജോഭവേദ്ദേവി ത്വച്ചരണാംബുജപ്രണതിജഃ സോയം പ്രസാദോദയഃ॥

രൂപം—ജാതഃ (ന—പു—പ്ര—ഏ) അപി (അ) അല്പപരിച്ഛദേ (അ—ന—സ—ഏ) ക്ഷിതിഭുജാം (ജ—പു—ഷ—ബ) സാമാന്യമാത്രേ കുലേ (അ. ന. സ—ഏ) നിശ്ശേഷാവനിചക്രവർത്തിപദവീം (ഈ സ്ത്രീ—ദ്വി. ഏ) ലബ്ധ്വാ (ക്ത്വാ—അ) പ്രതാപോന്നതഃ (അ. പു—പ്ര—

ഏ) യൽ (യച്ഛ—ന—പ്ര—ഏ) വിദ്യാധരവൃന്ദവന്ദിതപദഃ— ശ്രീവത്സരാജഃ(അ—പു-പ്ര—ഏ)അഭവൽ(ലങ-പ—പ്ര-പു-ഏ)പദവീം(ഈം—സ്ത്രീ—ദ്വി—ഏ)താച്ചരണാംബുജപ്രണതിജഃ(അ—പു-പ്ര-ഏ)സഃ (തച്ഛ—പു—പ്ര—ഏ)അയം(ഇദം—പു—പ്ര-ഏ) പ്രസാദോദയഃ (അ—പു-പ്ര—ഏ)

അ—ഹേ—ദേവി—ശ്രീവത്സരാജഃ—ക്ഷിതിഭുജാം—സാമാന്യമാത്രേ—അല്പപരിച്ഛദേ-കുലേ-ജാതഃ—അപി—പ്രതാപോന്നതഃ-നിശ്ശേഷാവനിചക്രവർത്തിപദവീം—ലബ്ധ്വാ— വിദ്യാധരവൃന്ദവന്ദിതപദഃ—അഭവൽ—യൽ-സഃ-അയം—താച്ചരണാംബുജപ്രണതിജഃ—പ്രസാദോദയഃ—

അന്വ— അല്ലയോ ദേവി ശ്രീവത്സരാജൻക്ഷിതിഭുക്കുകളുടെ സാമാന്യമാത്രമായി അല്പപരിച്ഛദമായിരിക്കുന്ന കുലത്തിങ്കൽ ജാതനാകുന്നു എങ്കിലും പ്രതാപോന്നതനായി നിശ്ശേഷാവനിചക്രവർത്തിപദവിയെ ലഭിച്ചിട്ട വിദ്യാധരവൃന്ദവന്ദിതപദനായി ഭവിച്ചു എന്നത യാതൊന്നൊ അത ഇത താച്ചരണാംബുജപ്രണതിജമായിരിക്കുന്ന പ്രസാദോദയമാകുന്നു.

പരി— ശ്രീവത്സരാജൻ= ശ്രീവത്സരാജനാകുന്ന രാജാവ. ക്ഷിതിഭുക്കുകൾ=രാജാക്കന്മാര. സാമാന്യമാത്രം=കെവലംസാമാന്യം. സാമാന്യം=സാധാരണം. അല്പപരിച്ഛദം=അല്പമായിരിക്കുന്ന പരിച്ഛദത്തൊടുകൂടിയത. പരിച്ഛദം=ധനധാന്യാദി. കുലം=വംശം. ജാതൻ=ജനിച്ചവൻ. പ്രതാപോന്നതൻ= പ്രതാപം ഹെതുവായിട്ട ഉന്നതൻ. പ്രതാപം=പരാക്രമം. ഉന്നതൻ=സർവ്വോൽകൃഷ്ടൻ. നിശ്ശേഷാവനിചക്രവർത്തിപദവീ= നിശ്ശേഷാവനിചക്രവർത്തിയുടെപദവി. നിശ്ശേഷാവനിചക്രവർത്തി= നിശ്ശേഷാവനിചക്രത്തെ വർത്തിപ്പിക്കുന്നവൻ. നിശ്ശേഷാവനിചക്രം=നിശ്ശേഷമായിരിക്കുന്ന അവനിചക്രം. നിശ്ശേഷം=ശെഷിക്കാതെ ഉള്ളത. അവനിചക്രം=ഭൂമണ്ഡലം. വർത്തിപ്പിക്ക=തനിക്ക അധീനമാക്കി നിറുത്തുക. പദവീ=മാൎഗ്ഗം വിദ്യാധരവൃന്ദവന്ദിതപദൻ =വിദ്യാധരവൃന്ദത്താൽ വന്ദിതങ്ങളായിരിക്കുന്ന പദങ്ങളൊടു കൂടിയവൻ. വിദ്യാധരവൃന്ദം= വിദ്യാധരന്മാരുടെ വൃന്ദം. വിദ്യാധരന്മാർ=വിദ്യകളെ ധരിച്ചവർ. വിദ്യകൾ=വെദവെദാംഗാദികൾ. ധരിക്ക=ഗ്രഹിക്ക. വൃന്ദം=സമൂഹം. വന്ദിതങ്ങൾ= വന്ദിക്കപ്പെട്ടവ. വന്ദിക്ക= നമസ്കരിക്ക. പദങ്ങൾ= പദങ്ങൾ. താച്ചരണാംബുജപ്രണതിജം= താച്ചരണാംബുജപ്രണതിയിങ്കൽ നിന്ന ജനിച്ചത. താച്ചരണാംബുജപ്ര

ണതി= താമ്രചരണാംബുജങ്ങളുടെപ്രണതി. താമ്രചരണാംബുജങ്ങൾ= നിന്തിരുവടിയുടെ ചരണാംബുജങ്ങൾ. ചരണാംബുജങ്ങൾ=അംബുജങ്ങൾ പോലെ ഇരിക്കുന്ന ചരണങ്ങൾ. അംബുജങ്ങൾ= താമരപ്പൂക്കൾ–ചരണങ്ങൾ=. പാദങ്ങൾ പ്രണതി= നമസ്കാരം. പ്രസാദോദയം= പ്രസാദത്തിന്റെ ഉദയം. പ്രസാദം=അനുഗ്രഹാഭിമുഖ്യം. ഉദയം=ഉത്ഭവം.

സാ–വാമെപുസ്തകധാരിണീമിത്യാദി ശ്ലോകം കൊണ്ടു ദേവിയെ സെവിക്കാത്തവർ ഒരു കാലത്തിങ്കലും സർവ്വജ്ഞന്മാരായി ഭവിക്കയില്ലെന്നുപറഞ്ഞു ആയത സാമ്രാജ്യത്തെ പ്രാപിക്കയില്ല എന്നതിന്റെ ഉപലക്ഷണമാകുന്നു. ഈ ശ്ലോകംകൊണ്ടുസാമ്രാജ്യവുംസർവ്വജ്ഞതയും ദെവിയെ സെവിച്ചാൽ ലഭിക്കപ്പെടുമെന്നതിനെ വത്സരാജാവസ്ഥയെ പ്രസംഗിച്ചിട്ടു ദൃഢമാക്കി തൈചതിരിക്കുന്നു.

ശ്ലോകാൎത്ഥസംക്ഷെപം–അല്ലയൊ ദെവി വത്സരാജനെന്ന രാജാവ അല്പമായ സംപത്തൊടുകൂടിയ സാധാരണ രാജവംശത്തിങ്കൽ ജനിച്ചവനാകുന്നു എങ്കിലും പ്രതാപംകൊണ്ടു ഇതരന്മാരായിരിക്കുന്ന രാജാക്കന്മാരെ ജയിച്ചു സകലമായ ഭൂമണ്ഡലത്തെ തനിക്കു അധീനമാക്കി അത്രയുമല്ല ദെവവെദാംഗാദിവിദ്യകളെ ഗ്രഹിച്ചവരാൽ നമസ്കരിക്കപ്പെട്ട പാദങ്ങളൊടു കൂടിയവനായി ഭവിക്കയും ചെയ്തു. ഇത നിന്തിരുവടിയുടെ പ്രസാദം ഹെതുവായിട്ടു ഉണ്ടായതാകുന്നു.

൫൬. ഖണ്ഡിതാമ്രചരണാംബുജാച്ഛനക്രതെവിലപീഭലൊല്ലൊന്നതുട്യൽകണ്ടകകൊടിഭിഃ പരിചയംയെഷാന്നജഃ കരാഃ। തെദണ്ഡാങ്കശവജ്ര ചാപകലിശ ശ്രീവത്സമത്സ്യാംകിതൈർജ്ജായന്തെപൃഥിവീഭുജഃ കഥമിവാംഭൊജപ്രഭൈഃ പാണിഭിഃ।

ന്വയം–ഖണ്ഡി (൦രം–സ്ത്രീ–സം–പ്ര–ഏ) താമ്രചരണാംബുജാച്ഛനക്രതെ (അ) വിലപീഭലൊല്ലന്നതുട്യൽകണ്ടകകൊടിഭിഃ(ഇ-സ്ത്രീ–തൃ–ബ)പരിചയം (അ–പു –ദ്വി–ഏ)യെഷാം (യച്ഛ–പു–ഷ-ബ)ന (അ)ജന്മഃ(ലട്ട–പ–പ്ര–ബ) കരാഃ(അ–പു–പ്ര–ബ)തെ(തച്ഛ–പു–പ്ര–ബ)ദണ്ഡാംകശവജ്ര ചാപകലിശശ്രീവത്സമത്സ്യാംകിതൈഃ (അ–പു–തൃ–ബ)ജായന്തെ(ലട്ട-ആ–പ്ര–പു –ബ) പൃഥിവീഭുജഃ(ജ–പു–പ്ര–ബ) കഥമിവ (ജ) അംഭൊജപ്രഭൈഃ(അ–പു–തൃ-ബ)പാണിഭിഃ(ഇ–പു–തൃ–ബ)

അ–പെ–ഖണ്ഡി– താമ്രചരണാംബുജാച്ഛനകൃതെ– വിലപീഭലൊല്ലന്നതുട്യൽകണ്ടകകൊടിഭിഃ–പരിചയം–യെഷാംക

രാഃ ന — ജഗ്മുഃ — തേ — ദണ്ഡാംകുശചക്രചാപകുലിശശ്രീവത്സമത്സ്യാംകിതൈഃ — അംഭോജപ്രഭൈഃ — പാണിഭിഃ ഉപലക്ഷിതാഃ — പൃഥിവീഭുജഃ — കഥമിവ — ജായന്തേ —

അന്വ — അല്ലയൊ ചണ്ഡിയായുള്ളൊവെ ത്വച്ചരണാംബുജാൎച്ചനത്തിന്നായിക്കൊണ്ട വില്വീദലൊല്ലുണ്ഠനത്രുട്യൽകണ്ടകകോടികളോടുകൂടെ പരിചയത്തെ യാവചിലരുടെ കരങ്ങൾ ഗമിച്ചില്ലയൊ അവര ദണ്ഡാംകുശചക്രചാപകുലിശശ്രീവത്സമത്സ്യാംകിതങ്ങളായി അംഭോജപ്രഭങ്ങളായിരിക്കുന്നപാണികളൊട ഉപലക്ഷിതന്മാരായിരിക്കുന്ന പൃഥിവീഭുക്കുകളായിട്ട എങ്ങിനെ ജനിക്കുന്നു

പരി — ചണ്ഡീ= അത്യന്തകോപനാ-(സെവിക്കാത്തവൎക്ക അനിഷ്ടഫലത്തെകൊടുപ്പാൻസാമൎത്ഥ്യമുള്ളവൾ എന്ന താൽപൎയ്യം) ത്വച്ചരണാംബുജാൎച്ചനം=ത്വച്ചരണാംബുജങ്ങളുടെ അൎച്ചനം. ത്വച്ചരണാംബുജങ്ങൾ=നിന്തിരുവടിയുടെചരണാംബുജങ്ങൾ. ചരണാംബുജങ്ങൾ=അംബുജങ്ങൾപൊലെ ഇരിക്കുന്ന ചരണങ്ങൾ. അംബുജങ്ങൾ=താമരപ്പൂക്കൾ. ചരണങ്ങൾ=പാദങ്ങൾ — അൎച്ചനം=പൂജാ, വില്വീദലൊല്ലുണ്ഠനത്രുട്യൽകണ്ടകകോടികൾ=വില്വീദലങ്ങളുടെ ഉല്ലുണ്ഠനത്തിങ്കൽത്രുട്യന്തികളായിരിക്കുന്നകണ്ടകകോടികൾ. വില്വീദലങ്ങൾ=വില്വിയുടെദലങ്ങൾ വില്വീ=കൂവളം. ദലങ്ങൾ=ഇലകൾ ഉല്ലുണ്ഠനം=ഛേദനം. ത്രുട്യന്തികൾ=ത്രുടിച്ചിയങ്ങുന്നവ. ത്രുടിക്ക=തടയുക കണ്ടകകോടികൾ=കണ്ടകങ്ങളുടെകോടികൾ. കണ്ടകങ്ങൾ=മുള്ളുകൾ. കോടികൾ=അഗ്രങ്ങൾ. കരങ്ങൾ=കൈകൾ ഗമിക്ക=പ്രാപിക്ക ദണ്ഡാംകുശചക്രചാപകുലിശശ്രീവത്സമത്സ്യാംകിതങ്ങൾ=ദണ്ഡാംകുശചക്രചാപകുലിശശ്രീവത്സമത്സ്യങ്ങളെക്കൊണ്ട അംകിതങ്ങൾ ദണ്ഡാംകുശചക്രചാപകുലിശശ്രീവത്സമത്സ്യങ്ങൾ= ദണ്ഡവും അംകുശവുംചക്രവും ചാപവും കുലിശവും ശ്രീവത്സവുംമത്സ്യവും ദണ്ഡ=ദണ്ഡരെഖാ (ഇതുപൊലെഅംകുശംമുതലായതുകളും.അംകുശരെഖമുതലായതുകളാകുന്നു) അംകിതങ്ങൾ=അടയാളപ്പെട്ടവ. അംഭോജപ്രഭങ്ങൾ=അംഭോജങ്ങളുടെപ്രഭപൊലെ ഇരിക്കുന്ന പ്രഭയൊടുകൂടിയവ. അംഭോജങ്ങൾ=താമരപ്പൂക്കൾ പാണികൾ= കൈകൾ. ഉപലക്ഷിതന്മാർ=യുക്തന്മാർ (കൂടിയവര) പൃഥിവീഭുക്കുകൾ=രാജാക്കന്മാർ

സാരം — ചണ്ഡി എന്നപദം കൊണ്ട സെവിക്കാത്തവൎക്ക അനിഷ്ടഫലത്തെ കൊടുക്കുന്നവളാകുന്നു എന്ന പറയപ്പെട്ടത

അനിഷ്ടത്തിങ്കൽനിന്ന ഭയത്തെ ഉൽപാദിപ്പിച്ചിട്ടെങ്കിലും ശാ
സ്ത്രാചാൎയ്യവചനത്തെ നിരസിച്ചനടക്കുന്ന ദ്വിജന്മാരെക്കൂടെ
തന്നെ സെവിക്കുന്നവരാക്കി അവൎക്ക അനുഗ്രഹത്തെ ചെ
യ്യണമെന്ന ഹൃദയത്തിങ്കലിരിക്കുന്ന വാത്സല്യാതിശയത്തെ
ധ്വനിപ്പിക്കുന്നതാകുന്നു. ഖണ്ഡാംകുശപക്ഷചാപകലിശശ്രീവ
ത്സമത്സ്യാംകിതൈഃ ഇത്യാദിവിശെഷണം പൃഥിവീഭൎത്തൃത്വ
ചക്രവൎത്തിത്വത്തെ പ്രകാശിപ്പിക്കുന്നതാകുന്നു. ഇവിടെ വാക്യ
ശെഷമായിട്ട ഇങ്ങിനെകവികളായിട്ടുംജനിക്കുന്നു എന്നുള്ള അ
ൎത്ഥത്തിന്റെവാചകങ്ങളായ പദങ്ങളെ ചെൎക്കുകയും വെണം
ചാമരപുസ്തകധാരിണീം ഇത്യാദിശ്ലോകത്തിങ്കൽ സാമ്രാജ്യത്തി
ന്റെ ഉപലക്ഷണമാകുന്നു. ഇവിടെ വാക്യാൎത്ഥം സൎവ്വജ്ഞത്വ
ത്തിന്റെ ഉപലക്ഷണമാകുന്നു.

ശ്ലോകാൎത്ഥസംക്ഷെപം— അല്ലയൊ ചണ്ഡിയായുള്ളൊവെ
നിന്തിരുവടിയുടെ പാദാരവിന്ദങ്ങളെ പൂജിപ്പാനായിക്കൊണ്ടു കു
വളത്തിലകളെ പറിച്ചെടുക്കുന്ന സമയം കുവളത്തിന്റെ മുള്ളുക
ളുടെ അഗ്രങ്ങൾ ഉള്ള കൈകളിൽ തടഞ്ഞ യാവചിലരുടെ കൈക
ൾക്ക രെഖാത്രുപങ്ങളായ മുറിവുകളെ ഉണ്ടാക്കീട്ടില്ലയൊ അവർ ഖ
ണ്ഡാംകുശാദിരെഖകളൊടുകൂടിയതുകളായി താമരപ്പൂവിന്റെ പ്ര
ഭപൊലെ ഇരിക്കുന്ന പ്രഭയൊടുകൂടിയതുകളായിരിക്കുന്ന കൈ
കളൊടുകൂടിയ രാജാക്കന്മാരായിട്ട ഒരു പ്രകാരത്തിലും ഭവിക്കുന്നി
ല്ല.

൨൦. വിപ്രാഃക്ഷൊണിഭുജൊവിശസ്തദിതരെക്ഷീരാജ്യമ
ധ്വാസവൈസ്ത്വാംദെവിത്രിപുരെപരാപരമയീം സന്തൎപ്പ്യപൂജാ
വിധൌ യാം യാം പ്രാൎത്ഥയതെമനഃസ്ഥിരതയാതെഷാന്തഏത
ദ്ധ്രുവം താന്താംസിദ്ധിമവാപ്നുവന്തിതരസാവിഘ്നൈരവിഘ്നീകൃ
താഃ॥

രൂപം— വിപ്രാഃ (അ—പു—പ്ര—ബ) ക്ഷൊണിഭുജഃ (ജ-പു—
പ്ര-ബ) വിശഃ (ശ—പു-പ്ര—ബ—) തദിതരെ (അ—പു—പ്ര-ബ)
ക്ഷീരാജ്യമധ്വാസവൈഃ (അ-ന—തൃ—ബ) ത്വാം (യുഷ്മ-ദ്വി—എ)
ദെവി (ഇ-സ്ത്രീ—സം—പ്ര-എ) ത്രിപുരെ (ആ-സ്ത്രീ-സം-പ്ര—എ)
പരാപരമയീം (ഈ-സ്ത്രീ-ദ്വി-എ) സന്തൎപ്പ്യ (പ്ര—അ) പൂജാവി
ധൌ (ഇ—പു—സ—എ) യാം യാം (യച്ഛ—സ്ത്രീ-ദ്വി—എ) പ്രാൎത്ഥയ
തെ (ലട്ട—ആ—പ്ര—പു—എ) മനഃ (സ—ന—പ്ര-എ) സ്ഥിരതയാ
(ആ-സ്ത്രീ—തൃ—എ) തെഷാം (തച്ഛ—പു—ഷ—ബ) തെ (തച്ഛ—പു—
പ്ര—ബ) എതെ (എത—പു—പ്ര—ബ) ധ്രുവം (അ) താം താം (ത

ശൂ—സ്ത്രീ—ദ്വി—ഏ) സിദ്ധിം (ഇ—സ്ത്രീ—ദ്വി—ഏ) അവാപ്നുവന്തി (ലട്ട—ഥ—പ്ര—പു—ബ) തരസാ (അ) വിഘ്നൈഃ (ആ—പു—തൃ—ബ) അവിഘ്നീകൃതാഃ (അ—പു—പ്ര—ബ).

അ—ഹേ—ത്രിപുരേ—ദേവി—വിപ്രാഃ— ക്ഷോണിഭുജഃ— വിശഃ— തദിതരേ- ക്ഷീരാജ്യമധ്വാസവൈഃ- പരാവരമയീം- ത്വാം- പൂജാവിധൌ- സന്തർപ്പ്യ—തേഷാം— മനഃ- സ്ഥിരതയാ- യാം— യാം—പ്രാർത്ഥയതേ- തേ—ഏതേ—തരസാ—വിഘ്നൈഃ—അവിഘ്നീകൃതാഃ- താം- താം— സിദ്ധിം— അവാപ്നുവന്തി— ധ്രുവം—

അന്വ—അല്ലയൊ ത്രിപുരയായുള്ളൊരു ദേവി വിപ്രന്മാരും ക്ഷോണിഭുക്കുകളും വിട്ടുകളും തദിതരന്മാരും ക്ഷീരാജ്യമധ്വാസവങ്ങളെക്കൊണ്ട പരാവരമയിയായിരിക്കുന്ന നിന്തിരുവടിയെ പൂജാവിധിയിങ്കൽ സന്തർപ്പിച്ചിട്ട അവരുടെ മനസ്സു സ്ഥിരതയോടുകൂടെയാതൊന്നിനെയാതൊന്നിനെപ്രാർത്ഥിക്കുന്നുവൊ അതു ഇവർ വേഗേന. വിഘ്നങ്ങളാൽ അവിഘ്നീകൃതന്മാരായിട്ട അതു അതു സിദ്ധിയെ അവാപിക്കുന്നു നിശ്ചയം.

പരി—വിപ്രന്മാർ= ബ്രാഹ്മണർ—ക്ഷോണിഭുക്കുകൾ= ക്ഷത്രിയന്മാർ. വിട്ടുകൾ= വൈശ്യന്മാർ. തദിതരന്മാർ=അവരിൽനിന്ന ഇതരന്മാർ—അവർ=വിപ്രാദികൾ. ഇതരന്മാർ=അന്യന്മാർ. ക്ഷീരാജ്യമധ്വാസവങ്ങൾ= ക്ഷീരവും ആജ്യവുംമധുവും ആസവവും— ക്ഷീരം=പാല. ആജ്യം=നെയ്യ. മധു=തേൻ. ആസവം=മദ്യം. പരാവരമയീ=കാര്യകാരണരൂപാ. പൂജാവിധി=പൂജയുടെവിധി—വിധി=അനുഷ്ഠാനം— സന്തർപ്പിക്ക= സന്തോഷിപ്പിക്ക— അവർ=വിപ്രാദികൾ. സ്ഥിരതാ=സ്ഥൈര്യം— പ്രാർത്ഥിക്ക=അപേക്ഷിക്ക— ഇവർ=വിപ്രാദികൾ— വിഘ്നങ്ങൾ=മുടക്കങ്ങൾ— അവിഘ്നീകൃതന്മാർ=അവിഘ്നന്മാരാക്കിച്ചെയ്യപ്പെട്ടവർ— അവിഘ്നന്മാർ=വിഘ്നത്തോടുകൂടാത്തവർ—സിദ്ധി—ഫലം—അവാപിക്ക=പ്രാപിക്ക.

സാരം—— വിപ്രാഃക്ഷോണീഭുജോവിശസ്തദിതരേക്ഷീരാജ്യമധ്വാസവൈഃ॥ എന്നുള്ളതുകൊണ്ട ക്ഷീരാദികൾനാലുംവിപ്രാദികളോട പ്രത്യേകം സംബന്ധിക്കുന്നു എന്നും ക്ഷീരാദികളിൽ ഓരോന്നുയഥാക്രമമായിട്ട വിപ്രാദികളോടസംബന്ധിക്കുന്നു എന്നും അർത്ഥഗതിഉണ്ട. ഇതിൽരണ്ടാമത്തെപക്ഷത്തെഗ്രഹിച്ചാൽ ബ്രാഹ്മണോനസുരാംപിബേൽ എന്നുള്ള വാക്യത്തിന്റെ വിഷയസങ്കോചകല്പനക്കായിക്കൊണ്ട ഗതിയെ അന്വേഷിക്കാതെകഴിയും. പ്രഥമ പക്ഷത്തെ ഗ്രഹിച്ചാൽ ആയത വൈദിക വചനമായ ഇഷ്ടശിഷ്ടാശനവിധിയാൽ ഉപദേശിക്കപ്പെടുന്ന

ഇതഹേതുവായിട്ടരണ്ടാമത്തെപക്ഷംയുക്തമാകുന്നു· ഗത്യന്തരമില്ല
എങ്കിൽ ഇഷ്ടശിഷ്ടാശനവിധാനസാമൎത്ഥ്യംഹേതുവായിട്ട ഇ
ഷ്ടശിഷ്ടമായത ആസവമായിരുന്നാലും അത വിപ്രാദികളാൽ
പാനംചെയ്യപ്പെടാമെന്നുള്ള കല്പനയെ തരുന്നതാകുന്നു· ക്ഷീരാദി
കൾ യഥാക്രമെണ സംബന്ധിച്ചാൽ ഇഷ്ടശിഷ്ടത്വം ക്ഷീ
രാദികളിൽ തന്നെ അവക്ക നിയമെന സിദ്ധിക്കുന്നതാകകൊ
ണ്ട ഇഷ്ടശിഷ്ടാശനവിധിയാൽ മെൽപറകപ്പെട്ട സുരാപാന
പ്രതിഷെധകവാക്യത്തിന്റെ വിഷയസംകൊചം സാധിക്ക
പ്പെടുന്നു എന്നുള്ള കല്പനക്ക അവസരമില്ല· ആയതഹേതുവാ
യിട്ട വിപ്രാദികളോട ക്ഷീരാദികൾക്ക പ്രത്യെകസംബന്ധമാ
കുന്നു എന്ന ഇവിടെ ഒരുപൂൎവ്വപക്ഷത്തെ ചിലർ കാണിക്കുന്നു·
സിദ്ധാന്തസ്ഥിതി വിപ്രാദികൾക്ക തുല്യന്യായെന പാല മുത
ലായതുകൾ നാലും ഗ്രഹിക്കപ്പെടുവാൻ യൊഗ്യങ്ങളാകുന്നു എ
ന്നാകയാൽ ആദ്യപക്ഷം തന്നെ ഗ്രാഹ്യമാകുന്നു എന്ന അറി
ഞ്ഞുകൊൾകയും വെണം· സൌത്രാമണീന്യായെന പൈഷ്ടി
യായിരിക്കുന്ന സുരകൊണ്ട വിപ്രന പരദെവതാതൎപ്പണം ദൊ
ഷത്തിന്ന കാരണമാകയുമില്ല· ഉച്ഛിഷ്ടണപാനത്തെ ചെയ്യു
ന്ന വിപ്രനെ പരിക്രയണം ചെയ്യെണമെന്നുള്ള വിധിയുടെ
സാമൎത്ഥ്യം ഹെതുവായിട്ട മെൽപറകപ്പെട്ടപ്രകാരം ഇവിടെ
സിദ്ധാന്തത്തെ ഗ്രഹിക്കുന്നത യുക്തമാകുന്നു· എന്നാൽ ആസ
വപാനം ബ്രാഹ്മണന്നാൽ കൎത്തവ്യമായിവരുമെന്നു ശംകവെ
ണ്ട· സൌത്രാമണീന്യായെന പ്രാണഭക്ഷണം കൊണ്ട ഇവി
ടെയും ഇഷ്ടശിഷ്ടാശനവിധിവാക്യം ചരിതാൎത്ഥമായി ഭവിക്കു
ന്നതാകുന്നു· ഇവിടെ പ്രാചീനന്മാർ വളരെ പരാക്രമവിശെ
ഷങ്ങളെ കാണിച്ചിരിക്കുന്നു· ഞാൻ അവരുടെ മാൎഗ്ഗത്തെ അ
നുസരിപ്പാൻ ശക്തനല്ല—പൂജാപ്രകാരത്തെ ഇതിന്നു താഴെ
സംക്ഷെപിച്ച പറയുന്നു—പൊന്നിൻതകിടിലൊ വെള്ളിത്ത
കിടിലൊ ചെമ്പിൻതകിടിലൊ ചതുരശ്രൃദായമദ്ധ്യവൎത്തിയായ
അഷ്ടദലപത്മത്തെ വരച്ച അതിന്റെ കൎണ്ണികയിൽ നവയൊ
നിചക്രത്തെ വരച്ച മനൊഹരമായി ശുദ്ധമായി ഗന്ധദ്രവ്യങ്ങ
ളെകൊണ്ട പൂശപ്പെട്ടതായി ദാരുമയമായിരിക്കുന്ന പീഠത്തി
ങ്കൽ യഥാവിധി അഭിഷെകാദി സംസ്കാരത്തെ ചെയ്തു മെൽ
പറകപ്പെട്ട തകിടവെച്ച മുമ്പിലിരുന്ന ജപാദിസകല കൎമ്മങ്ങ
ളെയും ചെയ്യു ഇടത്തെ ഭാഗത്തിങ്കൽ ഒരു ശംഖിൽ സാമാന്യാ
ൎഘ്യത്തെയും വലത്തെഭാഗത്തിങ്കൽ സ്വൎണ്ണംകൊണ്ടൊ വെള്ളി

കൊണ്ടൊ ഉണ്ടാക്കപ്പെട്ട പാത്രത്തിൽ വിശേഷാൎഘ്യത്തെയും സമ്പാദിച്ചിട്ട മൂൎദ്ധാവിൽ ശ്രീനാഥപങ്ക്തിയെയും രഹസ്യചരണചതുഷ്ടയത്തെയും മൂലാധാരത്തിങ്കൽ ഗണപതിയെയും ഹൃദയത്തിങ്കൽ മൂലവിദ്യകൊണ്ട സപ്തതിവാരയായിരിക്കുന്ന ദെവിയെയും ഗന്ധാക്ഷതകുസുമാമൃതവിന്ദുക്കളെക്കൊണ്ടു തൎപ്പിച്ച തത്വത്രയപ്രകാശനത്തെ ചെയ്തിട്ട ദെവതാത്രൂപനായി ഭാവിച്ച ആവാഹിച്ച പൂജയെ ആരംഭിക്കെണമെന്ന അറിഞ്ഞുകൊൾകയും വെണം. ഇവിടെ വിശെഷാൎഘ്യത്തെ സംബന്ധിച്ചിരിക്കുന്നതുകളായിട്ട ചില വികല്പങ്ങളും ഉണ്ട. ബ്രാഹ്മണന പാല-പാലകിട്ടാതെഇരുന്നാൽ നെയ്യ-പാലും നെയ്യുംകിട്ടാതെഇരുന്നാൽ തെൻ-പാലും നെയ്യും തെനും കിട്ടാതെഇരുന്നാൽ മദ്യം-മെൽപറകപ്പെട്ടതുകളായ നാലും കിട്ടാതെഇരുന്നാൽഗന്ധൊദകമെന്ന ആഗമസിദ്ധാന്തമാകുന്നു. ക്ഷത്രിയന്ന നെയ്യ-നെയ്യകിട്ടാതെഇരുന്നാൽപാല-നെയ്യും പാലുംകിട്ടാതെഇരുന്നാൽ തെൻ-നെയ്യും പാലുംതെനും കിട്ടാതെഇരുന്നാൽ മദ്യം-സൎവ്വാലാഭത്തിങ്കൽ ഗന്ധൊദകംതന്നെ. വൈശ്യന്ന തെൻ-തെൻകിട്ടാതെഇരുന്നാൽ നെയ്യ. തെനും നെയ്യും കിട്ടാതെഇരുന്നാൽപാല-തെനും നെയ്യും പാലുംകിട്ടാതെഇരുന്നാൽ മദ്യം-സൎവ്വാലാഭത്തിങ്കൽ ഗന്ധൊദകംതന്നെ-ശൂദ്രന്ന മദ്യം-മദ്യംകിട്ടാതെഇരുന്നാൽ തെൻ-മദ്യവും തെനും കിട്ടാതെഇരുന്നാൽ നെയ്യ-മദ്യവും തെനും നെയ്യുംകിട്ടാതെഇരുന്നാൽ പാല-സൎവ്വാലാഭത്തിങ്കൽ ഗന്ധൊദകംതന്നെ. ദക്ഷിണമാൎഗ്ഗാനുസാരികളായിരിക്കുന്ന വിപ്രക്ഷത്രിയവൈശ്യന്മാർ മദ്യംകൊണ്ട ചെയ്യപ്പെടുന്നു എങ്കിൽ അവർ അവസാനത്തിങ്കൽ മദ്യത്തെ ഭ്രാണിക്കുന്നവരാകുന്നു. തത്വത്രയപ്രകാശത്തെ ശംഖഗതമായിരിക്കുന്നഗന്ധൊദകംകൊണ്ടു ചെയ്യുന്നവരാകുന്നു വാമമാൎഗ്ഗാനുസാരികളാകിൽ അവർ തത്വത്രയപ്രകാശനാദികൎമ്മത്തെ മദ്യംകൊണ്ട ചെയ്യുന്നവരാകുന്നു. ഇനി ബാഹ്യാൎച്ചനവിധിയെ പറയുന്നു-പീഠത്തിന്റെ വാമദക്ഷിണഭാഗങ്ങളിൽ ഗുരുവിനെയും ഗണപതിയെയും അൎച്ചിച്ച മദ്ധ്യത്തിങ്കൽ കാലാഗ്നിരുദ്രനെയും ആധാരശക്തിയെയും അനന്തനെയും പൃഥിവിയെയും വിദ്യാബ്ധിയെയും പൊതാംബുജാസനത്തെയും ചക്രാസനത്തെയും സൎവ്വമന്ത്രാസനത്തെയും സാദ്ധ്യസിദ്ധാസനത്തെയും രത്നപൎയ്യങ്കത്തെയും ശക്തിപീഠാസനത്തെയും അൎച്ചിച്ച ധൎമ്മാദികളെ അൎച്ചിക്കുക. കാലാഗ്നിരുദ്രാദികളെ ചതുൎത്ഥ്യന്തങ്ങളായിരിക്കുന്ന

സ്വനാമങ്ങളെ നമശ്ശബ്ദാന്തങ്ങളാക്കി അസ്ത്രകളെക്കൊണ്ട പൂജി
ക്കുക. അസ്ത്രകളിൽവെച്ച വിദ്യാമൂൎത്ത്യാദികൾ ശ്രുഖവിദ്യാദികൾ
കൊണ്ട പൂജിക്കപ്പെടുകയുംവേണം. പീഠത്തിന്റെ അഗ്ന്യാ
ദികൊണുകളിൽ ധൎമ്മാദികളെയും ഐന്ദ്ര്യാദികളായിരിക്കുന്ന
ദിക്കുകളിൽഅധൎമ്മാദികളെയുംമെൽപ്രകാരംഅൎച്ചിച്ചതിന്റെ
ഉപരിഭാഗത്തിങ്കൽ ശ്രീമദ്ദ്വാദശാബ്ധവിദ്യകൊണ്ട ഹംസതൂലി
കയെയും അതിന്റെ ഉപരിഭാഗത്തിങ്കൽ മായാവിദ്യകളെയും
പത്മത്തെയും അൎച്ചിച്ച ദളങ്ങളിലും കൎണ്ണികയിലും നവശക്തി
കളെ അൎച്ചിക്കുക. നവശക്തികൾ-ഇച്ശാ, ബുദ്ധി, ക്രിയാ, കാ
മാ,കാമദായിനീ, രതി, രതിപ്രിയാ നന്ദാ, മനോന്മനീ ഇവരാക
ന്നു. ഇവിടെ ചില പക്ഷഭേദങ്ങൾ ഉണ്ട. എങ്കിലും ശൈവാ
ഗമരഹസ്യത്താൽ അനുഗൃഹീതകളായിരിക്കുന്നനവശക്തികൾ
ഇവരാകുന്നു. ശൈവാഗമരഹസ്യം- ഇച്ശാബുദ്ധിഃക്രിയാകാമാ
കാമദായന്യതഃപരം । രതിശ്ചരതിപൂൎവ്വാചപ്രിയാനന്ദാമനോന്മ
നീ॥ നവശക്തയഏതാസ്സൂത്രിപുരായാസ്സമൎച്ചനെ പൂജ്യാദളേഷു
പത്മസ്യകൎണ്ണികായാഞ്ചോപാൎശ്വതി॥ എന്നാകുന്നു അനന്തരംന
വയോനി ചക്രമദ്ധ്യത്തിങ്കൽ ശക്തിദ്വാദശകത്തെയും പീഠച
തുഷ്കത്തെയും അൎച്ചിക്കുക. വാമാ, ജ്യേഷ്ഠാ, രൌദ്രീ, അംബികാ,
ഇച്ശാ, ജ്ഞാനം, ക്രിയാ,കുബ്ജികാ, രവിമഹീ,വിഷഘ്നീ,ദൂതരീ,
സൎവ്വാനന്ദാ ഇങ്ങിനെ ശക്തിദ്വാദശകം അപ്രകാരം ആഗമമു
ണ്ട. വാമാജ്യേഷ്ഠാചരൌദ്രീചസാംബികേച്ശാതഥൈവച। ജ്ഞാ
നാക്രിയാകുബ്ജികാചരവിമഹീസവിഷഘ്നികാ॥ദൂതരീചൈവസ
ൎവ്വാദ്യാ നന്ദാദ്വാദശശക്തയഃ।നവയോനിഗയോനിസ്ഥാപൂജ്യാ
സ്ത്രിപുരസുന്ദരി॥ എന്നു ശൈവാഗമരഹസ്യത്തിങ്കൽ കാണ
പ്പെടുന്നു. കാമഗിരി, ജാലന്ധരം, പൂൎണ്ണഗിരി, ഒഡ്യാണം ഇ
ങ്ങിനെ പീഠചതുഷ്കംഅൎച്ചിക്കുമ്പോൾമെൽപറയപ്പെട്ടപദങ്ങളു
ടെആദിയിൽ ബാലാബീജങ്ങളിൽ ഓരോന്നും ബാലാബീജ
ത്രയവും ക്രമേണ ചെൎക്കപ്പെടുകയും അവസാനത്തിങ്കൽ ചതു
ൎത്ഥ്യന്തമായപീഠപദത്തെയും ചെൎത്ത സമാസന്യായെന വരു
ന്ന ശബ്ദങ്ങളുടെ രൂപത്തെ സംപാദിച്ച അസ്ത്രകളുടെ അവസാ
നത്തിങ്കൽ നമഃപദത്തെയും ചെൎത്ത അസ്ത്രകൾകൊണ്ട അൎച്ചി
ക്കുകയും വെണം.മദ്ധ്യത്രികൊണമദ്ധ്യത്തിങ്കൽ ഹകാരസഹി
താന്ത്യബീജംകൊണ്ട സദാശിവപ്രേതാസനമാകുന്ന പീഠത്തെ
ഗന്ധാക്ഷതകുസുമാമൃതബിന്ദുക്കൾ കൊണ്ട അൎച്ചിച്ച ധൂപദീപ
ങ്ങളെ കൊടുത്ത ബാലാബീജങ്ങളെയും ചതുൎത്ഥ്യകവചാന്ത

മായി ശ്രീപാദപൂൎവ്വകമായിരിക്കുന്ന ത്രിപുരാദേവീമൂൎത്തിപദത്തെ
യും നമഃപദത്തെയും ഉച്ചരിച്ചു മൂൎത്തിയെ സ്പൎശിച്ചു അതികൽ
തന്റെ ഹൃദയത്തികൽനിന്നു ജ്യൊതിസ്വരൂപയായദെവിയെ
ആവാഹിച്ചു ബാലകൊണ്ടു മൂന്നുപ്രാവിശ്യം വ്യാപകംചെയ്തു
ലിപിയെയും മന്ത്രത്തെയും അംഗങ്ങളെയും ഋഷ്യാദികളെയും
ന്യസിച്ചു പ്രാണപ്രതിഷ്ഠയെ ചെയ്തു മുദ്രകളെ കാണിക്കുക മു
ദ്രകൾ അക്ഷസ്രുഗാദിവ്യാപുസ്തകാഭയ വരദങ്ങളാകുന്നു. നാലി
ന്റെയും അവസാനത്തികൽ യൊനിമുദ്രയെ കാണിക്കുകയും
വെണം. അനന്തരം നമസ്കരിച്ചു ബാലാബീജങ്ങളിൽ ഒന്നാമ
ത്തതുകൊണ്ടു ആസനസ്വാഗതപാദ്യാൎഘ്യാചമനീയ മധുപ
ൎക്കസ്നാനവാസൊയുഗളഭൂഷണങ്ങളെ ദാനംചെയ്തു രണ്ടാമത്തെ
ബീജംകൊണ്ടു മൂന്നാവൃത്തിയൊടുകൂട്ടുംവണ്ണം ജലാദികളെക്കൊ
ണ്ടു അൎച്ചിച്ചു ഌബീജംകൊണ്ടു ഏഴുപ്രാവശ്യമൊ ഇരുപ
ത്തെഴുപ്രാവശ്യമൊ മൂന്നുപ്രാവശ്യമൊ അമൃതവിന്ദുവിനെ
ദാനംചെയ്തു അനുജ്ഞയെ വാങ്ങി പരിവാരങ്ങളെ അൎച്ചിക്കു
ക. അക്ഷസ്രുഗാദികളെ ദെവീഹസ്തങ്ങളിലും, ആദിമഗുരുപാദു
കയെ ദെവീശ്രീപാദപത്മത്തികലും ശെഷിച്ചതിനെ ദെവീ
പൃഷ്ഠഭാഗത്തികൽപ്രാങ്മദ്ധ്യയൊനികളുടെ അന്തരാളത്തികലും
പരാപരാപരാപരകളെ അവിടെ തന്നെ സാധാരണമായിട്ടും
അനന്തനാഥാദികളെയും വിശെഷിച്ചു തന്റെ ഗുരുദ്വയത്തെ
യും ദെവിപൂൎവ്വഭാഗത്തികലും രതിയെയും പ്രീതിയെയും പാ
ൎശ്വങ്ങളിലും അൎച്ചിച്ചു അഗ്രത്തികൽതന്നെ മന്മഥനെയും അ
ൎച്ചിച്ചു മദ്ധ്യത്രികൊണത്തിന്റെ അഗ്നീശനിരൃതിവായുകൊ
ണാഗ്രമദ്ധ്യങ്ങളിൽ ഷഡംഗങ്ങളെ അൎച്ചിച്ചുമദ്ധ്യത്രികൊണ
ത്തിന്റെ ഇരുഭാഗങ്ങളിലും ഈരണ്ടു മുമ്പിൽഒന്നു ഇങ്ങിനെപ
ഞ്ചബാണങ്ങളെ അൎച്ചിക്കുക, ശൊഷണം, മൊഹനം, സന്ദീപനം,
ഗ്ലാപനം, മൊദനം ഇവപഞ്ചബാണങ്ങൾ ഇതിന്നുപ്രമാണം
അധിതൊമദ്ധ്യയൊനെശ്ച ദ്വൌ ദ്വൌ പഞ്ചമമഗ്രതഃ ബാണാൻ
സംപൂജയെൽപഞ്ചദ്രാംദ്രീംക്ലീംബ്ലൂംസഃ ആദിമാൻ॥ ശൊഷണൊ
മൊഹനസ്സന്ദീപനൊഗ്ലാപന എവച മൊദനശ്ചെതിപഞ്ചൈതാ
ൻപ്രകല്പ്യതിഭിൎയ്യജെൽ॥ എന്നുള്ളതാഗമമാകുന്നു. അനന്തരം ന
വയൊനിചക്രത്തിന്റെ ദിക്കിലുള്ള കൊണുകളിൽ സുഭഗയെ
യും ഭഗയെയും ഭഗസൎപ്പിണിയെയും ഭഗമാലിനിയെയും അ
ൎച്ചിച്ചു വിദിക്കിലെ കൊണുകളിൽ അനംഗയെയും അനംഗകു
സുമയെയും അനംഗമെഖലയെയും അനംഗമദനെയെയും അ

ർച്ചിച്ച അഷ്ടദളപത്മത്തിന്റെ ദളങ്ങളിൽ ബ്രഹ്മാണീമസിതാം
ഗനമാഹേശീംരുരുണാസഹ। കൌമാരീംചണ്ഡസംജ്ഞേന
ക്രോധേനസഹവൈഷ്ണവീം॥ ഉന്മത്തേനചവാരാഹീമിന്ദ്രാണീ
ഞ്ചകപാലിനാ। ഭീഷണേനാപിചാമുണ്ഡാംസംഹാരേണാപി
ചണ്ഡികാം॥ എന്നുള്ള ആഗമത്തെ അനുസരിച്ച അഷ്ടമാതൃക്ക
ളെ അഷ്ടഭൈരവന്മാരോടുചേൎത്ത അ-ആ ഇത്യാദികളെ അനു
സ്വാരാന്തമാക്കി അസിതാംഗനോടും ബ്രഹ്മാണിയോടുംചേൎത്ത
മാതൃമന്ത്രങ്ങളാക്കി നമഃ പദത്തോടു കൂടെ ചേൎത്ത ജപിച്ച അ
ൎച്ചിച്ച പിന്നെ ബഹിൎഭാഗത്തിങ്കൽ ഇന്ദ്രാദികളെയും അതിന്റെ
പുറമെ വജ്രാദികളെയും ഗന്ധാക്ഷതകുസുമാമൃതബിന്ദുക്കളെ
ക്കൊണ്ട അൎച്ചിച്ചിട്ട ദേവീമൂൎത്തിയിങ്കൽ പുഷ്പാഞ്ജലിചെയ്തു ധൂ
പദീപങ്ങളെകൊടുത്തകദളിപ്പഴം,നാളികേരം,നെയ്യ,പഞ്ചസാ
ര ഇവയോടുകൂടിയ ശാല്യന്നത്തെ നിവേദിച്ചസമൎപ്പിച്ച അഗ്നി
കാൎയ്യത്തെ ചെയ്ത പ്രണവഹ്രീങ്കാരങ്ങളെ ആദിയിൽ ചേൎത്ത
ഹൂംകാരത്തെയും സ്വാഹാകാരത്തെയും അവസാനത്തിലും ചേ
ൎത്ത മന്ത്രത്തെ ഊഹിച്ച് സൎവ്വകൃതുകാളായിരിക്കുന്ന സൎവ്വഭൂത
ങ്ങൾക്ക ബലിതൂകിനമസ്കരിച്ച പാനീയാമൃതത്തെ ദാനംചെ
ത നിവേദ്യത്തെ വിസൎജ്ജിച്ച ഉച്ഛിഷ്ടചണ്ഡാലിക്കായിക്കൊ
ണ്ട ദാനംചെയ്ത ഗന്ധ്രൂഷാദികളെ ദാനംചെയ്ത പ്രസന്നാൎഘ്യ
യെയും ബ്രഹ്മാൎപ്പണത്തെയും ആത്മാൎപ്പണത്തെയുംചെയ്ത തീ
ൎത്ഥത്തെ സ്വീകരിച്ച സ്തുതിച്ച നമസ്കരിച്ച താൻതന്നെ ദേവ
താരൂപനായി ലയാംഗത്തെ ചെയ്ത ആത്മാവിങ്കൽ ഉദ്വാസിച്ച
പ്രാണപ്രതിഷ്ഠയെ ചെയ്ത തങ്കലും ദേവിയുടെ മൂൎത്തിയിങ്കലും
ഓരോപ്രാവശ്യം പുഷ്പാഞ്ജലിചെയ്ത ശംഖോദകംചെയ്ത യഥാകാ
ലംയഥാരുചിജപയോഗാദികളെചെയ്തുകൊണ്ടുദേവിയെഉപാസ
മാക്കുക, ഇതത്രെ ഇവിടെ പൂജാവിധിശബ്ദത്തിന്റെ അൎത്ഥമാ
കുന്നത. ഇതിനെകുറിച്ച സകലത്തെയും നല്ലവണ്ണം വിശദമാ
ക്കി പറയെണമെങ്കിൽ അധികമായ ആയുസ്സും നിത്യമായ ആ
രോഗ്യവും ഇതരവ്യാപാരനിവൃത്തിയും ശ്രോതാക്കന്മാരുടെ ശുശ്രൂ
ഷാദിഗുണസമ്പത്തിയും ഉണ്ടായിരുന്നാൽ പിന്നെ വെണ്ടത
വിദ്യാശക്തിയുടെ സുപ്രസാദമാകുന്നു. ഇതൊക്കെയുമുണ്ടായിരു
ന്നാൽ സാദ്ധ്യമായിവരാം എന്നതല്ലാതെ നിൎവ്വാഹത്തെകണ്ടിട്ട
ല്ല സാധാരണമായ ആനുപൂൎവ്വീവിചാരംകൊണ്ടു മനസ്സിന്ന
വന്നുകൂടുന്ന ശുദ്ധിമാത്രം ഭരംപ്രപഞ്ചത്തിന്ന ഫലമാകുന്നു എ
ന്നുഞാൻ വിചാരിച്ചിരിക്കുന്നു. അസ്പൃശ്യമായതിനെ അചിട

ഷിടെ കാണുമ്പോൾ അതിനെ അറിവാൻ ചിലൎക്ക ഇച്ഛ ഭവി ച്ചാൽ അവർ ഗുരുസെവകൊണ്ട അറിയുകയും വെണം. ഇത ഗു രൂപദെശം ഹെതുവായിട്ട അറിയപ്പെടുന്നതല്ലാതെ വെറെ ഒരു മാൎഗ്ഗേണ അറിഞ്ഞാലും ആ അറിവ അനുഷ്ഠാനോപയോഗി യാകയുമില്ല. വ്യവഹിതമായ ഗുരുത്വത്തെ സംഭാവനം ചെയ്ത ശിഷ്യന്മാരെ അനുഗ്രഹിപ്പാനും ഇനിക്ക വഴിയില്ല ബാഹ്യാൎച്ച നം മെൽപ്രകാരം വിഹിതമായിരുന്നാലും ആയത സമയികൾ ക്ക വിരുദ്ധമാകയാൽ അനാദെയമാകുന്നു എന്ന യൊഗാനന്ദ സ്വാമികളുടെ അനുശാസനം ഇനിക്ക പ്രമാണമാകുന്നു. പ്രാചീനവ്യാഖ്യാന സിദ്ധാന്തത്തെ അനുസരിച്ച കൌളന്മാ രും സന്തൊഷിക്കട്ടെ എന്ന വിചാരിച്ച ഇവിടെ അൎത്ഥത്തെ വി വരിച്ച എന്ന അറിഞ്ഞുകൊൾകയും വെണം.

ശ്ലോകാൎത്ഥസംക്ഷെപം— അല്ലയൊ ത്രിപുരയായുള്ളൊവെ ദെവി-ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും പാല, നെയ്യ, തെൻ, മദ്യം ഇതുകളെക്കൊണ്ട പൂജാവിധാനത്തിങ്കൽ നി ന്തിരുവടിയെ സന്തൊഷിപ്പിച്ചിട്ട മനസ്സുകൊണ്ട അപെക്ഷി ക്കപ്പെടുന്ന സകലസിദ്ധികളെയും വിഘ്നങ്ങളൊട കൂടാതെ വെ ഗെന ലഭിക്കുന്നു നിശ്ചയം എന്നാകുന്നു.

൧൭. ശബ്ദാനാം ജനനീ ത്വമത്ര ഭുവനെ വാഗ്വാദിനീത്യുച്യ
സെ ത്വത്തഃ കെശവവാസവപ്രഭൃതയൊപ്യാവിൎഭവന്തി ധ്രുവം ।
ലീയന്തെ ഖലു യത്ര കല്പവിരമെ ബ്രഹ്മാദയസ്തെപ്യമീ സാ ത്വം
കാചിദചിന്ത്യരൂപഗഹനാ ശക്തിഃ പരാ ഗീയസെ ॥

രൂപം— ശബ്ദാനാം (അ—പു—ഷ-ബ) ജനനീ (ഈ—സ്ത്രീ—പ്ര-ഏ) ത്വം (യുഷ്മ-പ്ര-ഏ) അത്ര (അ) ഭുവനെ (അ-ന-സ—ഏ) വാഗ്വാദിനി (ഈ-സ്ത്രീ-സം—പ്ര-ഏ) ഇതി (അ) ഉച്യസെ (ലട്ട-ആ—മ-പു-ഏ) ത്വത്തഃ (തസി-അ) കെശവവാസവപ്രഭൃതയഃ (ഇ-പു—പ്ര—ബ) അപി (അ) ആവിൎഭവന്തി (ലട്ട—പ—പ്ര—പു-ബ) ധ്രുവം (അ) ലീയന്തെ (ലട്ട-ആ—പ്ര—പു-ബ) ഖലു (അ) യത്ര (അ) കല്പവിരമെ (അ—പു-സ—ഏ) ബ്രഹ്മാദയഃ (ഇ—പു-പ്ര-ബ) തെ (തച്ഛ—പു—പ്ര—ബ) അപി (അ) അമീ (ഇദം-പു-പ്ര-ബ) സാ (തച്ഛ—സ്ത്രീ—പ്ര—ഏ) ത്വം (യുഷ്മ—പ്ര—ഏ) കാചിൽ (അ) അചിന്ത്യരൂപഗഹനാ (ആ-സ്ത്രീ—പ്ര-ഏ) ശക്തിഃ (ഇ—പു-പ്ര-ഏ) പരാ (ആ-സ്ത്രീ-പ്ര—ഏ) ഗീയസെ (ലട്ട—പ-മ—പു—ഏ).

അ—ഹെ—വാഗ്വാദിനി—ത്വം—അത്ര ഭുവനെ—ശബ്ദാനാം—ജ

നനീ—ഇതി-ഉച്യസേ—കേശവവാസവപ്രഭൃതയഃ—അപി—ത്വത്തഃ—ആവിർഭവന്തി—ധ്രുവം—അമീ-ബ്രഹ്മാദയഃ-തേ-അപി—കല്പവിരമേ—യത്ര—ലീയന്തേ—ഖലു—സാ-ത്വം-അചിന്ത്യരൂപഗഹനാ—പരാ—കാചിൽ—ശക്തിഃ— ഗീയസേ.

അമ്പ—അല്ലയോ വാഗ്വാദിനിയായുള്ളോവെ നിന്തിരുവടി ഭുവനത്തിങ്കൽ ശബ്ദങ്ങളുടെ ജനനി എന്നു വചിക്കപ്പെടുന്നു. കേശവവാസവപ്രഭൃതികളും നിന്തിരുവടിയിങ്കൽനിന്നു ആവിർഭവിക്കുന്നു നിശ്ചയം. ബ്രഹ്മാദികളും അവരും കല്പവിരമത്തിങ്കൽ യാതൊരു നിന്തിരുവടിയിങ്കൽ ലയിക്കുന്നു. ആ നിന്തിരുവടി അചിന്ത്യരൂപഗഹനയായി പരയായിരിക്കുന്ന ഒരു ശക്തി എന്നു ഗാനംചെയ്യപ്പെടുന്നു.

പദ—വാഗ്വാദിനീ=വാക്കിനെ വദിപ്പിക്കുന്നവൾ— വാക്ക=വാഗിന്ദ്രിയം-വദിപ്പിക്ക=പറവാനായിക്കൊണ്ടു അനുകൂലമാക്കിച്ചെയ്ക- ഭുവനം=പ്രപഞ്ചം—ജനനീ=ജനിപ്പിക്കുന്നവൾ. വചിക്ക=പറയുക . കേശവവാസവപ്രഭൃതികൾ=കേശവവാസവന്മാർ തുടങ്ങിയുള്ളവർ— കേശവവാസവന്മാർ=കേശവനും വാസവനും- കേശവൻ=വിഷ്ണു— വാസവൻ=ഇന്ദ്രൻ— ആവിർഭവിക്ക=പ്രകാശിക്ക- ബ്രഹ്മാദികൾ=ബ്രഹ്മാവുതുടങ്ങിയുള്ളവർ—അവർ=വാസവാദികൾ-കല്പവിരമം=കല്പാവസാനം. ലയിക്ക=ചേരുക. അചിന്ത്യരൂപഗഹനാ=അചിന്ത്യമായിരിക്കുന്ന രൂപമുള്ളവളായിട്ടു ഗഹനാ—അചിന്ത്യം=ചിന്ത്യമല്ലാത്തത്-ചിന്ത്യം—ചിന്തിക്കപ്പെടുവാൻകഴിയുന്നത്-ചിന്തിക്ക=വിചാരിക്ക— രൂപം=സ്വരൂപം-ഗഹനാ=ദുർജ്ഞേയാ-(അറിയപ്പെടുവാൻകഴിയാത്തവൾ) പരാ=സർവ്വോൽകൃഷ്ടാ- ഗാനംചെയ്ക=പാടുക (ഉപനിഷത്തുകളാൽപറയപ്പെടുന്നു എന്ന താൽപര്യം)

സാ— വാഗ്വാദിനീ എന്നതിന്ന അല്ലയോ സരസ്വതി എന്നു താൽപര്യം അമ്പ എന്നുള്ള വിശേഷണത്തിന്ന ശബ്ദാത്മകമായിരിക്കുന്ന എന്നു താല്പര്യം. ശബ്ദാനാം ജനനീ എന്നതിന്ന അമ്പത അക്ഷരങ്ങളായി പരിണമിച്ച അവയുടെ സംയോഗവിശേഷങ്ങളെക്കൊണ്ടു നാനാപദവാക്യാദിപൂർവ്വം രചനകൾക്ക അനുകൂലയായി വർത്തിക്കുന്നവൾ എന്നു താൽപര്യം. കേശവവാസവപ്രഭൃതയഃ എന്നതിന്ന കേശവാദികളും വാസവാദികളുമെന്നു താൽപര്യം. കേശവാദികൾ എന്നുള്ളേടത്തെ ആദിപദം മൂർത്ത്യന്തരങ്ങളെ സംഗ്രഹിക്കുന്നതാകയാൽ അതിന്ന സൃഷ്ട്യാദി പഞ്ചകൃത്യകർത്താക്കന്മാരായിരിക്കുന്ന ബ്രഹ്മവിഷ്ണുരുദ്രേശ

സദാശിവന്മാർ എന്നതാൽപൎയ്യം. വാസവാദികൾ എന്നുള്ളേടത്തെ ആദിപദം ഇതരന്മാരെ സംഗ്രഹിക്കുന്നതാകകൊണ്ടു അതിന ഇന്ദ്രാദിദേവന്മാരും അസുരന്മാരും മനുഷ്യരും മറ്റുംപലരുമെന്ന താൽപൎയ്യം. അമീബ്രഹ്മാദയ ഇത്യാദിവാക്യം പൂൎവ്വവാക്യാൎത്ഥത്തെ ഉറപ്പിക്കുന്നതാകുന്നു.

ശ്ലോകാൎത്ഥസംക്ഷേപം— അല്ലയൊ സരസ്വതിയായുള്ളോവെ ശബ്ദാത്മകമായിരിക്കുന്ന പ്രപഞ്ചത്തിങ്കൽ നിന്തിരുവടി ശബ്ദങ്ങളുടെ തന്നെ ജനനിയാകുന്നു എന്നു ചിലർപറയുന്നു. ഞാൻ അതിനെ അനുവദിക്കുന്നില്ല. ബ്രഹ്മാദികളും ഇന്ദ്രാദികളും നിന്തിരുവടിയിങ്കൽനിന്നു ജനിക്കുന്നു എന്നു നിശ്ചയമാകുന്നു. എന്ത ഹേതുവായിട്ടെന്നാൽ അവർ കല്പത്തിന്റെ അവസാനത്തിങ്കൽലയിക്കുകയും നിന്തിരുവടിഅവരുടെലയത്തിന്നു ആധാരമായിഭവിക്കയുമുണ്ടല്ലൊ. ഇതുതന്നെ ഹേതുവാകുന്നത. അപ്രകാരമിരിക്കുന്ന നിന്തിരുവടി എല്ലാവൎക്കും സൂക്ഷ്മമായി അറിവാൻ കഴിയാതെ ഉള്ള രൂപത്തൊടുകൂടിയവളായി സൎവ്വോൽകൃഷ്ടയായിരിക്കുന്ന ഒരു ശക്തിയാകുന്നു എന്നു ഉപനിഷത്തുകളാകുന്ന ദിവ്യസ്ത്രീകൾ പാടുന്നു

൨൨— ദേവാനാംത്രിതയംത്രയീഹുതഭുജാംശക്തിത്രയംത്രിസ്വരാസ്ത്രൈലോക്യം ത്രിപദീത്രിപുഷ്കരമഥൊത്രിബ്രഹ്മവൎണ്ണാസ്ത്രയഃ। യൽകിഞ്ചിജ്ജഗതിത്രിധാനിയമിതം വസ്തുത്രിവൎഗ്ഗാത്മകം തൽസൎവ്വംത്രിപുരെതിനാമഭഗവത്യന്വെതിതെതത്തതഃ॥

പദം—ദേവാനാം (അ—പു—ഷ—ബ) ത്രിതയം (അ—ന—പ്ര—ഏ) ത്രയീ(ഈ-സ്ത്രീ-പ്ര—ഏ) ഹുതഭുജാം (ജ—പു—ഷ ബ) ശക്തിത്രയം(അ—ന-പ്ര—ഏ) ത്രിസ്വരാഃ (അ—പു-പ്ര—ബ)ത്രൈലൊക്യം(അ-ന—പ്ര-ഏ)ത്രിപദീ(ഈ—സ്ത്രീ—പ്ര—ഏ)ത്രിപുഷ്കരം (അ—ന-പ്ര—ഏ)അഥൊ(അ)ത്രിബ്രഹ്മ (ന—ന-പ്ര—ഏ)വൎണ്ണാഃ (അ—പു-പ്ര—ബ)ത്രയഃ (സം—പു—പ്ര-ബ) യൽ(ദ—ന-പ്ര-ഏ)കിഞ്ചിൽ(അ) ജഗതി(ത-ന—സ—ഏ)ത്രിധാ(അ)നിയമിതം (അ—ന—പ്ര-ഏ) വസ്തു(ഉ—ന—പ്ര—ഏ)ത്രിവൎഗ്ഗാത്മകം(അ-ന-പ്ര-ഏ) തൽ (ദ—ന-ദ്വി-ഏ) സൎവ്വം (അ-ന-ദ്വി—ഏ)ത്രിപുരാ— ഇതി (അ) നാമ (ന—ന—പ്ര—ഏ) ഭഗവതി(ഈ— സ്ത്രീ—സം—പ്ര—ഏ) അന്വെതി (ലട്ട-പ-പ്ര—പു—ഏ) തെ (യുഷ്മ—ഷ—ഏ) തത്ത്വതഃ (തസി-അ)

അ— ഹെഭഗവതി— ദേവാനാം- ത്രിതയം ഹുതഭുജാം-ത്രയീ- ശക്തിത്രയം- ത്രിസ്വരാഃ- ത്രൈലൊക്യം- ത്രിപദീ ത്രിപുഷ്കരം-

അഥോ — ത്രിബ്രഹ്മ — ത്രയീ — വൎണ്ണാഃ — ജഗതീ — ത്രിധാ — നിയമിതം — ത്രിവൎഗ്ഗാത്മകം — കിഞ്ചിൽ വസ്തു — യൽ — സൎവ്വം — തൽ ത്രിപുരാ — ഇതി — തെ നാമ — തവാതഃ — അന്വെതി —

അന്വ — അല്ലയൊ ഭഗവതിയായുള്ളൊവെ ദെവന്മാരുടെ ത്രിതയവും ഹുതഭുക്കുകളുടെ ത്രയിയും ശക്തിത്രയവും ത്രിസ്വരങ്ങളും ത്രൈലൊക്യവും ത്രിപദിയും ത്രിപുഷ്കരവും ത്രിബ്രഹ്മവും മൂന്നുവൎണ്ണങ്ങളും ജഗതികൾ ഇപ്രകാരം മൂന്നായിട്ട നിയമിതമായിട്ടൊ ത്രിവൎഗ്ഗാത്മകമായിട്ടൊ ഇരിക്കുന്ന വെറെ ഒരു വസ്തുവും യാതൊന്ന സൎവ്വമായിരിക്കുന്ന അതിന്റെ ത്രിപുരാ എന്നുള്ള നിന്തിരുവടിയുടെ നാമം തത്താ ഹെതുവായിട്ട അനുഗമിക്കുന്നു —

പരി — ഭഗവതി = ഐശ്വൎയ്യാദിഗുണയുക്താ — ത്രിതയീ = മൂന്ന. ഹുതഭുക്കുകൾ = അഗ്നികൾ — ത്രയീ — മൂന്ന — ശക്തിത്രയ = ശക്തികളുടെ ത്രയം — ത്രിസ്വരങ്ങൾ = ഉദാത്താനുദാത്തസ്വരിതങ്ങൾ — ത്രൈലൊക്യം = മൂന്നു ലൊകങ്ങളുടെ സമൂഹം. ത്രിപദീ = മൂന്നു പാദങ്ങളുടെ സമൂഹം. ത്രിപുഷ്കരം = മൂന്നു പുഷ്കരങ്ങളുടെ സമൂഹം — പുഷ്കരങ്ങൾ = ഉപതീൎത്ഥങ്ങൾ — (പുഷ്കരങ്ങൾ) ത്രിബ്രഹ്മ = മൂന്ന ബ്രഹ്മങ്ങളുടെ സമൂഹം. വൎണ്ണങ്ങൾ = അക്ഷരങ്ങൾ — (അല്ലെങ്കിൽ ജാതികൾ) ജഗതം = ലൊകം. നിയമിതം = നിയമിക്കപ്പെട്ടത — ത്രിവൎഗ്ഗാത്മകം = ത്രിവൎഗ്ഗമായിരിക്കുന്ന ആത്മാവൊടു കൂടിയത. ത്രിവൎഗ്ഗം = മൂന്നുകൊണ്ട വൎഗ്ഗിക്കപ്പെടുന്നത — മൂന്ന = സത്വരജസ്തമൊഗുണങ്ങൾ. വൎഗ്ഗികം = വിഭക്തം — വസ്തു = പദാൎത്ഥം — സൎവ്വം = ഒട്ടൊഴിയാതെ ഉള്ളത — അത = ദെവത്രയാദി — നാമ = പെര. താദാത്മ്യം = തദ്രൂപതാം — അനുഗമിക്ക = പറക.

സാ——ഐശ്വൎയ്യം, വീൎയ്യം, യശസ്സ, ശ്രീ. ജ്ഞാനം, വൈരാഗ്യം, ഈ ആറുഗുണങ്ങൾക്ക ഭഗമെന്ന പെരുണ്ട. ഭഗവതി എന്നുപദത്തിന്ന മെൽപറയപ്പെട്ട ആറുഗുണങ്ങളൊടു കൂടിയവൾ എന്നൎത്ഥമാകയാൽ സൎവ്വൊപാസ്യതാ അതിനാൽ പ്രസിദ്ധിക്കപ്പെട്ടിരിക്കുന്നു. ദെവന്മാരുടെ ത്രിതയമെന്നതുകൊണ്ട ബ്രഹ്മവിഷ്ണുരുദ്രന്മാരെ ഗ്രഹിച്ചിരിക്കുന്നു ഹുതഭുജാം ത്രയീ എന്നതുകൊണ്ട ഗാൎഹപത്യാഹവനീയദക്ഷിണാഗ്നികളെ ഗ്രഹിച്ചിരിക്കുന്നു. ശക്തിത്രയമെന്നതുകൊണ്ട ഇച്ഛാജ്ഞാനക്രിയാശക്തികളെ ഗ്രഹിച്ചിരിക്കുന്നു. ത്രിസ്വരങ്ങൾ ഉദാത്താനുദാത്തസ്വരിതങ്ങളാകുന്നു എന്ന മുമ്പെ പറയപ്പെട്ടു. ത്രൈലൊക്യമെന്നതുകൊണ്ട സ്വൎഗ്ഗഭൂമിപാതാളങ്ങളെ ഗ്രഹിച്ചിരിക്കുന്നു. ത്രിപദി എന്നതുകൊണ്ട മൂന്നുപാദങ്ങളാകുന്ന സ്വരൂപത്തൊടു കൂടിയതായ ഗായത്രിയെ

ഗ്രഹിച്ചിരിക്കുന്നു. പുഷ്കരശബ്ദത്തിങ്കലെ പുഷ എന്ന ശബ്ദത്തി
ന്ന പുഷ്ടിയെന്നൎത്ഥമാകുന്നു— അതിന്റെ ഹെതുവായിട്ട പുഷ്ടികര
മെന്നൎത്ഥമായി പുഷ്കരമെന്ന പൂണുലിന്നു പെരുണ്ട. ആയത
ഇടത്തും വലത്തും നെരെയും ഇങ്ങിനെ മൂന്നുവിധമാകുന്നു. ഒ
ന്നിനെതന്നെ അവസ്ഥാഭെദംകൊണ്ട മൂന്നാക്കികല്പിച്ചിരിക്കു
ന്നു. ത്രിബ്രഹ്മ എന്നതുകൊണ്ട ഋക്ക, യജുസ്സ, സാമം, ഇവ മൂന്നു
വെദങ്ങളെ ഗ്രഹിച്ചിരിക്കുന്നു. ത്രയഃ—വൎണ്ണാഃ എന്നതുകൊണ്ട
സ്വരങ്ങളെയും വ്യഞ്ജനങ്ങളെയും ഉഭയാത്മകങ്ങളായിരിക്കുന്ന
അനുസ്വാരവിസൎഗ്ഗങ്ങളെയും ഗ്രഹിച്ചിരിക്കുന്നു— വിപ്രക്ഷത്രി
യവൈശ്യന്മാരെ എന്നും പക്ഷാന്തരം ഉണ്ട. ജഗതി—ത്രിധാനി
യമിതം എന്നതുകൊണ്ട ധൎമ്മാൎത്ഥകാമങ്ങൾ ജാഗ്രൽസ്വപ്നസു
ഷുപ്തികൾ ഇത്യാദികളെ ഗ്രഹിച്ചിരിക്കുന്നു. ത്രിവൎഗ്ഗാത്മകം എ
ന്നതുകൊണ്ട സാത്വികരാജസതാമസഭെദെന മൂന്നുപ്രകാരത്തി
ൽ ഇരിക്കുന്ന സകലത്തെയും ഗ്രഹിച്ചിരിക്കുന്നു തത്വാന്തൎവ്വ
ത്താദിന്നുള്ളടത്തെ തൽപദംകൊണ്ട മുൻപറകപ്പെട്ട ദെവ
ത്രയാദിയെ ഗ്രഹിക്കൊണ്ടതാകയാൽ ത്രിപുരാ ഇതിനാമഎന്നതി
ന്ന ത്രിപുരാ എന്നുള്ള നാമത്തിന്റെ അവയവമായ പുരശബ്ദ
മെന്ന നിഷ്പന്നമാകുന്നു. ഇങ്ങിനെ പൂൎവ്വന്മാരുടെപക്ഷം. ആ
ധുനികന്മാർ ലക്ഷണാക്ലെശത്തെ ആലൊചിച്ചിട്ട തൽ സൎവ്വം
എന്നപദങ്ങൾ പ്രധാനങ്ങളാകുന്നു എന്നും നാമ എന്നതദ്വി
തീയാന്തമാകുന്നു എന്നും കല്പിച്ച സൎവ്വമായ അത ത്രിപുരാ എ
ന്നുള്ള നിന്തിരുവടിയുടെ നാമത്തെ തത്വം ഹെതുവായിട്ട അ
നുഗമിക്കുന്നു എന്നൊരു വിശെഷത്തെ അംഗീകരിക്കുന്നു. അ
നുഗമിക്ക=സംബന്ധിച്ചിരിക്ക. ത്രിപുരാപദാവയവമായപുരശ
ബ്ദത്തിന്ന വാചകതയും തൽപദാൎത്ഥത്തിന്ന വാച്യത്വവും ഇതു
തമ്മിലുള്ള സംബന്ധമാകുന്നു. തത്വമെന്നതിന്ന നാമാഭെദം
ഹെതുവായിട്ട എന്നൎത്ഥമാകുന്നു. ത്രിപുരാ എന്നുള്ള നാമത്തിങ്ക
ലെ ത്രിപദവാച്യമായ സംഖ്യാവിശെഷവും പുരപദവാച്യമാ
യ സമന്വയസ്ഥാനത്വവും ദെവത്രയാദികളിൽ ഉണ്ടാകയാൽ
നാമാഭെദം സുലഭമാകുന്നു എന്ന അറിഞ്ഞുകൊൾകയുംവെണം.

ശ്ലൊകാൎത്ഥസംക്ഷെപം——അല്ലയൊ ഭഗവതിയായുള്ളൊവെ
ബ്രഹ്മവിഷ്ണുരുദ്രന്മാരാകുന്ന മൂന്നുദെവന്മാരും ഗാൎഹപത്യാദിമൂന്ന
അഗ്നികളും ഇച്ശാദിമൂന്നുശക്തികളും ഉദാത്താദി മൂന്നുസ്വരങ്ങ
ളും സ്വൎഗ്ഗാദി മൂന്നുലൊകങ്ങളും ഗായത്രിയുടെ മൂന്നു പാദങ്ങളും
മൂന്നുപ്രകാരമിരിക്കുന്ന പൂണുലും ഋഗാദി മൂന്നുവെദങ്ങളും വി

പ്രാദി മൂന്നുജാതികളും ധർമ്മാദിമൂന്നുപുരുഷാർത്ഥങ്ങളും സാത്വികരാജസതാമസങ്ങളുമായ സകല വസ്തുക്കളും നിന്തിരുവടിയുടെ വാസസ്ഥാനങ്ങളാകുന്നു.

൧൭ ലക്ഷ്മീ രാജകലെ ജയാം രണമുഖെ ക്ഷേമംകരീമധ്വനി ക്രവ്യാദദ്വിപസർപ്പഭാജി ശബരീം കാന്താരദുർഗ്ഗേ ഗിരൌ ഭൂതപ്രേതപിശാചജംഭകഭയെ സ്മൃത്വാ മഹാഭൈരവീം വ്യാമോഹെ ത്രിപുരാം തരന്തി വിപദസ്താരാഞ്ച തോയപ്ലവെ ।

രൂപം — ലക്ഷ്മീം (ഠരം-സ്ത്രീ—ദ്വി—ഏ) രാജകലെ (അ—ന—സ—ഏ) ജയാം (ആ—സ്ത്രീ—ദ്വി—ഏ) രണമുഖെ (അ-ന സ—ഏ) ക്ഷേമംകരീം (ഠരം—സ്ത്രീ-ദ്വി—ഏ) അധ്വനി (ന—പു—സ-ഏ) ക്രവ്യാദദ്വിപസർപ്പഭാജി (ജ—പു—സ - ഏ) ശബരീം (ഠരം—സ്ത്രീ-ദ്വി-ഏ) കാന്താരദുർഗ്ഗേ (അ—പു—സ—ഏ) ഗിരൌ (ഇ—പു—സ—ഏ) ഭൂതപ്രേതപിശാചജംഭകഭയെ (അ—ന—സ—ഏ) സ്മൃത്വാ (ക്ത്വാ—അ) മഹാഭൈരവീം (ഠരം-സ്ത്രീ—ദ്വി—ഏ) വ്യാമോഹെ (അ—പു സ—ഏ) ത്രിപുരാം (ആ—സ്ത്രീ-ദ്വി—ഏ) തരന്തി (ലട്ട-പ—പ്ര-ബ—ബ) വിപദഃ (ദ—സ്ത്രീ—ദ്വി-ബ) താരാം (ആ—സ്ത്രീ-ദ്വി-ഏ) ച (അ) തോയപ്ലവെ (അ—പു—സ—ഏ).

അ—രാജകലെ-ലക്ഷ്മീം—രണമുഖെ—ജയാം—ക്രവ്യാദദ്വിപസർപ്പഭാജി—അധ്വനി—ക്ഷേമംകരീം-കാന്താരദുർഗ്ഗേ—ഗിരൌ—ശബരീം—ഭൂതപ്രേതപിശാചജംഭകഭയെ-മഹാഭൈരവീം- വ്യാമോഹെ- ത്രിപുരാം-തോയപ്ലവെ—താരാം—ച —സ്മൃത്വാ- ജനാഃ-വിപദഃ—തരന്തി—

അന്വ— രാജകലത്തികൽ ലക്ഷ്മിയെയും രണമുഖത്തിങ്കൽ ജയയെയും ക്രവ്യാദദ്വിപസർപ്പഭാക്കായിരിക്കുന്ന അദ്ധ്വാവിങ്കൽ ക്ഷേമംകരിയെയും കാന്താരദുർഗ്ഗമായിരിക്കുന്ന ഗിരിയിങ്കൽ ശബരിയെയും ഭൂതപ്രേതപിശാചജംഭകഭയത്തിങ്കൽ മഹാഭൈരവിയെയും വ്യാമോഹത്തിങ്കൽ ത്രിപുരയെയും തോയപ്ലവത്തിങ്കൽ താരയെയും സ്മരിച്ചിട്ട ജനങ്ങൾ വിപത്തുകളെ തരിക്കുന്നു.

പരി—രാജകുലം=രാജസമൂഹം. ലക്ഷ്മീ=ലക്ഷ്മിയാകുന്നദെവീ. (ഇപ്രകാരം തന്നെ ജയാദിപദാർത്ഥവുമെന്ന അറിഞ്ഞുകൊൾക യുംവെണം) രണമുഖം=രണത്തിന്റെ മുഖം രണം=യുദ്ധം—മുഖം=ആരംഭം— ക്രവ്യാദദ്വിപസർപ്പഭാക= ക്രവ്യാദദ്വിപസർപ്പങ്ങളെ ഭജിക്കുന്നത ക്രവ്യാദദ്വിപസർപ്പങ്ങൾ=ക്രവ്യാദങ്ങളും ദ്വിപങ്ങളും സർപ്പങ്ങളും. ക്രവ്യാദങ്ങൾ=വ്യാഘ്രാദികൾ. ദ്വിപങ്ങൾ= ഗജങ്ങൾ. ഭജിക്ക=ആശ്രയിക്ക. അദ്ധ്വാവ=മാർഗ്ഗം— കാന്താരദു

ദുർഗ്ഗം=കാന്താരംഹെതുവായിട്ട ദുർഗ്ഗം. കാന്താരം=നടന്നുകൂടാത്തവ
ഴി. ദുർഗ്ഗം=ഗമിക്കപ്പെടുവാൻ കഴിയാത്തത. ഗമിക്ക=കരെറുക. ഗി
രി=പൎവ്വതം. ഭൂതപ്രെതപിശാചജംഭകഭയം=ഭൂതപ്രെതപിശാച
ജംഭകന്മാരിൽനിന്നുള്ള ഭയം. ഭൂതപ്രെതപിശാചജംഭകന്മാർ=ഭൂ
തങ്ങളും പ്രെതങ്ങളും പിശാചന്മാരും ജംഭകന്മാരും. ജംഭകന്മാർ=
രാക്ഷസർ. വ്യാമൊഹം=ബുദ്ധിഭ്രമം. തൊയപ്ലവം=തൊയത്തിങ്ക
ലെപ്ലവം. തൊയം=ജലം. പ്ലവം=മജ്ജനം. സ്മരിക്ക=വിചാരി
ക്ക. വിപത്തുകൾ=ആപത്തുകൾ. തരിക്ക=കടക്ക.

സാ— ലക്ഷ്മ്യാദിശബ്ദങ്ങൾക്ക തമ്മിലുള്ള ഭെദമല്ലാതെ അൎത്ഥഭെ
ദമില്ല. അതുഹെതുവായിട്ട ലക്ഷ്മി എന്ന നാമത്തൊടുകൂടിയ
നിന്തിരുവടിയെ ലക്ഷ്മീനാമംകൊണ്ട സ്മരിച്ചിട്ടരാജകുലങ്ങളി
ൽ വസിക്കുന്ന ജനങ്ങൾ ആപത്തുകളെ കടക്കുന്നു എന്നിപ്ര
കാരം എല്ലാ വാക്യങ്ങൾക്കും ഗ്രഹിച്ചുകൊൾകയുംവെണം.

ശ്ലോകാൎത്ഥസംക്ഷെപം——രാജാക്കന്മാരെ സെവിച്ച അവരു
ടെ സമീപത്തിങ്കൽ വസിക്കുന്നവർ ലക്ഷ്മിയാകുന്ന നിന്തിരു
വടിയെ ലക്ഷ്മീനാമംകൊണ്ടും വ്യാഘ്രാദികളൊടുകൂടിയ മാൎഗ്ഗങ്ങളി
ങ്കൽ ക്ഷെമംകരിയാകുന്ന നിന്തിരുവടിയെ ക്ഷെമംകരിനാമം
കൊണ്ടും നടന്നുകൂടാത്ത വഴിഹെതുവായിട്ട ആരൊഹിപ്പാൻക
ഴിയാത്തതായ പൎവ്വതങ്ങളിൽ ഒരുവെളപൊകെണ്ടി വരികിൽ അ
വിടെ ശബരിയാകുന്ന നിന്തിരുവടിയെ ശബരീനാമംകൊണ്ടും
ഭൂതാദികളിൽനിന്നുള്ള ഭയങ്ങളിങ്കൽ മഹാഭൈരവിയാകുന്ന
നിന്തിരുവടിയെ മഹാഭൈരവീനാമംകൊണ്ടും ബുദ്ധിഭ്രമത്തിങ്കൽ
ത്രിപുരയാകുന്ന നിന്തിരുവടിയെ ത്രിപുരാ നാമംകൊണ്ടും ജല
ത്തിൽ തൊണി മറിഞ്ഞ മുങ്ങുവാനടുക്കുന്നതാൽ ആ സമയം താര
യാകുന്ന നിന്തിരുവടിയെ താരാനാമംകൊണ്ടും വിഭക്തിയാലെ
സ്മരിച്ചിട്ട ജനങ്ങൾ ആപത്തുകളെ കടക്കുന്നു.

൧൮ മായാകുണ്ഡലിനീക്രിയാമധുമതീകാളീകലാമാലിനീ
മാതംഗീവിജയാജയാഭഗവതീദെവീശിവാശാംഭവീ। ശക്തിശ്ശങ്കര
വല്ലഭാത്രിനയനാവാഗ്വാദിനീഭൈരവീ ഹ്രീംകാരീത്രിപുരാപരാ
പരമയീമാതാകുമാരീത്യസി॥

രൂപം—മായാ(ആ—സ്ത്രീ—പ്ര—ഏ)കുണ്ഡലിനീ(ഈ—സ്ത്രീ—പ്ര—
ഏ)ക്രിയാ (ആ—സ്ത്രീ—പ്ര—ഏ) മധുമതീ-കാളീ(ഈ—സ്ത്രീ—പ്ര—
ഏ) കലാ(ആ—സ്ത്രീ—പ്ര—ഏ)മാലിനീ-മാതംഗീ(ഈ—സ്ത്രീ—പ്ര—
ഏ) വിജയാ-ജയാ (ആ—സ്ത്രീ—പ്ര—ഏ) ഭഗവതീ-ദെവീ (ഈ—
സ്ത്രീ—പ്ര—ഏ) ശിവാ (ആ—സ്ത്രീ—പ്ര—ഏ) ശാംഭവീ (ഈ—സ്ത്രീ—

പ്ര—ഏ) ശക്തിഃ (ഇ—സ്ത്രീ—പ്ര—ഏ) ശംകരവല്ലഭാ-ത്രിനയനാ (ആ—സ്ത്രീ—പ്ര—ഏ) വാഗ്വാദിനീ—ഭൈരവീ—ഹ്രീംകാരീ (ഊം—സ്ത്രീ പ്ര—ഏ) ത്രിപുരാ (ഈ—സ്ത്രീ—പ്ര—ഏ) പരാപരമയീ (ഊം—സ്ത്രീ—പ്ര—ഏ) മാതാ (ഉ—സ്ത്രീ—പ്ര—ഏ) കുമാരീ (ഊം—സ്ത്രീ—പ്ര—ഏ) ഇതി (൨൦) അഷ്ടി (ലട്ട—പ—മ—പു—ഏ)

അ— താം—മായാ—കുണ്ഡലിനീ—ക്രിയാ—മധുമതീ—കാളീ—കലാ—മാലിനീ മാതംഗീ—വിജയാ—ജയാ—ഭഗവതീ—ദേവീ—ശിവാ—ശാംഭവീ—ശക്തിഃ—ശംകരവല്ലഭാ—ത്രിനയനാ—വാഗ്വാദിനീ—ഭൈരവീ—ഹ്രീംകാരീ—ത്രിപുരാ—പരാപരമയീ—മാതാ—കുമാരീ—ഇതി—അന്വയി—

അന്വ—നിന്തിരുവടി മായാ, കുണ്ഡലിനീ, ക്രിയാ, മധുമതീ, കാളീ, കലാ, മാലിനീ, മാതംഗീ, വിജയാ, ജയാ, ഭഗവതീ, ദേവീ, ശിവാ, ശാംഭവീ, ശക്തി, ശംകരവല്ലഭാ, ത്രിനയനാ, വാഗ്വാദിനീ, ഭൈരവീ, ഹ്രീംകാരീ, ത്രിപുരാ, പരാപരമയീ, മാതാവ, കുമാരീ എന്നിപ്രകാരം പ്രസിദ്ധമായി ഭവിക്കുന്നു.

പരി—മായാ=ഹ്രീംകാരം—കുണ്ഡലിനീ=ഐംകാരം—ക്രിയാ=ക്ലീംകാരം— മധുമതീ=മാതൃകാ— (അമ്പത്തൊന്ന് മൂലാക്ഷരങ്ങൾ എന്നതാൽപര്യം,) കാളീ=കാളീ എന്നു തുടങ്ങിയവ—(കലാ എന്നു തുടങ്ങി ശാംഭവീ എന്നുള്ള ഇവയെ രഹസ്യായതന്ത്രം അനുസരിച്ചു പരിഭാഷയെ ഉപദേശിച്ചുകൊണ്ടറിയേണം) ശക്തി=ബാലാബീജങ്ങളിൽ ഒന്നാമത്തെ. ശംകരവല്ലഭാ=മൂന്നാം ശക്തി. ത്രിനയനാ=കാമബീജം—വാഗ്വാദിനീ=വാഗീശ്വരീ—ഭൈരവീ=പഞ്ചകൂടവിദ്യാ. ഹ്രീംകാരീ=ഭുവനേശ്വരീബീജം. ത്രിപുരാ=ശ്രീസൌഭാഗ്യവിദ്യാ. പരാപരമയീ=ശിവശക്തിവിദ്യാ. മാതാവ=ഷോഡശാക്ഷവിദ്യാ— കുമാരീ=ബാലാ—

ഭാ—മായാദികളായ നാലുശബ്ദങ്ങൾ ലക്ഷണകൊണ്ടു മായാദി ശക്തികളുടെ ബീജങ്ങളെ പറയുന്നതുകളാകുന്നു—കാള്യാദികളായ പത്തു ശബ്ദങ്ങൾ നാമസാമ്യങ്ങളാകുന്നു. ശക്ത്യാദികളായ പത്തു ശബ്ദങ്ങൾ മേൽപ്രകാരം അതാതു ദേവതകളുടെ ബീജമന്ത്രങ്ങളെ പറയുന്നതുകളാകുന്നു. മായാബീജമെന്നത ഹ്രീം എന്നുള്ളതാകുന്നു. കുണ്ഡലിനീബീജം ബാലാബീജങ്ങളിൽ രണ്ടാമത്തേതാകുന്നു. ഇതിനാൽ മുമ്പെ വാഗ്ഭവമെന്ന സംജ്ഞയെ കാണിച്ചിട്ടുണ്ട്. ക്രിയാബീജം ബാലാബീജങ്ങളിൽ മൂന്നാമത്തേതാകുന്നു. മധുമതീ=മാതൃകാ എന്നു മേൽപ്പറയപ്പെട്ടതുകൊണ്ടു ശുദ്ധലിപി, വിന്ദുലിപി, വിസർഗ്ഗലിപി ഇങ്ങിനെ

മൂന്നുപ്രകാരമുള്ള ലിപികളെ ഗ്രഹിക്കുകയും വെണം. ശക്തി
ബീജം ബാലാബീജങ്ങളിൽ ഒടുക്കത്തെതാകുന്നു. തുരീയശക്തി
എന്നത ഹകാരസകാരരെഫസഹിതമായ ഔം എന്നതാകുന്നു.
ത്രിനയനാ=കാമബീജമെന്നത ബാലാബീജങ്ങളിൽ രണ്ടാമത്തെ
താകുന്നു. വാഗ്വാദിനീ=വാഗീശ്വരീ എന്നത ശബ്ദാനാംജന
നീത്വമെന്ന ശ്ലോകത്തിങ്കൽ സൂചിക്കപ്പെട്ട വാഗ്വാദിനീമന്ത്ര
മാകുന്നു. ഈയ്യത ഉപദെശം കൂടാതെ ഗ്രഹിക്കത്തക്കതായ വിധ
ത്തിലാകരുത എന്ന ആശയമുണ്ടാകയാൽ മെൽപറകപ്പെട്ട ശ്ലൊ
കത്തിന്റെ വ്യാഖ്യാനത്തിങ്കൽ മന്ത്രസൂചനയെകുറിച്ച ഒന്നും
പ്രസംഗിക്കപ്പെട്ടിട്ടില്ല. ഇവിടെയും അതിനെ വ്യക്തമാക്കുന്നി
ല്ല. ആഗമം—ശ്രുണുയാദ്വാജ്ഞനെശിഷ്യാഗ്ഗുരൊമൈഖമുഖാദിമം ।
വാഗ്വാദിന്യാമഹാമന്ത്രമന്യഥാന്മാമമാപ്നുയാൽ ॥ ശ്രാവയെ
ച്ഛിഷ്യമെകാന്തെവാചൈവാതിരഹസ്യയാ । അന്യഥാഗ്രാഹയ
ന്മൊഹാദല്പായുസ്സ്യാജ്ജഡൊപിച ॥ എന്നശൈവാഗമരഹസ്യ
മാകുന്നു പഞ്ചകൂടകവിദ്യാ എന്നത—ഹ്സ്ര്ക്ലീം എന്നാകുന്നു.
ഭുവനെശ്വരീബീജം ഹ്രീം എന്നാകുന്നു. ശ്രീസൌഭാഗ്യവിദ്യ
യുടെ സ്വരൂപം ൨൦ ശ്ലോകത്താൽ തന്നെ സൂചിക്കപ്പെട്ടിരി
ക്കുന്നു. ഇവിടെ മായ എന്നപദത്തിന്ന ഹ്രീംകാരമെന്നൎത്ഥമാ
കയാൽ ഹ്രീംകാരീ എന്നപുനരുക്തികൊണ്ടു് ക്രിയാ എന്നുള്ളപദ
ത്തിന്ന കാമബീജമെന്നൎത്ഥമുള്ളപ്പൊൾ ത്രിയാ എന്നതുകൊ
ണ്ടു അതിനെത്തന്നെപറകകൊണ്ടും വെറെ ഒരുഫലമില്ലായ്കയാ
ൽ ഈയ്യത സൌഭാഗ്യവിദ്യയെ സൂചിക്കെണ്ടതിനായിക്കൊണ്ടാ
കുന്നു എന്ന പൂൎവ്വാചാൎയ്യന്മാർ അംഗീകരിച്ചിരിക്കുന്നു, ഹകാര
സകാരസഹിതമായബീജത്തെ രണ്ടുപ്രാവശ്യം ഉച്ചരിച്ച മെൽ
പ്രകാരമിരിക്കുന്ന കാമബീജത്തെ മെൽപ്രകാരം ഉച്ചരിച്ചാൽ
ഈയ്യത സൌഭാഗ്യവിദ്യയാകുന്നു. ഹകാരസകാരങ്ങളെ പരാവ
ൎമദീപ്തി എന്നുള്ളതകൊണ്ടു ഗ്രഹിക്കുകയുംവെണം. ശിവശക്തിവി
ദ്യാ എന്നത ഹ്സ്ഖ്ഫ്രെഃ എന്നാകുന്നു. ദ്വാദശാൎദ്ധവിദ്യാ എന്നത ഷ
കാരസകാരരെഫക്ഷകാരലകാരഡകാരങ്ങളൊടുകൂടിയബാലയാ
കുന്നു. ഐം. ക്ലീം. സൌഃ ഇതിന്ന പെര ബാലാ എന്നാകുന്നു. മാ
തൃബീജങ്ങളും ലിപിയും കാള്യാദിനാമങ്ങളും ശക്തിബീജാദി
കളുംക്രമെണ ചെൎക്കപ്പെട്ടാൽ ഇതരെ മന്ത്രങ്ങളായി ഭവിക്കുക
യുംചെയ്യും ഹ്രീംഅംകാളീ സൌഃ ഇതഒന്നാമത്തെ മന്ത്രമാകുന്നു
ഇപ്രകാരം ശുദ്ധമാതൃകാദ്യാക്ഷരയൊഗത്തിങ്കൽ ഹ്രീംക്ഷകാളീ
സൌഃ എന്ന അവസാനമായി അമ്പത്തൊന്ന മന്ത്രങ്ങളും ഉ

ണ്ടാകും വിന്ദുമാതൃകയെ ചെൎത്താലും വിസൎഗ്ഗമാതൃകയെ ചെ
ൎത്താലും വെറെ രണ്ടുവകയായിട്ട അമ്പത്തൊന്നിത ഉണ്ടാകും
വിന്ദുവിസൎഗ്ഗോഭയാന്തമായിട്ടും ചെൎക്കാമെന്നും ഒരുപക്ഷമുണ്ടാ
കയാൽ അപ്പൊഴും അമ്പത്തൊന്നുമന്ത്രങ്ങൾ വെറെ ഉണ്ടാകും.
ആ പക്ഷത്തെ ഗ്രഹിക്കുമ്പൊൾ മധ്യമശബ്ദം ചതുൎവ്വിധലിപി
യെ പറയുന്നതാകുന്നു എന്ന ധരിച്ചുകൊൾകയും വെണം ലി
പയസ്ത്രിവിധായൊജ്യായുജ്യന്തൈന്യൈശ്ചതുൎവ്വിധാഃ। യഥാകാ
മന്ത്രസംഗ്രാഹ്യമെകൈകംവാഭയമീരിതം॥ എന്നാഗമമുണ്ട. എ
ന്നാൽ ആകെ ൨൦൪. ഒരുസംഖ്യ വാഗ്ഭവബീജത്തിന്റെയും കാ
മബീജത്തിന്റെയും യൊഗത്തിങ്കൽ പ്രത്യെകമുണ്ടാകുന്നതാക
കൊണ്ട ആകെ ൪൮ ഇങ്ങിനെ പത്തുനാമങ്ങളുടെ യൊഗ
ത്തിങ്കലും വരുന്നതാകകൊണ്ട ആകെ ൪,൮൦. ഒരുസംഖ്യ ശ
ക്ത്യാദികളായ പത്തിന്റെ യൊഗത്തിങ്കലുമുണ്ടാകകൊണ്ട ആ
കെ സംഖ്യാ ൪൮൨൦൦, കാളീനാമയൊഗത്തിങ്കൽ ചതുൎവ്വിധ
ലിപികളുടെയുംമായാസ്ഥാനത്തിങ്കൽവാഗ്ഭവകാമരാജങ്ങളുടെയും
ശക്തിസ്ഥാനത്തിങ്കൽ ശംകരവല്ലഭാദികളുടെയും യൊഗം ഹെ
തുവായിട്ട വരുന്ന മന്ത്രസംഖ്യ ആറായിരത്തൊരുനൂറ്റിരുപതി
ൽ കാളീനാമം ഉള്ളപ്പൊൾതന്നെ കലാനാമത്തെ ചെൎത്താലും
വിരൊധമില്ല. അതഹെതുവായിട്ട ഹ്രീം അകാളികലായൈ സ്വാഃ ഇ
ങ്ങിനെ ആദിയായിവരുന്ന സംഖ്യാ ൪,൮൦. ഒരു സംഖ്യ
മെൽപ്രകാരം മാലിന്യാദി യൊഗത്തിങ്കലുമുണ്ടാകയാൽ ആ
കെ ൫൭,൦൨൦. ഒരു സംഖ്യയൊടുകൂടെ മുൻപറഞ്ഞ സംഖ്യ
ആറായിരത്തൊരുനൂറ്റിരുപത ചെൎത്താലും അറുപത്തൊരായിര
ത്തഇരുനൂറ സംഖ്യഉണ്ടാകും. അറുപത്തൊരായിരത്തഇരുനൂറ
മുൻ പറയപ്പെട്ട പ്രകാരം ഉള്ളതൊടുകൂടി രണ്ടാമത കാണിക്ക
പ്പെട്ടപ്രകാരം അമ്പത്തയ്യായിരത്തഎണ്ണൂറ ചെൎത്താൽ ആകെ
൧൧൭൦൦൦. ഇങ്ങിനെലക്ഷ്മീംരാജകലെഎന്നുള്ള ശ്ലൊകത്തിങ്ക
ൽപറയപ്പെട്ടലക്ഷ്മ്യാദിനാമയൊജനകൊണ്ടുംമന്ത്രങ്ങൾസിദ്ധി
ക്കും. ലക്ഷ്മീനാമത്തിങ്കൽശ്രീം-അലക്ഷ്മീ-സ്വാഃ ഇത്യാദിമുൻപ
റയപ്പെട്ട പ്രകാരം ൪,൮൦. ഒരു സംഖ്യ ജയാദികളായിരിക്കു
ന്ന ഏഴുനാമങ്ങളിലുമുണ്ടാകയാൽ ആകെസംഖ്യാ ൨൮,൫൬൦.
ലക്ഷ്മീനാമം ഉള്ളപ്പൊൾ തന്നെ ജയാനാമവും ജയാനാമം ഉ
ള്ളപ്പൊൾതന്നെ ക്ഷെമംകരീനാമവും ഇത്യാദിക്രമെണ വരുന്ന
സംഖ്യാ ൨൪,൪൮൦. മുൻ പറയപ്പെട്ട നാല്പത്തീരായിരത്ത
ണ്ണൂറ്റനാല്പതൊട ചെൎത്താൽ ആകെ ൬൬,൩൨൦. ഇതു മുൻ കാ

ണിക്കപ്പെട്ട ലക്ഷത്തിൽപതിനാറായിരത്തെണ്ണൂറാറഎണ്ണത്തി
ൽ ചേൎത്താൽ ആകെ ഫ്രന്റ വൃം. ലക്ഷത്തിൽ പരം പതി
ണ്ണൂററയ്യായിരത്തെഎണ്ണൂറാറാമല്ലത മന്ത്രങ്ങൾ ഇവകൾകൊണ്ടു
ണ്ടാകുന്നു. അധികമായ വിസ്താരത്തെ സൎവ്വാൎത്ഥ ചിന്താമണി
യിൽ കണ്ടുകൊൾകയും വേണം.

ശ്ലോകാൎത്ഥസംക്ഷേപം—നിന്തിരുവടി മായാദിബീജമന്ത്ര
സഹസ്രമെന്ന പ്രസിദ്ധമായി ഭവിക്കുന്നു. അത്രയുമല്ല കാൎയ്യ
മിനാമങ്ങളോട്ടു കൂടിയവളായിട്ടും പ്രസിദ്ധയായി ഭവിക്കുന്നു.

ഐൻ ഒരംപല്ലവിതൈഃ പരസ്പരയുതൈൎദ്വിദ്വിക്രമാദക്ഷ
രൈഃ കാദ്യൈഃ ക്ഷാന്തഗതൈഃ സ്വരാദിഭിരഥക്ഷാന്തൈശ്ചതൈ
സ്സസ്വരൈഃ നാമാനി ത്രിപുരേ ഭവന്തി ഖലു യാന്യത്യന്തഗുഹ്യാനി
തേ തേഭ്യോ ഭൈരവപത്നി വിംശതിസഹസ്രേഭ്യഃ പരേഭ്യോ നമഃ॥

പദം— ആം രം പല്ലവിതൈഃ—പരസ്പരയുതൈഃ (അ—ന—ത്ര—ബ) ദ്വിദ്വിക്രമാൽ (അ—പു—പ—ഏ) അക്ഷരൈഃ—കാദ്യൈഃ ക്ഷാന്തഗതൈഃ (അ—ന—ത്ര—ബ) സ്വരാദിഭിഃ (ഇ—ഷ്ട—ത്ര—ബ) അഥ (അ) ക്ഷാന്തൈഃ (അ—ന—ത്ര—ബ) ച (അ) തൈഃ (തച്ഛ—ന—ത്ര—ബ) സസ്വരൈഃ (അ—ന—ത്ര—ബ) നാമാനി (ന—ന—പ്ര—ബ) ത്രിപുരേ (ആ—സ്ത്രീ—സം—പ്ര—ഏ) ഭവന്തി (ലട്ട—പ—പ്ര—പു—ബ) ഖലു (അ) യാനി (യച്ഛ—ന—പ്ര—ബ) അത്യന്തഗുഹ്യാനി (അ—ന—പ്ര—ബ) തേ (യുഷ്മ—ഷ—ഏ) തേഭ്യഃ (തച്ഛ—ന—ച—ബ) ഭൈരവപത്നി (ആ—സ്ത്രീ—സം—പ്ര—ഏ) വിംശതിസഹസ്രേഭ്യഃ (അ—ന—പ—ബ) പരേഭ്യഃ (അ—ന—ച—ബ) നമഃ (അ).

അ—ഹേ—ത്രിപുരേ—ഭൈരവപത്നി—ആംരംപല്ലവിതൈഃ—സ്വരാദിഭിഃ—ക്ഷാന്തഗതൈഃ—കാദ്യൈഃ—ദ്വിദ്വിക്രമാൽ—പരസ്പരയുതൈഃ—അഥ—സസ്വരൈഃ—ക്ഷാന്തൈഃ—തൈഃ—ച—അക്ഷരൈഃ—അത്യന്തഗുഹ്യാനി—തവ—യാനി—നാമാനി—ഭവന്തി—ഖലു—വിംശതി സഹസ്രേഭ്യഃ—പരേഭ്യഃ—തേഭ്യഃ—നമഃ.

അൎത്ഥം— അല്ലയോ ത്രിപുരയായുള്ളോരു ഭൈരവപത്നി ആം രം പല്ലവിതങ്ങളായി സ്വരാദികളായി ക്ഷാന്തഗതങ്ങളായിരിക്കുന്ന കാദ്യങ്ങളോടുകൂടിയതുകളായി ദ്വിദ്വിക്രമമെന്ന പരസ്പരയുതങ്ങളായും അനന്തരം സസ്വരങ്ങളായി ക്ഷാന്തങ്ങളായിരിക്കുന്ന അതുകളോടു സഹിതങ്ങളായും ഇരിക്കുന്ന അക്ഷരങ്ങൾകൊണ്ടു അത്യന്ത ഗുഹ്യങ്ങളായിരിക്കുന്ന നിന്തിരുവടിയുടെ യാവചില നാമങ്ങൾ ഭവിക്കുന്നുവൊ വിംശതി സഹസ്രങ്ങളിൽ

നിന്ന പരങ്ങളായിരിക്കുന്ന അളുകൾക്കായിക്കൊണ്ടുനമസ്കാരം.

പരി—— ഭൈരവപത്നീ=ഭൈരവന്റെപത്നി. ഭൈരവൻ=സ
ദാശിവൻ. പത്നീ=ഭാൎയ്യാ. ആ ഐം പല്ലവിതങ്ങൾ=ആഐംകൾ
കൊണ്ടു പല്ലവിതങ്ങൾ. ആഐംകൾ=ആകാരവും ഐംകാരവും. പ
ല്ലവിതങ്ങൾ=സഞ്ജാതങ്ങളായിരിക്കുന്ന പല്ലവങ്ങളോടുകൂടിയവ.
സഞ്ജാതങ്ങൾ=ഉണ്ടായവ. പല്ലവങ്ങൾ=തളിരുകൾ. സ്വരാദിക
ൾ=സ്വരങ്ങളാകുന്ന ആദികളോടുകൂടിയവ. സ്വരങ്ങൾ=അകാ
രാദിപതിനാറക്ഷരങ്ങൾ. ക്ഷാന്തഗതങ്ങൾ=ക്ഷാന്തത്തെ ഗത
ങ്ങൾ. ക്ഷാന്തം=ക്ഷ എന്നുള്ള അന്തം. അന്തം=അവസാനാക്ഷരം.
ഗതങ്ങൾ=പ്രാപ്തങ്ങൾ. കാദ്യങ്ങൾ=കകാരാദികൾ. ദ്വിദ്വിക്രമം=
രണ്ടുകളിൽഉള്ളദ്വിക്രമം. രണ്ടുകൾ=രണ്ടുഭാഗങ്ങൾ. ദ്വിക്രമം=ര
ണ്ടുകളുടെക്രമം. രണ്ടുകൾ=രണ്ടക്ഷരങ്ങൾ. ക്രമം=പ്രവേശം— പ
രസ്പരയുതങ്ങൾ=അന്യോന്യം ചേൎന്നവ (നന്നാലക്ഷരങ്ങളായി
ച്ചേൎന്നവ എന്നതാൽപൎയ്യം.) സസ്വരങ്ങൾ=സ്വരങ്ങളോടുകൂടിയ
വ— സ്വരങ്ങൾ=അകാരാദി പതിനാറക്ഷരങ്ങൾ. ക്ഷാന്തങ്ങൾ=
ക്ഷ എന്ന അന്തത്തോടുകൂടിയവ. അന്തം=അവസാനം. അളു
കൾ=കാദികൾ. അക്ഷരങ്ങൾ=അ-കാ-ഐം ഇത്യാദികളിൽചേ
ൎന്നിരിക്കുന്ന അകാരാദികൾ. അത്യന്തഗുഹ്യങ്ങൾ=ഏറ്റവുംഗുഹ്യ
ങ്ങൾ. ഗുഹ്യങ്ങൾ=ഗോപ്യങ്ങൾ. നാമങ്ങൾ=മന്ത്രങ്ങൾ വിംശതി
സഹസ്രങ്ങൾ=ഇരുപത സഹസ്രങ്ങൾ. (ഇരുപതിനായിരമെ
ന്നൎത്ഥം.) പരങ്ങൾ=അധികംസംഖ്യയോടു കൂടിയവ- അളുകൾ=
നാമങ്ങൾ.

സാ—— ആ ഐം പല്ലവിതൈഃ എന്നതുകൊണ്ടു ആകാരവും
ഐംകാരവുമാകുന്ന പല്ലവങ്ങളോടുകൂടിയവ എന്നുപറകപ്പെട്ടഅ
ൎത്ഥത്താൽ അവസാനത്തിങ്കൽ ആകാരത്തോടും ഐംകാരത്തോടും
ചേൎന്നവ എന്നുള്ള ഭാവം വ്യക്തമാക്കപ്പെടുന്നു ഐം ചേൎച്ച
ഏകകാലത്തിങ്കലാകുന്നു. സ്വരാദിഭിഃ എന്നതുകൊണ്ടു ആദിയി
ൽ അകാരാദ്യക്ഷരയോഗത്തെ പറഞ്ഞത ക്രമയോഗാഭിപ്രായ
ത്തോടുകൂടിയതാകുന്നു. ഐം രണ്ടുയോഗവും കകാരാദികളായഅളു
കൾക്ക സിദ്ധിക്കാമെന്നുള്ളതാകുന്നു. എന്നാലും ഒരുയോഗം വ്യ
വഹിതമായിട്ടും പറഞ്ഞിരിക്കയാൽ കാദിവൎണ്ണങ്ങൾ ഒന്നിലെ
ത്രചേൎക്കപ്പെടേണമെന്ന സംശയമുണ്ടാകും. അതിന്റെ പരി
ഹാരത്തിന്നായിക്കൊണ്ടു ദ്വിദ്വിക്രമാൽ പരസ്പരയുതൈഃ എന്ന
തിന്റെ അപേക്ഷ അല്ലോ ഇവിടെവേണ്ടിവരുന്നത. ആയത ഐം
വിധത്തിലായാൽ ചേരുകയില്ല. പരസ്പരങ്ങൾ സിദ്ധിച്ചിട്ടില്ലം.

അതുഹെതുവായിട്ട ക്ഷാന്തഗതൈഃകാദ്യൈഃ എന്നുള്ളത സഹാ
യത്തിങ്കലെ തൃതീയയാകുന്നു. സസ്വരൈഃ—ക്ഷാന്തൈഃ—തൈഃ—
ഇത്യും മെൽ പ്രകാരമാകുന്നു. അതഹെതുവായിട്ട അക്ഷരൈഃ എ
ന്നപദത്തിന്ന അക്ഷരസമൂഹങ്ങൾ എന്ന നിഷ്കൃഷ്ടമാകുന്നു. അ
തുകളുടെ ആദ്യാവയവങ്ങൾ അകാരാദികളാകുന്നു. അന്ത്യാവയ
വങ്ങൾ അം-ഒരം എന്ന രണ്ടക്ഷരങ്ങളാകുന്നു. മദ്ധ്യാവയവങ്ങൾ
കകാരാദികളാകുന്നു. ദ്വിദ്വിക്രമാൽ പരസ്പരയുതൈഃ എന്ന അ
ക്ഷരവിശെഷണംകൊണ്ട പരസ്പരയോഗം പറകപ്പെട്ടത സ
മൂഹത്തിങ്കൽ അന്തർഭൂതങ്ങളാകുന്ന വാസ്തവമായിട്ടുള്ളത. സ
മൂഹത്തിന്ന ഔപചാരികമാകുന്നു. ആ വിശെഷണത്തിന്ന പൂ
ൎവ്വോത്തരഭാഗങ്ങളിൽ ഒരം രണ്ടവൎണ്ണത്തിന്റെ പ്രവെശത്തെ
അനുസരിച്ച അന്യോന്യംചെൎന്നവ എന്ന താല്പൎയ്യമാകുന്നു.
അതഹെതുവായിട്ട മെൽപ്രകാരമുള്ള അക്ഷരങ്ങൾ കൊണ്ട ഉ
ണ്ടാകുന്ന നാമങ്ങൾ അ-കാ-ഒരം-ഇത്യാദികളായി അഃ കാ ഒരം
ഇത്യന്തങ്ങളായിട്ട പതിനാറാകുന്നു. ഇത കകാരാദി മുപ്പത്തഞ്ചു
അക്ഷരങ്ങളുടെയും യോഗത്തിങ്കൽ ഉണ്ടാകുന്നതാകകൊണ്ട ആ
കെസംഖ്യാ ൫൬൦. സസ്വരങ്ങളായി ക്ഷാന്തങ്ങളായിരിക്കുന്ന ക
കാരാദികളൊട്ട കൂടിയതുകളായും എന്നുള്ള വിശെഷണംകൊ
ണ്ട മെൽപറകപ്പെട്ട അക്ഷരങ്ങൾക്ക കെവലസ്വരയൊഗ
ത്തെ ഉപെക്ഷിച്ച സ്വരയുക്തങ്ങളായിരിക്കുന്ന കകാരാദികളുടെ
യൊഗത്തെ വിധിച്ചിരിക്കുന്നു. അതുഹെതുവായിട്ട മെൽപ്രകാ
രമുള്ള അക്ഷരങ്ങൾകൊണ്ടുണ്ടാകുന്ന നാമങ്ങൾ ക-കാ-ഒരം ഇ
ത്യാദികളാകുന്നു. ആകെസംഖ്യാ ൫൬൦. ഒരം സംഖ്യാവാദിയൊഗ
ത്തിങ്കലുമുണ്ടാകയാൽ ആകെസംഖ്യാ ൫൬൦. ഒരം സംഖ്യ ക-
ഖാ-ഒരം ഇത്യാദി ക്രമെണ മുപ്പത്തഞ്ചിന്നും സമാനമാകയാൽ
ആകെ ൧൯,൬൦൦. ഇതിൽ മുൻ പറകപ്പെട്ട അഞ്ഞൂറ്ററുപത
ചെൎന്നാൽ ആകെ നാമസംഖ്യാ ൨൦,൧൬൦. ഇതിൽ ഇരുപതി
നായിരം കഴിച്ച ഒരു നൂറ്ററുപത അധികമുണ്ടാകകൊണ്ടാകുന്നു
വിംശതിസഹസ്രെഭ്യഃ പരെഭ്യഃ എന്നുള്ള പരഗ്രഹണമെന്ന
അറിഞ്ഞുകൊൾകയും വെണം.

ശ്ലൊകാൎത്ഥസംക്ഷെപം——മെൽപ്രകാരമിരിക്കുന്ന നിന്തിരു
വടിയുടെ ഏറ്റവും ഗൊപ്യങ്ങളായിരിക്കുന്ന നാമങ്ങൾക്കായി
കൊണ്ട നമസ്കാരം എന്നാകുന്നു— നാമങ്ങൾക്കനമസ്കരിച്ചത
ധ്യാനം കൂടാതെ തന്നെ ജപിച്ചാൽ ഫലസിദ്ധിയെ ഉണ്ടാക്കുന്ന
തുകളാകനിമിത്തമായിട്ടുള്ള ണ്ടായബഹുമാനംഹെതുവായിട്ടാകുന്നു

൨൦. ബോദ്ധവ്യാ നിപുണം ബുധൈഃ സ്തുതിരിയം കൃത്വാ മന സ്തൽഗതം ഭാരത്യാസ്ത്രിപുരേത്യനന്യമനസോ യത്രാദ്യവൃത്തേ സ്ഫുടം । ഏകാദിത്രിപദക്രമേണ കഥിതസ്തൽപാദസംഖ്യാക്ഷരൈർ മന്ത്രോദ്ധാരവിധിർവിശേഷസഹിതഃ സത്സമ്പ്രദായാന്വിതഃ ॥

രൂപം——ബോദ്ധവ്യാ (ആ—സ്ത്രീ—പ്ര—ഏ) നിപുണം (ക്രി-വി) ബുധൈഃ (അ—പു—തൃ—ബ) സ്തുതിഃ (ഇ—സ്ത്രീ—പ്ര—ഏ) ഇയം (ഇദം—സ്ത്രീ—പ്ര-ഏ) കൃത്വാ (ക്ത്വാ—അ) മനഃ (സ—ന—ദ്വി—ഏ) തൽഗതം (അ—ന—ദ്വി—ഏ) ഭാരത്യാഃ (ഈ—സ്ത്രീ-ഷ-ഏ) ത്രിപുരാ (ആ—സ്ത്രീ—പ്ര—ഏ) ഇതി (അ) അനന്യമനസഃ (സ-പു—ഷ-ഏ) യത്ര (അ) ആദ്യവൃത്തേ (അ—ന— സ-ഏ) സ്ഫുടം (ക്രി—വി) ഏകാദിത്രിപദക്രമേണ (അ-പു-തൃ-ഏ) കഥിതഃ (അ പു-പ്ര-ഏ) തൽപാദസംഖ്യാക്ഷരൈഃ (അ-ന-തൃ—ബ) മന്ത്രോദ്ധാരവിധിഃ (ഇ—പു—പ്ര-ഏ) വിശേഷസഹിതഃ സത്സമ്പ്രദായാന്വിതഃ (അ—പു—പ്ര—ഏ)

ഹേ—ഖലു—ഭൈരവപത്നി ത്രിപുരാ—ഇതി—പ്രസിദ്ധായാഃ—ഭാരത്യാഃ—തവ—ഇയം—സ്തുതിഃ—ബുധൈഃ—മനഃ—തൽഗതം—കൃത്വാ—നിപുണം—ബോദ്ധവ്യാ—അനന്യമനസഃ—യത്ര—ആദ്യവൃത്തേ—ഏകാദിത്രിപദക്രമേണ—തൽപാദസംഖ്യാക്ഷരൈഃ— വിശേഷസഹിതഃ—സത്സമ്പ്രദായാന്വിതഃ—മന്ത്രോദ്ധാരവിധിഃ—സ്ഫുടം—കഥിതഃ-

അന്വ—— അല്ലയോ ഭൈരവപത്നീ ത്രിപുരാ എന്നു പ്രസിദ്ധയായി ഭാരതിയായിരിക്കുന്ന നിന്തിരുവടിയുടെ ഈ സ്തുതി ബുധന്മാരാൽ മനസ്സിനെ തൽഗതമാക്കിച്ചെയ്തിട്ടു നിപുണമാകുംവണ്ണം ബോദ്ധവ്യയായി ഭവിക്കുന്നു. അനന്യമനസ്സായിരിക്കുന്നവന്നു യാതൊന്നിങ്കലെ ആദ്യവൃത്തത്തിങ്കൽ ഏകാദിത്രിപദക്രമേണ തൽപാദസംഖ്യാക്ഷരങ്ങളെക്കൊണ്ടു വിശേഷസഹിതമായി സത്സമ്പ്രദായാന്വിതമായിരിക്കുന്ന മന്ത്രോദ്ധാരവിധി സ്പഷ്ടമാകുംവണ്ണം കഥിതമായി.

പരി—— ഭാരതീ=വാഗീശ്വരീ. സ്തുതി=സ്തോത്രം. ബുധന്മാർ=വിദ്വാന്മാർ. തൽഗതം=അതിനെ ഗമിച്ചത. അത=സ്തുതി. ഗമിക്ക=പ്രാപിക്ക. നിപുണം=സമീചീനം (വഴിപോലെ എന്നു താൽപര്യം) ബോദ്ധവ്യാ=ബോധിക്കപ്പെടുവാൻ യോഗ്യാ. ബോധിക്ക=അറിക. അനന്യമനസ്സ=അന്യമനസ്സല്ലാത്തവൻ. അന്യമനസ്സ=അന്യങ്ങളിങ്കൽ മനസ്സോടു കൂടിയവൻ. അന്യം=മറ്റൊരുവസ്തു (അല്ലായ്കിൽ— അനന്യമനസ്സ=അനന്യമായി

രിക്കുന്ന മനസ്സോടു കൂടിയവൻ. അനന്യം=അന്യത്തോടു കൂടാ
ത്തത. അന്യം=മറെറാന്ന. എന്നതന്നെ ഭാവം. യാതൊന്ന=സ്തു
തി. ആദ്യവൃത്തം=പ്രഥമശ്ലോകം. ഏകദ്വിത്രിപദക്രമം=ഏക
ദ്വിത്രിപദങ്ങളുടെ ക്രമം. ഏകദ്വിത്രിപദങ്ങൾ=ഏകദ്വിത്രിസം
ബന്ധികളായിരിക്കുന്ന പദങ്ങൾ. ഏകദ്വിത്രിസംബന്ധികൾ=
ഒന്ന രണ്ട മൂന്ന ഇവ സംഖ്യകളുടെ സംബന്ധമുള്ളവ. (ഒന്നാ
മത്തേതും രണ്ടാമത്തേതും മൂന്നാമത്തേതുമായിരിക്കുന്നവ എന്നതാ
ൽപര്യം.) പദങ്ങൾ=പാദങ്ങൾ. തൽപാദസംഖ്യാക്ഷരങ്ങൾ=
തൽപാദസംഖ്യാസംബന്ധികളായിരിക്കുന്ന അക്ഷരങ്ങൾ. ത
ൽപാദസംഖ്യാസംബന്ധികൾ=തൽപാദസംഖ്യകളുടെ സംബ
ന്ധത്തോടുകൂടിയവ. തൽപാദസംഖ്യകൾ=തൽപാദങ്ങളുടെസം
ഖ്യകൾ. തൽപാദങ്ങൾ=അതിന്റെപാദങ്ങൾ. അത=പ്രഥമ
ശ്ലോകം—(ഒന്നാമത്തെപാദത്തിന്റെ ആദ്യമായ അക്ഷരവും ര
ണ്ടാമത്തെ പാദത്തിന്റെ രണ്ടാമത്തെ അക്ഷരവും മൂന്നാമത്തെ
പാദത്തിന്റെ മൂന്നാമത്തെ അക്ഷരവും എന്നതാൽപര്യം.) വി
ശേഷസഹിതം=വിശേഷങ്ങളോടു കൂടിയത. വിശേഷങ്ങൾ=
ത്രിപുരാമന്ത്രവിശേഷങ്ങൾ. സൽസംപ്രദായാന്വിതം=സത്താ
യിരിക്കുന്ന സംപ്രദായത്തോടു കൂടിയത. സത്ത=നല്ലത. സംപ്ര
ദായം=പാരമ്പര്യോപദേശം. മന്ത്രോദ്ധാരവിധി=മന്ത്രോദ്ധാര
ത്തിന്റെ വിധി. മന്ത്രോദ്ധാരം=മന്ത്രത്തിന്റെഉദ്ധാരം. ഉദ്ധാ
രം=ഗ്രഹണം. വിധി=വിധാനം. സ്ഫുടം=സ്പഷ്ടം. കഥിതം=ക
ഥിക്കപ്പെട്ടത. കഥിക്ക=പറക.

സാ—ഹേ ഭൈരവപത്നി എന്നും തവ എന്നും പൂർവ്വശ്ലോക
ത്തിന്റെ അനുഷംഗം കൊണ്ട കിട്ടിയതാകുന്നു. ത്രിപുരാ ഇതി എ
ന്ന ഇതിശബ്ദം പ്രസിദ്ധിദ്യോതകമായിരിക്കയാൽ പ്രസിദ്ധാ
യാഃ എന്നചേർത്തിരിക്കുന്നു. ഭാരത്യാഃ എന്നവിശേഷണം വാ
സ്തവാഭിപ്രായേണ പറകപ്പെട്ടതാകുന്നു. സർവ്വത്തിന്നും ത്രിപു
രാത്മത ഉണ്ടാകകൊണ്ട എല്ലാനാമംകൊണ്ടെങ്കിലും പറയുന്നതി
ന്നവിരോധമില്ലെന്ന സിദ്ധാന്തമാകുന്നു. ഭൈരവപത്നി എ
ന്നുള്ള പദത്തിങ്കലെ ഭൈരവപദംകൊണ്ട പരമാത്മാവായിരി
ക്കുന്ന പരമേശ്വരനെ ഗ്രഹിച്ചിരിക്കകൊണ്ട സർവ്വത്തിന്നും ത
ദാത്മതക്ക വിരോധവുമില്ല. ഭാരത്യാഃ എന്നുള്ളവിശേഷണം
സ്തുതിയുടെ സാരസ്വതത്വത്തെ പ്രധാനമായി കാണിപ്പാനാ
യിക്കൊണ്ടാകുന്നു. വാഗീശ്വരീ സ്തുതിയാകകൊണ്ട ബുധന്മാ
രാൽ നിപുണമാകുംവണ്ണം ബോധിക്കപ്പെടുവാൻ യോഗ്യതയു

ണ്ടായിരുന്നാലും അവരുടെമനസ്സു അന്യഗതമായാൽ അയത
കഴികയില്ലല്ലൊ. അതുഹെതുവായിട്ടു മനസ്സിനെ തൽഗതമാക്കി
ചെയ്തിട്ടു എന്നുകൂടെപറകപ്പെട്ടു. അനന്യമനസ്സായിട്ടു തന്റെ
സ്തുതിയെ പരിശീലിപ്പാൻ തുടങ്ങുന്നവനെകുറിച്ചു ദയ ഹെതു
വായിട്ടു തന്നാൽ ചെയ്യപ്പെട്ട മന്ത്രാക്ഷരനിവെശങ്ങൾ അപ്ര
കാരമിരിക്കുന്നവന്നമാത്രം ഫലങ്ങളായിരിക്കുമെന്നതിനെ അ
നന്യമനസഃ എന്നതുകൊണ്ടുധ്വനിപ്പിച്ചിരിക്കുന്നു. മന്ത്രൊ
ദ്ധാരവിധിഃ സ്ഫുടംകഥിതഃ എന്നത പ്രായികസ്ഫുടതാഭിപ്രായ
ത്തൊടുകൂടിയതാകുന്നു. അതുഹെതുവായിട്ടു പ്രഥമപാദത്തിന്റെ
പ്രഥമാക്ഷരമായ ഐം എന്നും ദ്വിതീയപാദത്തിന്റെ ദ്വിതീ
യാക്ഷരമായിരിക്കുന്ന ക്ലീം എന്നും തൃതീയപാദത്തിങ്കലെതൃതീയാ
ക്ഷരമായിരിക്കുന്ന സൌഃ എന്നും ക്രമെണഹെത്താൽ ഐംക്ലീം
സൌ എന്നല്ലാതെ വിസൎഗ്ഗാന്തത്വം കിട്ടായ്കകൊണ്ടു സ്ഫുടതക്കു
ന്യൂനത ഉള്ളത ഇഷ്ടംതന്നെ. വിസൎഗ്ഗാന്ത്യത്വം ലഭിപ്പാൻ വഴി
യുമില്ലെന്നില്ല. സ്മൃതഃ എന്നുള്ളപദത്തിങ്കൽ ഉണ്ടല്ലൊ. അ
തിനെഗ്രഹിക്കാം വിസൎഗ്ഗം സകാരകാരണമാകയാൽ പ്രാ
ധാന്യമുണ്ടെന്നു വിചാരിച്ചിട്ടത്രെ മുമ്പെഅതിനെദൎശിപ്പിച്ചു
തഎന്ന അറിഞ്ഞുകൊൾകയും വെണം. വിശെഷമന്ത്രങ്ങൾ ഗ്ര
ഹിപ്പിപ്പാൻ വെറെഉപായത്തെ സംഗ്രഹിച്ചിരിക്കയാൽ വി
ശെഷസൂചിതഃ എന്നതുകൊണ്ടു വിശെഷിപ്പിച്ചിരിക്കുന്നു. ആ
യത പ്രഥമശ്ലൊകവ്യാഖ്യാനത്തിങ്കൽ സ്പഷ്ടമാകുന്നു, സൽസം
പ്രദായാനുചിതഃ എന്നത ആധുനികത്വഭ്രമത്തെ തടുത്ത പ്രാമാ
ണ്യസ്ഥാപനത്തിന്നായിക്കൊണ്ടാകുന്നു.

ശ്ലൊകാൎത്ഥസംക്ഷെപം — വിദ്വാന്മാരാൽ ഒരു സ്തുതി നല്ലവ
ണ്ണം മനസ്സിനെ ഒരു സ്തുതിയിലാക്കി ചെയ്തിട്ടു വഴിപൊലെ
അറികപ്പെടുവാൻയൊഗ്യയാകുന്നു. യാതൊരു ഒരുസ്തുതിയിങ്കൽ
ആദ്യശ്ലൊകത്തിന്റെ ആദ്യദ്വിതീയതൃതീയപാദങ്ങളിലെ ആദ്യ
ദ്വിതീയ തൃതീയാക്ഷരങ്ങൾകൊണ്ടു വിശെഷ മന്ത്രങ്ങളൊടുകൂടി
യ ബാലാമന്ത്ര ഗ്രഹണത്തിന്നായിക്കൊണ്ടു വെണ്ടുന്നസാ
ധനത്തെ പ്രായെണ വ്യക്തമാക്കി പറഞ്ഞിരിക്കുന്നു. മന്ത്ര
ഗ്രഹണത്തിന്ന വെണ്ടുന്നത മന്ത്രൊപദെശമാകുന്നു ഉപദെ
ശ രൂപമായ മന്ത്രഗ്രഹണ സാധനത്തെ മെൽപ്രകാരമുള്ള അ
ക്ഷരങ്ങൾകൊണ്ടു പ്രായെണ സ്പഷ്ടമാക്കി പറഞ്ഞിരിക്കുന്നു.
എന്നനിഷ്കൃഷ്ടമാകുന്നു.

൨൧. സാവദ്യംനിരവദ്യമസ്തുയദിവാകിംവാനയാചിന്തയാ

നൂനം സ്തോത്രമിദംപഠിഷ്യതിജനോയസ്യാസ്തിഭക്തിസ്ത്വയി॥ സ
ഞ്ചിന്ത്യാപിലഘുത്വമാത്മനിദൃഢംസഞ്ജായമാനംഹഠാത്ത്വൽഭ
ക്ത്യാമുഖരീകൃതേനരചിതംയസ്മാന്മയാപിധ്രുവം॥

രൂപം — സാവദ്യം-നിരവദ്യം (അ-ന-പ്ര ഏ) അസ്തു (ലോട്ട-പ-പ്ര-പു-ഏ) യദിവാ—കിംവാ (അ) അനയാ (ഇദം-സ്ത്രീ-തൃ-ഏ) ചിന്തയാ (ആ-സ്ത്രീ-തൃ-ഏ) നൂനം (അ) സ്തോത്രം (അ-ന-ദ്വി-ഏ) ഇദം (ഇദം-ന-ദ്വി-ഏ) പഠിഷ്യതി (ലൃട്ട-പ-പ്ര-പു-ഏ) ജനഃ (അ-പു-പ്ര-ഏ) യസ്യ (യച്ഛ-പു-ഷ-ഏ) അസ്തി (ലട്ട-പ-പ്ര-പു-ഏ) ഭക്തിഃ (ഇ-സ്ത്രീ-പ്ര-ഏ) ത്വയി (യുഷ്മ-സ-ഏ) സഞ്ചിന്ത്യ (ല്യ-ബ) അപി (അ) ലഘുത്വം (അ-ന-ദ്വി-ഏ) ആത്മനി (ന-പു-സ-ഏ) ദൃഢം (ക്രി-വി) സഞ്ജായമാനം (അ-ന-ദ്വി-ഏ) ഹഠാൽ (അ-ന-പ-ഏ) ത്വൽഭക്ത്യാ (ഇ-സ്ത്രീ-തൃ-ഏ) മുഖരീകൃതേന (അ-പു-തൃ-ഏ) രചിതം (അ-ന-പ്ര-ഏ) യസ്മാൽ (യച്ഛ-ന-പ-ഏ) മയാ (അസ്മ-തൃ-ഏ) അപി-ധ്രുവം (അ).

അ — സാവദ്യം—യദിവാ—നിരവദ്യം—അസ്തു—അനയാ—ചിന്തയാ—കിംവാ—യസ്യ—ത്വയി—ഭക്തിഃ—അസ്തി—സഃ—ജനഃ—ഇദം—സ്തോത്രം— പഠിഷ്യതി —നൂനം—യസ്മാൽ—ആത്മനി—ദൃഢം—സഞ്ജായമാനം—ലഘുത്വം—സഞ്ചിന്ത്യ—അപി—ത്വൽഭക്ത്യാ—ഹഠാൽ-മുഖരീകൃതേന—അല്പബുദ്ധിനാ—അപി—മയാ—രചിതം—ധ്രുവം

അന്വ — സാവദ്യമായിട്ടൊ നിരവദ്യമായിട്ടൊ ഭവിക്കട്ടെ. ഈ ചിന്തകൊണ്ട എന്താകുന്നു. യാവനൊരുത്തന്ന നിന്തിരുവടിയിങ്കൽ ഭക്തിഭവിക്കുന്നുവൊ ആ ജനം ഈ സ്തോത്രത്തെ പഠിക്കും നിശ്ചയം. യാതൊന്ന ഹെതുവായിട്ട ആത്മാവിങ്കൽ ദൃഢമാകുംവണ്ണം സഞ്ജായമാനമായിരിക്കുന്ന ലഘുത്വത്തെ വഴിപൊലെ ചിന്തിച്ചിട്ടും ത്വൽഭക്തിയാൽ ബലാൽകാരെണ മുഖരീകൃതനായിട്ട അല്പബുദ്ധിയായിരുന്നു എങ്കിലും എന്നാൽ രചിതമായി നിശ്ചയം.

പരി — സാവദ്യം=അവദ്യത്തൊടുകൂടിയത. അവദ്യം=ദൊഷം— നിരവദ്യം=അവദ്യത്തൊടുകൂടാത്തത— ചിന്താ=വിചാരം— സ്തോത്രം=സ്തുതി—ആത്മാവ=താൻ ദൃഢം=പ്രബലം, സഞ്ജായമാനം= വഴിപൊലെജനിച്ചിരിക്കുന്നത ജനിക്ക=ഉണ്ടാക— ലഘുത്വം=ലാഘവം. (പരിഹാസയോഗ്യതാ എന്നതാൽപര്യം.) ചിന്തിക്ക=വിചാരിക്ക. ത്വൽഭക്തി=നിന്തിരുവടിയിങ്കൽഉള്ളഭക്തി. മുഖരീകൃത ൻ=മുഖരനാക്കപ്പെട്ടവൻ മുഖരൻ=വാചാലൻ. (വളരെപറയു

ന്നവൻ(എന്നാൎത്ഥം) രചിതം=ഉണ്ടാക്കപ്പെട്ടത.

സാ— ശബ്ദാലംകാരാൎത്ഥാലങ്കാരരസപരിപൊഷാദികളൊടു കൂടാതെ ഇരിക്കിൽ ആ പ്രബന്ധം ദുഷ്ടമായിരിക്കും. എന്നാൽ ഇതിനെ ബുധന്മാർ അംഗീകരിക്കുമെന്നുള്ള ശംകയുടെ സമാധാനപരമാകുന്നു ൟ ശ്ലോകം.

ശ്ലോകാൎത്ഥസംക്ഷെപം— ൟ സ്തുതി ദൊഷത്തൊടു കൂടിയതായിട്ടൊ ദൊഷത്തൊടു കൂടാത്തതായിട്ടൊ ഭവിക്കും. ൟ വിചാരം കൊണ്ട സാദ്ധ്യമില്ല. യാവനൊരുത്തന്ന നിന്തിരുവടിയിങ്കൽ ഭക്തിഭവിക്കുന്നു അവൻ ഇതിനെ പഠിക്കുമെന്ന നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എന്ത ഹെതുവായിട്ടെന്നാൽ സ്തുതിപ്പാൻ പുറപ്പെട്ടാൽ തനിക്കു ബുദ്ധിപൊരായ്ക ഹെതുവായിട്ടു ജനങ്ങളുടെ പരിഹാസപാത്രത ഉടനെ സിദ്ധിക്കുമെന്നു വിചാരിച്ചു മടിച്ചിരിക്കുംപൊൾ എന്നെക്കൊണ്ട ൟ സ്തുതിയെ നിൎമ്മിപ്പിച്ചത നിന്തിരുവടിയിങ്കൽ ഉള്ള ഭക്തിയാകുന്നു എന്നതിന്ന സംശയമില്ല. അതുഹെതുവായിട്ടു ഭക്തന്മാരിലുള്ള ഭക്തി അവരെക്കൊണ്ട ൟ സ്തൊത്രത്തെ പഠിപ്പിക്കുമെന്നതിന്നും സംശയമില്ല എന്നാകുന്നു ചിന്തിപ്പാൻ സംഗതി കാണപ്പെടുന്നത എന്ന അഭിപ്രായമാകുന്നു.

ശ്ലൊ— അഭിമതസകലാൎത്ഥാനാമഭവാനൎത്ഥപ്രപഞ്ചശ്ചിത്തൈത്യ| അവലൊകയതാമചിരാദസ്തുസമാസൌ രഹസ്യകല്പതരുഃ||

ഇതിവാശാസൊപനാമകരാമാനന്ദനാഥചരണധ്യാ
നതത്പരശൈവേന്ദ്രവിരചിതരഹസ്യകല്പതരു
നാമകത്രിപുരാസ്തൊത്രവ്യാഖ്യാനം
സമാപ്തം.



മാന്യരെ;

വിശ്വവിശ്രുതനായി പഞ്ചതാംപ്രാപിച്ച ക
ക്കുളങ്ങരെ രാമവാരിയരവർകളാൽ നൂതനമായും
വിസ്തീർണ്ണമായും മലയാളത്തിൽ വ്യാഖ്യാനിക്ക
പ്പെട്ട അനേകതരം ഭാഷാവ്യാഖ്യാനങ്ങൾ അ
ഷ്ടാംഗഹൃദയ വൈദ്യപുസ്തകങ്ങൾ ആരോഗ്യക
ല്പദ്രുമം ബാലചികിത്സ എന്നിവകളും മററുയോ
ഗ്യന്മാരാൽ ഉണ്ടാക്കപ്പെട്ട യോഗം വേദാന്തം
മുതലായവകളും വിശേഷമായും ആദായവിലക്കും
ഈ അച്ചുകൂടത്തിൽ അടിച്ചു തയ്യാറുണ്ട. ഇവയു
ടെ വിശേഷതയെയും ഉപയോഗത്തെയും പററി
അനേകരും സാക്ഷിച്ചിട്ടുള്ളതും വായനക്കാർക്ക
നിഷ്പ്രയാസേന ഗ്രഹിപ്പാൻ കഴിയുന്നതും ആ
ന്നു.

വിശേഷതരം മലയാളഅക്ഷരങ്ങളും അവയുടെ
ചെമ്പുകളും (മാട്രിക്കു) വില്പാൻതയ്യാറുണ്ട- എ
ല്ലാത്തരം അച്ചടികളും വിശേഷമായും സഹായ
ചാർജ്ജിനും അടിച്ചുകൊടുക്കുന്നതാകുന്നു.

ആവശ്യക്കാർ താഴെകാണുന്ന മേൽവിലാസ
ത്തിൽ എഴുതിയാൽ പുസ്തകങ്ങളൊ ചാർജ്ജവി
വരലിസ്റ്റൊ മററൊ ഉടനെ അയച്ചുകൊടുക്കുന്ന
താണ.

എന്ന പി. സി. ജെയിംസ്
കൊ- പ്രൊപ്രൈറ്റർ
ശ്രീ വിദ്യാരത്നപ്രഭാ അച്ചുകൂടം
കുന്നംകുളം കൊച്ചിസംസ്ഥാനം